VOL.1 ISSUE 1 2020 JULY

# കെജിഒയു ബുള്ളറ്റിൻ

കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മുഖപത്രം






SF.No.450, Selakkarachal Village, SN Palayam, Lakshmi Nayakkan Palayam, Coimbatore - 641058
info@hilifetmt.com, Corporate Office: Palakkad

www.hilifetmt.com

# KGOU BULLETIN

2020 July
Vol 1 - Issue 1
For Private Circulation Only






**Chief Editor**
K. Vimalan

**Managing Editor**
Dr. Manoj Johnson

**Editor**
Dr. Babu Varghese

**Members**
V.M. Sreekanth
V.M Shine
Beena Poovathil
Dr. R. Rajesh
Ganga Prasad

**Circulation Manager**
Brijesh C.

**Printed & Published by**
K. Vimalan
President
Kerala Gazetted Officers' Union
KGOU Bhavan,
Thiruvananthapuram
Email: kgoubulletin@gmail.com

**Layout :** yasirdezign
**Illustration:** Gireesh Moozhippadam
**Printed at:** Speed offset printers
Areekode


# ആമുഖം



വളരെ സന്തോഷത്തോടെയാണ് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയന്റെ മാഗസിൻ പുനരാവിഷ്കരിച്ചു പ്രകാശനം ചെയ്യുന്നത്. ഇതു നമ്മുടെ കൂട്ടായ പ്രവർത്തന മികവിന്റെ സാക്ഷാത്കാരമാകുന്നു. സംഘടനയുടെ വിവിധ തട്ടിലുള്ള പ്രവർത്തനങ്ങൾ അംഗങ്ങൾ അറിയുന്നതിനും അംഗങ്ങളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സമകാലിക വിഷയങ്ങളിൽ അറിവ് നേടുന്നതിനും, സർക്കാരിന്റെ പ്രധാന ഉത്തരവുകളിൽ അവബോധം സൃഷ്ടിക്കാനും ജീവനക്കാർക്ക് ഈ മാഗസിൻ സഹായകമാകും എന്ന് വിശ്വസിക്കുന്നു.

ഒരു പ്രത്യേക സാഹചര്യത്തിലൂടെയാണ് ഈ വർത്തമാന കാലത്ത് ലോകം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. കോവിഡ് 19 എന്ന മഹാമാരി ലോകത്തുള്ള എല്ലാ മേഖലകളേയും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. നാളത്തെ ചരിത്രത്തിന്റെ ഭാഗമാകുന്ന വർത്തമാന കാലത്താണ് നാം ജീവിക്കുന്നത്. ഈ മഹാമാരിയിൽ നിന്നും കരകയറ്റുന്നതിന് കഠിനാദ്ധ്വാനം ചെയ്യുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗം സർക്കാൻ ജീവനക്കാരാണ്. സ്വന്തം ജീവനു തന്നെ ഭീഷണി നേരിട്ടുകൊണ്ടാണ് വിവിധ മേഖലകളിൽ സർക്കാരിന്റെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് ജീവനക്കാർ പ്രവർത്തിക്കുന്നത്. സാമൂഹിക പ്രതിബദ്ധതയോടെ ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തന ഫലമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് കോവഡ് 19-ന്റെ വ്യാപനം ഒരളവുവരെ നിയന്ത്രിക്കാൻ സാധിച്ചത്.

ഇടതുപക്ഷ സർക്കാർ അധികാരത്തിൽവന്നു നാലുവർഷം പിന്നിടുമ്പോൾ ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഒന്നൊന്നായി ഇല്ലാതായികൊണ്ടിരിക്കുന്നു. ജീവനക്കാരുടെ രണ്ടു മാസത്തെ ശമ്പളം പിടിച്ചെടുക്കുകയും ഒരു മാസത്തെ ലീവ് സറണ്ടർ മരവിപ്പിച്ചതുംവഴി മൂന്ന് മാസത്തെ ശമ്പളം നിഷേധിച്ചു, രണ്ടു വർഷമായി ഡി എ ഇല്ല, അഞ്ച് വർഷം കൂടുമ്പോഴുള്ള ശമ്പള പരിഷ്കരണം അട്ടിമറിച്ചു, ഭവന വായ്പാ പദ്ധതി ഇല്ലാതായി, ആരോഗ്യ ഇൻഷുറൻസ് ജീവനക്കാരുടെ സ്വപ്നമായി മാറി ഇങ്ങനെ പോകുന്നു ജീവനക്കാരുടെ പൊതുവായ നഷ്ടങ്ങൾ. ഇതിനുപരി മാനദണ്ഡങ്ങൾ കാറ്റിൽ പറത്തി ഒരു വിഭാഗം ജീവനക്കാരെ സ്ഥലം മാറ്റുന്നതുകാരണം അവർ നീതിയ്ക്കുവേണ്ടി കോടതിയിൽ കയറി ഇറങ്ങേണ്ട ധന ചെലവും കഷ്ടപ്പാടും. ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും നേടിയെടുത്തവ സംരക്ഷിക്കുന്നതിനും എന്നും മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന സംഘടനയാണ് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ. ഏതു പ്രതിസന്ധി ഘട്ടങ്ങളിലും ജനങ്ങളുടെ താങ്ങും തണലുമായി നിലനിന്നു പ്രവർത്തിക്കുന്ന ജീവനക്കാരുടെ ജീവിതം ഒരോ നാളുകൾ കഴിയും തോറും കൂടുതൽ ദുഷ്കരമാക്കുന്ന അവസ്ഥയാണ് ഇടത് സർക്കാറിന്റെ നാലു വർഷത്തെ ഭരണം കൊണ്ട് സംജാതമായിരിക്കുന്നത്. ജീവനക്കാർ ഇന്ന് നേരിടുന്ന കഷ്ടപ്പാടുകളിൽ നിന്നും കരകയറ്റുന്നതിന് ജീവനക്കാരെ വിശ്വാസത്തിൽ എടുത്തു ഭരണം നടത്തുന്ന സർക്കാറിന്റെ വരവിനായി ശക്തമായ പ്രവർത്തനവുമായി മുന്നോട്ട് പോകുന്നതിന് എല്ലാവരെയും ഈ അവസരത്തിൽ ആഹ്വാനം ചെയ്യുന്നു.

ഒരു ഇടവേളയ്ക്കു ശേഷം പ്രകാശനം ചെയ്യുന്ന നമ്മുടെ മാഗസിൻ തുടർന്നും പ്രസിദ്ധീകരിക്കുന്നതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ മാഗസിൻ യാഥാർത്ഥ്യമാകുന്നതിനു വേണ്ടി കഠിനാധ്വാനം ചെയ്ത എല്ലാവരെയും സംസ്ഥാന കമ്മിറ്റിയുടെ പേരിൽ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു.

**കെ. വിമലൻ**
സംസ്ഥാന പ്രസിഡന്റ്

CONTENT




06 ചരിത്രം ഇതുവരെ...
കെ. വിമലൻ (സംസ്ഥാന പ്രസിഡന്റ്)

10 നേരാർന്ന സേവനം കരുത്തുറ്റ പ്രവർത്തനം
ഡോ. മനോജ് ജോൺസൻ (ജനറൽ സെക്രട്ടറി)

13 Quarantine
Dr. Shashi Tharoor MP

17 ജി.എസ്സ്.ടിയും ഇൻഡ്യൻ സമ്പദ്ഘടനയും
എ. അബ്ദുൽ ഹാരീസ് (സംസ്ഥാന വൈസ് പ്രസിഡന്റ്)

19 ഉത്സവ നഗരിയിലെ കെ.ജി.ഒ.യു സമ്മേളനം
വി.എം. ഷൈൻ (സംസ്ഥാന സെക്രട്ടറി)

20 നൂറ്റാണ്ട് പിന്നിട്ട മലബാർ കോൺഗ്രസ് സമ്മേളനം: ഒരു പുനർവിവരണം
സി. ബ്രിജേഷ് (ജില്ലാ പ്രസിഡന്റ്, മലപ്പുറം)

22 ലിംഗസമത്വം – തുല്യനീതി ഉടച്ചുവാർക്കേണ്ട സാമൂഹ്യബോധം
ബീന പൂവ്വത്തിൽ (സംസ്ഥാന സെക്രട്ടറി)

24 കൊവിഡ്–19: ഔഷധരൂപകൽപ്പനയിൽ കമ്പ്യൂട്ടർ സംവിധാനങ്ങളുടെ ഉപയോഗം
പ്രൊഫ. അച്യുത് ശങ്കർ എസ്. നായർ

29 ചൈനയുടെ കടന്നു കയറ്റം ഉയർത്തുന്ന പ്രശ്നങ്ങൾ
പി.എസ്. ശ്രീകുമാർ

32 കോവിഡാനന്തരകാലം – വേണ്ടത് അതിജീവനത്തിനുള്ള വിദ്യാഭ്യാസം
ഡോ. റഷീദ് കെ. കിളിയായിൽ

34 സർക്കാർ ജീവനക്കാർ നേരിടുന്ന വെല്ലുവിളികൾ
രമേശൻ ബി

37 നോവൽ കൊറോണ ചെറിയ വൈറസ് അല്ല
മുഹമ്മദലി പോത്തുകാടൻ

40 ദേശീയ ആരോഗ്യ രംഗം തകർച്ചയിലേക്കോ?
ഡോ.ആർ.രാജേഷ്

42 ജീവിത നിപുണതകൾ
വിശ്വദാസ് വി.

47 ഭാരതത്തിന്റെ നാലതിരുകൾ കാക്കുന്ന ദുർഗയാണ് ഇന്ദിരാ പ്രിയദർശിനി
എ.ആർ. ജിതേന്ദ്രൻ

50 കോവിഡിന്റെ മറവിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു
എസ്.ബിനോജ്

57 Career planning Amidst covid-19
PT Abraham

58-62 KGOU NEWS

കഥ
15 സുഭാഷിതം
ബി. ഗോപകുമാർ
45 ഒഴിക്കിനൊപ്പം
അജയഗോപാൽ ജെ.എസ്.
52 കനൽ
സജിത്ത് മതിലകത്ത്

കവിത
31 വായിക്കാത്ത പുസ്തകം
കാർത്തിക അന്ന തോമസ്
36 കോവിഡ് കാലവർഷം
ഡോ. വിബിൻ ശിവറാം
39 വഴിവെട്ടുന്നവൻ
ജി. സിദ്ധാർത്ഥൻ

KGOU BULLETIN
2020 JULY - VOL. 1 ISSUE 1

# മുന്നേറാം മാറ്റത്തിനായ്...



ഓരോ രചനകളും നാം ജീവിക്കുന്ന കാലഘട്ടത്തിലേക്കുള്ള കൂട്ടിച്ചേർക്കലുകളും നമ്മുടെ പ്രവർത്തന മേഖലകളിലെ അടയാളപ്പെടുത്തലുകളുമാണ്. വിവിധ സേവനമേഖലകളിൽ പൊതു സമൂഹത്തിന്റെ ഉത്തമതാല്പര്യം സംരക്ഷിക്കാൻ എന്നും മുന്നിൽ നിൽക്കേണ്ടവരാണ് ജീവനക്കാർ. സംഭ്രാന്തിയുടെയും ജാഗ്രതയുടെയും അതിജീവനത്തിന്റേയും നാളുകളിലും സർഗാത്മകബോധത്തിലും സംഘ ബോധത്തിലും മുന്നേറാൻ നമുക്ക് കഴിയുന്നു എന്നതിന് തെളിവാണ് ഇതിലെ രചനകൾ. പുതിയ കാലഘട്ടത്തെ ചുവടുറപ്പോടെ സമീപിക്കുകയാണ് നമ്മൾ. വർത്തമാനകാലത്തിന്റെ പ്രഹേളികകളും സങ്കീർണ്ണ സമസ്യകളും ഏറ്റവും കൂടുതൽ തീവ്രമായും വ്യക്തമായും അനുഭവവേദ്യമാവുക അവകാശ സംരക്ഷണത്തിന്റെ പക്ഷത്തുനിന്ന് പ്രവർത്തിക്കുമ്പോഴാണ്. ജനമനസ്സുകളിൽനിന്നും സ്ഥാനം നഷ്ടമായി എന്നറിഞ്ഞിട്ടും ആ യാഥാർത്ഥ്യം അംഗീകരിക്കാതെ അഹങ്കാരത്തിന്റെ കിരീടവും ധരിച്ച് നീങ്ങുന്നവർക്ക് പുതിയ തിരിച്ചറിവുകളിലേക്കുള്ള പാത ഒരുങ്ങുകയാണ്. മേൽവിലാസങ്ങൾ ഇക്കൂട്ടർക്ക് നഷ്ടപ്പെടുന്ന കാലം വിദൂരമല്ല എന്നറിയുക.

അടിച്ചമർത്തലുകൾകൊണ്ടും പ്രതിലോമപ്രവർത്തനങ്ങളുംകൊണ്ടും തളർത്താനാവുന്നതല്ല ജനാധിപത്യ ബോധമുള്ള ജീവനക്കാരുടെ സംഘശക്തി. തൊഴിലിനെ കേവലം ഉപജീവനമായി മാത്രം കാണാത്ത, ഹൃദയംകൊണ്ട് സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം ഇന്നും കേരള സിവിൽ സർവീസ് മേഖലയിൽ സജീവമായി ഉണ്ടെന്ന തിരിച്ചറിവാണ് എല്ലാവർക്കും വേണ്ടത്. പ്രളയം കവർന്നെടുത്തപ്പോഴും മഹാമാരി പരിഭ്രമം പടർത്തിയപ്പോഴും അതിജീവനത്തിന്റെ സ്നേഹപ്രവാഹമായി മാറാൻ നമുക്കായത് നന്മയുടെപക്ഷത്ത് നിലയുറപ്പിച്ചതുകൊണ്ടാണ്. പരസ്പരം കരം പിടിക്കാൻ നമുക്ക് കഴിഞ്ഞത് സ്നേഹസംസ്കാരത്തിന്റെ, നിസ്വാർഥസേവനത്തിന്റെ നിർമ്മിതിയിൽ നിൽക്കാൻ ആയതുകൊണ്ടാണ്. സിവിൽ സർവീസ് രംഗത്തെ വരൾച്ചയുടെ ഈ കാലഘട്ടത്തിലും പൂത്തുലഞ്ഞുനിൽക്കാൻ നമുക്കാവുന്നത് ഏതു പ്രതിസന്ധിയിലും പിടിച്ചുനിൽക്കാനുള്ള ആത്മബലം നമുക്കുള്ളതുകൊണ്ടാണ്.

ജനപക്ഷത്തു നിന്നും സിവിൽ സർവീസിനെ നോക്കിക്കാണുകയും ഏറ്റവും മികച്ച സേവനം പൊതുസമൂഹത്തിന് നൽകുകയും ചെയ്യുന്ന ജനാധിപത്യ വിശ്വാസികളുടെ കൂട്ടായ്മയാണ് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ. ഭരണപക്ഷ താല്പര്യങ്ങൾക്ക് അനുസരണമായി സിവിൽ സർവീസിനെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന അപചയം ഇന്ന് പകൽ പോലെ വ്യക്തമാണ്. ഇതിനെതിരെ ശക്തമായി നീങ്ങാൻ നമുക്കാവും എന്നുറപ്പുണ്ട്. സംസ്ഥാന സിവിൽ സർവീസ് മേഖലയെ നവീകരിക്കാനും സിവിൽ സർവീസ്മേഖലയിൽ നടമാടുന്ന അപചയങ്ങൾക്കെതിരെ ശബ്ദമുയർത്താനും ഊർജ്ജം പകരുന്നതാവട്ടെ ഈ സംരംഭം. ഈ പത്രികയിലെ ഓരോ വരികളും കേരളത്തിന്റെ വികസന സ്വപ്നങ്ങൾ നെയ്തെടുക്കുന്ന ജീവനക്കാരന്റെ ആശകളിൽ നിന്നും ആശങ്കകളിൽ നിന്നും രൂപംകൊണ്ടതാണ്.

**ഡോ. ബാബു വർഗീസ്**
എഡിറ്റർ

**Rahul Gandhi**
MEMBER OF PARLIAMENT
LOK SABHA




## MESSAGE

I congratulate the Kerala Gazetted Officers' Union on its 35th Formation Day. Since its inception, the Union has tirelessly championed for the rights of its members.

Kerala's impressive track record on inclusive development has been made possible by the dedication and hardwork of successive generations of public officials. Faced with two consecutive floods and a global pandemic, Kerala has put up a spirited fight. Public officials like yourself have gone beyond your call of duty in these challenging times. I would like to commend the Kerala Gazetted Officers' Union for their contribution towards flood relief works and their sustained commitment to extending assistance during periods of crisis.

I wish all the members of the Kerala Gazetted Officers' Union success in their future endeavors and hope they continue to uphold the ethos of public service.

**Rahul Gandhi**

25th July 2020


12 Tughlak Lane, New Delhi - 110011



---


**OOMMEN CHANDY**
(PUTHUPPALLY)
MEMBER
KERALA LEGISLATIVE ASSEMBLY
KAROTTU VALLAKKALIL
PUTHUPALY
KOTTAYAM

PHONE :
KOTTAYAM : 2351135
THIRUVANANTHAPURAM
RESIDENCE : 2351135
OFFICE : 2315625
Fax: 0471-2315625

Mail : oommenchandymla@gmail.com


**7.7.2020**



## സന്ദേശം

കേരളത്തിലെ സിവിൽ സർവീസ് മേഖലയിലെ ഗസറ്റഡ് ഓഫീസർമാരുടെ സംഘടനയായ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ അതിന്റെ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 'കെ.ജി.ഒ.യു ബുള്ളറ്റിൻ' എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. സം സ്ഥാന സിവിൽ സർവീസ് രംഗത്തെ വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും, പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും കൂടാതെ മറ്റു സാമൂഹ്യ പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് അവതരിപ്പിക്കുന്നതിനും ഈ ഉദ്യമം സഹായകമാകും.

മൂന്ന് പതിറ്റാണ്ടിലേറെയായി കേരളത്തിലെ സർവീസ് മേഖലയിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന കെ.ജി.ഒ.യു-യുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവവും, ജനകീയവുമാവാൻ ഈ മാഗസിൻ പ്രവർത്തനം കൊണ്ട് സാധിക്കുമെന്നുറപ്പുണ്ട്. ഇതിനു മുൻകൈയെടുത്ത സംസ്ഥാന സമിതിയെ പ്രത്യേകം അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു.

**ഉമ്മൻ ചാണ്ടി**



**രമേശ് ചെന്നിത്തല**

**പ്രതിപക്ഷ നേതാവ്**

## സന്ദേശം

**7.7.2020**

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലേറെയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ മേഖലയിലെ കരുത്തുറ്റ പ്രസ്ഥാനമായ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മികവുറ്റ പ്രവർത്തനങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന സർവ്വീസ് മേഖലയിലും സാമൂഹ്യ രംഗത്തും വ്യക്തിമുദ്ര പതിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ഇതിനോടകംതന്നെ ഈ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കെ.ജി.ഒ.യു.വിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും സജീവവുമാക്കാൻ സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. സംഘടനയുടെ പ്രവർത്തനത്തെ കൂടുതൽ ശക്തമാക്കാൻ കെ.ജി.ഒ.യു. ബുള്ളറ്റിൻ എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ മാഗസിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. അതോടൊപ്പം ഈ സംരംഭത്തിന് നേതൃത്വം നൽകുന്ന കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന സമിതിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

**രമേശ് ചെന്നിത്തല**


കന്റോൺമെന്റ് ഹൗസ്, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033

ഫോൺ - ഓഫീസ്: 0471 - 2315625, 2512050 ഫാക്സ്: 0471-2315625 വസതി: 0471-2318330

മൊബൈൽ: 9447777100, 9400355551 E-mail: rameshchennithala@gmail.com


# KERALA PRADESH CONGRESS COMMITTEE



**Mullappally Ramachandran, Ex MP**
President

## സന്ദേശം

**7.7.2020**

കേരള ഗസറ്റഡ്  ഓഫീസേഴ്സ് യൂണിയൻ അതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. സിവിൽ സർവീസ് രംഗത്തെ പ്രവർത്തനങ്ങളെ അടുത്ത് അറിയുന്നതിനും സജീവമാക്കുന്നതിനും സർവീസ് രംഗത്തെ അപചയങ്ങൾക്കെതിരെ ശബ്ദം ഉയർത്തുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകും. കേരളത്തിലെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ വിവിധ വിഷയങ്ങളെ ചർച്ച ചെയ്യുന്നതിനും ഗുണപരമായ ഇടപെടലുകൾ നടത്തുന്നതിനും മാഗസിൻ പ്രവർത്തനംകൊണ്ട് സാധിക്കുമെന്നുറപ്പുണ്ട്. ജനാധിപത്യ ബോധമുള്ള ജീവനക്കാരെ വളർത്തിയെടുക്കാനും സിവിൽ സർവീസ് മേഖലയെ സക്രിയമാക്കാനും കെ.ജി.ഒ.യു.വിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ഇതുപോലൊരു മാഗസിൻ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന സമിതിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

**മുല്ലപ്പള്ളി രാമചന്ദ്രൻ**


Indira Bhavan, Thiruvananthapuram - 695 010. Mob: +91 9968691122, Phone: 0471 2723455,
Fax: 0471 2720629.  Web: www.kpcc.org.in, Email: pcckerala@gmai.com

# ചരിത്രം ഇതുവരെ...



ജനാധിപത്യ മതേതര വിശ്വാസികളായ ഗസറ്റഡ് ജീവനക്കാരുടെ സംഘടനയാണ് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ (KGOU). ജീവനക്കാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും നേടിയെടുത്തവ സംരക്ഷിക്കുന്നതിനും വേണ്ടി എന്നും മുൻ നിരയിൽ നിന്ന് പ്രവർത്തിക്കുന്ന സംഘടനയാണ് KGOU. ഈ സംഘടനയുടെ ആവിർഭാവം ലോകാരാധ്യയായ ഇന്ദിരാ പ്രിയദർശിനിയുടെ രക്തസാക്ഷിത്വത്തെ തുടർന്നാണ്. നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി തന്റെ ഓരോ തുള്ളി രക്തവും രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയക്കും അഭിവൃദ്ധിയ്ക്കും വേണ്ടി സമർപ്പിക്കുന്നു എന്ന് പറഞ്ഞു ഭുവനേശ്വറിൽ നടത്തിയ പ്രസംഗം ഇന്ന് ഇന്ത്യൻ ചരിത്രത്തിന്റെ ഭാഗമാണ്. കാരണം അതു ഇന്ദിരാജിയൂടെ അവസാനത്തെ പ്രസംഗം ആയിരുന്നു എന്ന് ഇന്ത്യൻ ജനത ഒരിക്കലും വിശ്വാസിച്ചില്ലായിരുന്നു. എന്നാൽ ആ പ്രസംഗം അന്വർത്ഥമാക്കുന്ന രീതിയിലായിരുന്നു അടുത്ത ദിവസം (31/10/1984, 9.29AM) മത തീവ്രവാദം സ്വന്തം മനസ്സിൽ സൂക്ഷിച്ചിരുന്ന അംഗരക്ഷകരുടെ വെടിയേറ്റ് ദാരുണമായ അന്ത്യം ലോകാരാധ്യയായ നമ്മുടെ രാജ്യത്തിന്റെ ഉരുക്ക് വനിത എന്ന വിശേഷണത്തിൽ അറിയപ്പെട്ടിരുന്ന പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിക്കു സംഭവിച്ചത്. ആ സംഭവം രാജ്യസ്നേഹികളായ ഓരോ ഇന്ത്യക്കാരനെയും ദുഃഖത്തിലാക്കുകയും ലോകരാജ്യങ്ങൾ നമ്മുടെ രാജ്യത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു.

ഈ ദുഃഖകരമായ സംഭവത്തിനു ശേഷം കേരളത്തിൽ ഗസറ്റഡ് മേഖലയിലുള്ള ഒരേയൊരു സംഘടനയായ കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനം 1985 ഏപ്രിൽ മാസം കൊല്ലം ജില്ലയിൽ നടത്തുന്നതിന് തീരുമാനമെടുത്തു. സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി ജില്ലാ സമ്മേളനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന കാലം. 1985 ഫെബ്രുവരി മാസം ആലപ്പുഴയിൽ നടന്ന ജില്ലാ സമ്മേളനത്തിൽ ഒരു കൂട്ടം ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ഓഫീസർമാർ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ ദാരുണമായ അന്ത്യത്തിൽ ഒരു അനുശോചന പ്രമേയം അവതരിപ്പിക്കണമെന്ന് ജില്ലാ നേതൃത്വത്തോട് ആവശ്യപ്പെട്ടു. എന്നാൽ വിഭാഗിക ചിന്താഗതിക്കാരായ അന്നത്തെ ജില്ലാ നേതൃത്വം അനുമതി നിഷേധിക്കുകയായിരുന്നു. ഈ നടപടി തുടർന്ന് അന്ന് ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത രാജ്യസ്നേഹികളായ ഗസറ്റഡ് ഓഫീസർമാർ പ്രതിഷേധ സ്വരവുമായി മുന്നോട്ട് വരുകയും ജില്ലാ സമ്മേളനം മുന്നോട്ട് കൊണ്ട് പോകുന്നതിന് തടസം ആകുകയും തുടർന്ന് സമ്മേളനം ഭംഗിയായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യവും ഉണ്ടായി. തുടർന്ന് നടന്ന ചർച്ചയിൽ സംസ്ഥാന സമ്മേളനത്തിന്റെ റിപ്പോർട്ടിൽ ലോക നേതാവിന്റെ ദാരുണമായ അന്ത്യത്തിൽ അനുശോചനം രേഖപ്പെടുത്താം എന്ന ധാരണയിൽ



കെ. വിമലൻ
സംസ്ഥാന പ്രസിഡന്റ്

**കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മികവാർന്ന പ്രവർത്തനങ്ങൾ ജീവനക്കാരുടെ ഇടയിൽ കാഴ്ച വെച്ചുകൊണ്ട് 35 വർഷം പൂർത്തികരിക്കുകയാണ്. ചിട്ടയായ പ്രവർത്തനത്തിലൂടെ ജനാധിപത്യ വിശ്വാസികളുടെ സംഘടനകളിൽ ഇന്ന് ഏറ്റവും അറിയപ്പെടുന്ന സംഘടനയാണ് കെ ജി ഒ യു. സംസ്ഥാന കമ്മിറ്റി, ജില്ലാ കമ്മിറ്റികൾ, താലൂക്ക്/ബ്രാഞ്ച് കമ്മിറ്റികൾ എന്നി സംവിധാനം സംഘടനയെ കൂടുതൽ കരുത്തുറ്റതാക്കുന്നു.**

എത്തി. ഈ തീരുമാനത്തോടെയാണ് അന്ന് ജില്ലാ സമ്മേളനം സമാപിച്ചത്.

1985 ഏപ്രിൽ മാസം കൊല്ലത്ത് ശ്രീ. സി. കേശവൻ മെമ്മോറിയൽ ഹാളിൽ അന്നത്തെ കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിന് തുടക്കം കുറിച്ചു. ആദ്യദിനം സംസ്ഥാന കൗൺസിൽ യോഗത്തോടെ സമ്മേളനം ആരംഭിച്ചു. ഈ കൗൺസിൽ യോഗത്തിലാണ് സംഘടനയുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നത്. ഈ വാർഷിക റിപ്പോർട്ടും ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ഓഫീസർമാരെ വീണ്ടും നിരാശപ്പെടുത്തുന്ന രീതിയിലാണ് തയ്യാറാക്കിയത് എന്ന് മനസിലാക്കി ഒരു പറ്റം കൗൺസിൽ അംഗങ്ങൾ യോഗത്തിൽ നിന്നും വിട്ടുനിന്നു. ഇവിടെയും വിഭാഗീയ ചിന്താഗതി പുലർത്തിയിരുന്ന സംഘടനയുടെ നേതൃത്വത്തിന്റെ മനോഭാവം ലോകാരാധ്യയായ ഇന്ദിരാജിയെ നിന്ദിക്കുന്നതായിരുന്നു. ആലപ്പുഴ ജില്ലാ സമ്മേളനത്തിൽ പറഞ്ഞ കാര്യം വിസ്മരിച്ചു കൊണ്ട് സംസ്ഥാന സമ്മേളന വാർഷിക റിപ്പോർട്ടിൽ ഇന്ദിരാ പ്രിയദർശിനിയുടെ രക്തസാക്ഷിത്വത്തിൽ അനുശോചനം രേഖപ്പെടുത്തുന്ന ഒരു വരി എഴുതി ചേർക്കാൻ വൈമുഖ്യം കാണിച്ച അന്നത്തെ KGOA യിലെ സംസ്ഥാന നേതാക്കൾക്ക് ചരിത്രം മാപ്പ് കൊടുക്കില്ല. ശ്രീമതി ഇന്ദിരാഗാന്ധി എന്ന ഉരുക്ക് വനിത ലോകം ആരാധിച്ചിരുന്ന ഭരണ കർത്താവ് എന്ന നിലയിലും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ പാകിയ ഭരണ കർത്താവ്, രാജ്യത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ദാരിദ്ര്യം ഇല്ലാതാക്കാൻ കാർഷിക വിപ്ലവം നടപ്പിലാക്കിയ ഭരണ കർത്താവ് എന്നനിലയിലും രാജ്യം ഇന്നും വളരെ ആദരവോടെ കാണുന്ന മഹത് വ്യക്തിയാണ്. ആ രാജ്യസ്നേഹിയോടു എങ്ങനെ അന്നത്തെ KGOA നേതൃത്വം അനാദരവ് കാണിച്ചു എന്ന ചോദ്യം ഇന്നും ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ജീവനക്കാരുടെ മുമ്പിൽ നിലനിൽക്കുന്നു.

സംസ്ഥാന സമ്മേളനത്തിന്റെ രണ്ടാം ദിവസം ഉദ്ഘാടന സമ്മേളനവും പ്രതിനിധി സമ്മേളനവും കഴിഞ്ഞതിനു ശേഷം ഒരു പ്രമേയം അവതരിപ്പിക്കുന്നതിനു വേണ്ടി ജനാധിപത്യ വിശ്വാസികളുടെ പ്രതിനിധിയായി ശ്രീ അമീർ ജാൻ വേദിയിൽ കയറുകയും ലോകാരാധ്യ നേതാവ് ഇന്ദിരാ പ്രിയദർശിനിയുടെ വേർപാടിൽ സംഘടന അനുശോചനം രേഖപ്പെടുത്തുന്ന പ്രമേയമാണ് ഇത് എന്ന് പറഞ്ഞുകൊണ്ട് പ്രമേയം വായിച്ചു തുടങ്ങി. പ്രമേയ അവതരണത്തെ തടസ്സപ്പെടുത്തി കൊണ്ട് യോഗം നിയന്ത്രിച്ച സംസ്ഥാന പ്രസിഡന്റ്തന്നെ മുന്നോട്ട് വരുകയും തുടർന്ന് രണ്ട് ചേരികളിൽ നിന്ന് വാക്കുതർക്കം ഉണ്ടാവുകയും ചെയ്തു. തുടർന്ന് സമ്മേളനം സംഘർഷത്തിൽ എത്തുന്ന സ്ഥിതിയായി. ഈ അവസരത്തിൽ സംഘർഷത്തിനു നിൽക്കാതെ ഇന്ദിരാപ്രിയദർശിനിയോടു അനാദരവ് കാണിച്ച KGOA സംസ്ഥാന നേതൃത്വത്തിന്റെ ധിക്കാര നടപടിയിൽ പ്രതിഷേധിച്ച് ഒരു കൂട്ടം ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ഓഫീസർമാർ ശ്രീ കെ പി രാധാകൃഷ്ണൻ, ശ്രീ എൻ ഗോപിനാഥൻ പിള്ള, ശ്രീ ഡി ചിദംബരൻ, ശ്രീ എസ് ജറോം, ശ്രീ വി കെ കേശവൻ നായർ, ശ്രീ അമീർ ജാൻ, ശ്രീ എം വി കുര്യൻ, ശ്രീ തർമൽ നാരായണൻ, ശ്രീ ശ്യാമുവൽ, ശ്രീ മൊയ്തീൻ ഹാജി, ശ്രീ കമലാധര പിള്ള എന്നിവരുടെ നേതൃത്വത്തിൽ യോഗത്തിൽ നിന്നും ഇറങ്ങിപ്പോകുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് കൊല്ലം PWD റസ്റ്റ് ഹൗസിൽ യോഗം കൂടുകയും ചെയ്തു. ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ജീവനക്കാരുടെ ഒരു താല്പര്യവും സംരക്ഷിക്കാതെ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ നിറം സംഘടനയിൽ കൊണ്ടുവരുന്നതിനു സംസ്ഥാന നേതൃത്വം നിരന്തരം ശ്രമിക്കുന്നതായും ഇങ്ങനെയുള്ള നേതൃത്വത്തേ അംഗീകരിച്ചു ഇനിയും മുന്നോട്ട് പോകാൻ കഴിയില്ല എന്നും യോഗം വിലയിരുത്തി. ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് KGOA



യുടെ പ്രവർത്തനത്തിൽ അതൃപ്തരായ ജനാധിപത്യ വിശ്വാസികളായ നേതാക്കളുടെ ഒരു യോഗം എറണാകുളത്ത് വെച്ച് കൂടുന്നതിന് തീരുമാനം എടുത്തു കൊണ്ടാണ് രാഷ്ട്രീയ ലേബലിൽ KGOA കൊല്ലത്ത് നടന്ന സമ്മേളനത്തോടു വിട പറഞ്ഞു കൊണ്ട് ഇനി പുതിയ സംഘടന എന്ന ദൃഢനിശ്ചയത്തോടെ അവിടെ നിന്നും യാത്രയായത്....

ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ഓഫീസർമാരെ നിരന്തരം വഞ്ചിക്കുകയും അവഹേളിക്കുകയും ചെയ്ത KGOA യ്ക്കു ബദലായി ഒരു സംഘടന രൂപീകരിക്കുന്നതിന് ജില്ലകളിൽ നിന്നും എത്തിച്ചേർന്ന പ്രധാന നേതാക്കളുടെ യോഗം എറണാകുളത്ത് വെച്ച് മുൻ നിശ്ചയിച്ച പ്രകാരം നടത്തി. ഈ യോഗത്തിൽ 13 നേതാക്കൾ പങ്കെടുത്തു. ഈ യോഗത്തിൽ പങ്കെടുത്തു കൊണ്ട് പുതിയ സംഘടന രൂപീകരിക്കുന്നതിന് മാർഗ നിർദേശങ്ങൾ നൽകിയ അന്നത്തെ എൻ ജി ഒ അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ കരുണാകരൻ പിള്ള സാറിനെ ഈ സംഘടനയ്ക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. സംഘടന രൂപീകരികരണവുമായി ബന്ധപ്പെട്ടു കൂടിയ യോഗത്തിൽ നടന്ന ചർച്ചയിൽ ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ഓഫീസർമാരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ശ്രീ കെ പി രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു ഫോറം രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചു. ശ്രീ കെ പി രാധാകൃഷ്ണൻ എൻ ജി ഒ അസോസിയേഷന്റെ മുൻ സംസ്ഥാന ട്രഷററും സെയിൽസ് ടാക്സ് വകുപ്പിലെ ഇന്റലിജൻസ് ഓഫീസറും ആയിരുന്നു. എല്ലാ ജില്ലകളിലും ഈ ഫോറത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനു ജില്ലാ കൺവീനർ മാരെയും യോഗത്തിൽ തെരഞ്ഞെടുത്തു.

കേരളത്തിൽ ഗസറ്റഡ് മേഖലയിൽ പുതിയ സംഘടന രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം ഗസറ്റഡ് ഓഫീസേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ശക്തമായ പ്രചാരണ പരിപാടികളോടെ ആരംഭിച്ചു. ഈ പ്രവർത്തനത്തിൽ ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ഓഫീസർമാരുടെ ഏകീകരണം എല്ലാ




ജില്ലകളിലും പ്രകടമായി കണ്ടു. ഇതു സംഘടന രൂപീകരിക്കുന്നതിന് അനുകൂല ഘടകമാണ് എന്ന് നേതാക്കൾ വിലയിരുത്തുകയും പുതിയ സംഘടന സ്ഥാപിച്ചു കൊണ്ട് സ്ഥാപക ദിന സമ്മേളനം നടത്തുന്നതിനുള്ള തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തു.

1985, ജൂലൈ 12-ാം തീയതി സംഘടന രൂപീകരണവുമായി ബന്ധപ്പെട്ട് സ്ഥാപകദിന സമ്മേളനം എറണാകുളത്ത് ബ്രദേഴ്സ് ഹോട്ടലിലെ കോൺഫറൻസ് ഹാളിൽവെച്ച് നടന്നു. സമ്മേളനം ഉദ്ഘാടനം ചെയ്യാൻ കെ പി സി സി പ്രസിഡന്റ് ശ്രീ എ കെ ആന്റണിയെയാണ് നിശ്ചയിച്ചതെങ്കിലും അദ്ദേഹത്തിന് പെട്ടെന്ന് ഉണ്ടായ അസൗകര്യം കാരണം കെ പി സി സി വൈസ് പ്രസിഡന്റ് ശ്രീ പി ബാലനാണ് ഈ സംഘടനയുടെ നാമം ഉച്ചരിച്ചു കൊണ്ട് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തത്. അന്ന് സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരും ഉച്ചത്തിൽ വിളിച്ചു പറഞ്ഞു കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സിന്ദാബാദ്...

സംഘടന രൂപീകരിച്ചു കൊണ്ട് നടത്തിയ ആദ്യ പ്രഖ്യാപനത്തിൽ തന്നെ വ്യക്തമാക്കിയ ഒരു കാര്യം ഈ സംഘടനയെ മറ്റു സംഘടനകളിൽ നിന്നും വ്യത്യസ്തമാക്കുന്നതായിരുന്നു. 'ഭരിക്കുന്ന കക്ഷിയുടെ നിറം നോക്കാതെ ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പോരാടും' എന്ന മുദ്രാവാക്യം സംഘടനയ്ക്ക് കരുത്തേകുന്നതിനോടൊപ്പം മുന്നോട്ട് നയിക്കാൻ ഇന്നും പ്രചോദനം നൽകുന്നു.

കേരളത്തിൽ ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് 1985, ജൂലൈ 12 ന് അങ്ങനെ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സ്ഥാപിതമായി. പ്രഥമ സ്ഥാപക ദിന സമ്മേളനത്തിൽ തന്നെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുകയും സംഘടനയെ നയിക്കുന്നതിന് ശ്രീ കെ പി രാധാകൃഷ്ണനെ സംസ്ഥാന പ്രസിഡന്റായും ശ്രീ. സി എ വാഹീദിനെ ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുക്കുകയും ചെയ്തു. സംഘടന രൂപീകരിച്ചു കൊണ്ടു നടന്ന സമ്മേളനം കേരളത്തിൽ വലിയ വാർത്താപ്രാധാന്യം സൃഷ്ടിച്ചിരുന്നു. ജനാധിപത്യ വിശ്വാസികളായ ഗസറ്റഡ് ജീവനക്കാർക്ക് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയന്റെ (കെ ജി ഒ യു) കൊടിക്കീഴിൽ അണിനിരന്നു കൊണ്ട് പ്രവർത്തിക്കാൻ 1985, ജൂലൈ 12 തുടക്കം കുറിച്ചു.

കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മികവാർന്ന പ്രവർ



ത്തനങ്ങൾ ജീവനക്കാരുടെ ഇടയിൽ കാഴ്ച വെച്ചുകൊണ്ട് 35 വർഷം പൂർത്തീകരിക്കുകയാണ്. ചിട്ടയായപ്രവർത്തനത്തിലൂടെ ജനാധിപത്യ വിശ്വാസികളുടെ സംഘടനകളിൽ ഇന്ന് ഏറ്റവും അറിയപ്പെടുന്ന സംഘടനയാണ് കെ ജി ഒ യു. സംസ്ഥാന കമ്മിറ്റി, ജില്ലാ കമ്മിറ്റികൾ, താലൂക്ക്/ബ്രാഞ്ച് കമ്മിറ്റികൾ എന്നി സംവിധാനം സംഘടനയെ കൂടുതൽ കരുത്തുറ്റതാക്കുന്നു.

ജീവനക്കാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള കാര്യങ്ങളിൽ ഇടപെടുന്നതിലും ഇന്ന് സംഘടന മുൻപന്തിയിലാണ്. സംഘടന ഒരോ കാലഘട്ടത്തിലും കഴിവിന്റെ പരമാവധി സഹായം സമൂഹ നന്മയ്ക്ക് വേണ്ടിയും ചെയ്തു വരുന്നു. അടുത്ത കാലങ്ങളിൽ ചെയ്ത കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

2018-ലെ പ്രളയത്തിൽ 5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. ഇതിനോടനുബന്ധിച്ച് പ്രളയത്തിൽ വീടു നഷ്ടപ്പെട്ട 8 പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുന്ന പരിപാടിയുമായി മുന്നോട്ട് പോകുന്നു. ഇതിൽ മൂന്നു വീടുകൾ ഇതിനകം കൈമാറി ബാക്കി വീടുകളുടെ പണി പുരോഗമിക്കുന്നു.

2019 - പ്രളയം ബാധിച്ച വയനാട്ടിലെ പുത്തുമലയിലും മലപ്പുറത്തെ കവളപ്പാറയിലും ഏകദേശം രണ്ടു ലക്ഷം രൂപ വീതം വിലമതിക്കുന്ന വീട്ടു സാധനങ്ങൾ നൽകി.

2020-ൽ, ഇപ്പോൾ, ലോക രാജ്യങ്ങൾ മുഴുവനും അഭിമുഖീകരിക്കുന്ന കൊറോണ വൈറസ് എന്ന മഹാമാരി നമ്മുടെ സംസ്ഥാനവും അഭിമുഖീകരിക്കുയാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധി കാരുണ്യ പ്രവർത്തനങ്ങൾ സംഘടന നടത്തി വരുന്നു. ഇതിൽ ഏറ്റവും പ്രധാനം ജില്ലാ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ നടന്ന ഭക്ഷ്യധാന്യകിറ്റ് വിതരണം, ആരോഗ്യ പ്രവർത്തകർക്കാവശ്യമായ മാസ്ക്, സാനിറ്റൈസർ വിതരണം, കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ ടെലിവിഷൻ വിതരണം തുടങ്ങിയവയായിരുന്നു.

സംസ്ഥാനത്ത് KGOU ഇന്ന് വളരെ കെട്ടുറപ്പുള്ള സംഘടനയായി വളർന്നു പന്തലിച്ചിരിക്കുന്നു. ഈ വളർച്ചയ്ക്ക് പിന്നിൽ ത്യാഗോജ്ജല പ്രവർത്തനങ്ങൾ കാഴ്ച വെച്ച നിരവധി പ്രവർത്തകരുണ്ട്, നേതാക്കളുണ്ട്. ഇവരെയെല്ലാം വളരെ നന്ദിയോടെ സ്മരിക്കുന്നു. സംഘടന സ്ഥാപിതമായതു മുതൽ സംഘടനയെ നയിച്ചിട്ടുള്ളവരും ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാന നേതാക്കളായ പ്രസിഡന്റുമാരെയും ജനറൽ സെക്രട്ടറിമാരെയും ഒന്നു പരിചയപ്പെടുത്തട്ടെ....

| പ്രസിഡന്റ് | ജന. സെക്രട്ടറി | വർഷം |
|---|---|---|
| ശ്രീ. കെ.പി. രാധാകൃഷ്ണൻ | ശ്രീ. സി.എ. വാഹിദ് | 1985-86 |
| ശ്രീ. കെ.പി. രാധാകൃഷ്ണൻ | ശ്രീ. എൻ. ഗോപിനാഥൻ | 1986-88 |
| ശ്രീ. കെ.പി. രാധാകൃഷ്ണൻ | ശ്രീ. വി. സദാശിവൻ | 1988-92 |
| ശ്രീ. കെ.പി. രാധാകൃഷ്ണൻ | ശ്രീ. ഡി. ചിദബംരൻ | 1992-96 |
| ശ്രീ. മൊയ്തീൻകോയ | ശ്രീ. ഡി.ചിദബംരൻ | 1996-02 |
| ശ്രീ. മൊയ്തീൻകോയ | ശ്രീ. എൻ.അരവിന്ദാക്ഷൻ | 2002-04 |
| ശ്രീ. ജോസ് കുര്യൻ കാട്ടുകാരൻ | ശ്രീ. എൻ.അരവിന്ദാക്ഷൻ | 2004-06 |
| ഡോ. പി.കെ. ജേക്കബ് | ശ്രീ. എം.പി. വേലായുധൻ | 2006-08 |
| ഡോ. പി.കെ. ജേക്കബ് | ശ്രീ. അബ്ദു റഹ്മാൻ | 2008-10 |
| ഡോ. പി.കെ. ജേക്കബ് | ശ്രീ. സി.രാജൻ പിള്ള | 2010-13 |
| ശ്രീ. സി. രാജൻ പിള്ള | ശ്രീ. എൻ. രവീന്ദ്രൻ | 2013-15 |
| ശ്രീ. സി. രാജൻ പിള്ള | ശ്രീ. എ്സ. അജയൻ | 2015-17 |
| ശ്രീ. എസ്. അജയൻ | ശ്രീ. ഇ.എം.ബാബു | 2017-18 |
| ശ്രീ. എസ്. അജയൻ | ശ്രീ. കെ. വിമലൻ | 2018-19 |
| ശ്രീ. കെ. വിമലൻ | ശ്രീ. ടി.എ. പദ്മകുമാർ | 2019-20 |
| ശ്രീ. കെ. വിമലൻ | ഡോ. മനോജ് ജോൺസൺ | 2020..... |

തുടർന്നും ജനസേവനത്തിന്റെ പാതയിൽ ജനപക്ഷത്തുനിന്നു പ്രവർത്തിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ഈ പ്രസ്ഥാനം എന്നും മുന്നിൽ തന്നെയുണ്ടാകും. ●

# നേരാർന്ന സേവനം
# കരുത്തുറ്റ പ്രവർത്തനം




ലോകാരാധ്യയായ ശ്രീമതി ഇന്ദിരാഗാന്ധിയുടെ സ്മരണകൾക്ക് മുൻപിൽ അശ്രുപുഷ്പങ്ങൾ അർപ്പിച്ചുകൊണ്ടാണ് 1985 ൽ KGOU രൂപീകരിക്കപ്പെട്ടത്. കഴിഞ്ഞ 35 വർഷങ്ങളായി ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി ഭരണത്തിൽ ആരെന്നു നോക്കാതെ പ്രക്ഷോഭ പാന്ഥാവിലായിരുന്നു സംഘടന. ഓരോ വർഷങ്ങൾ കഴിയുമ്പോഴും അംഗബലം കൊണ്ടും പ്രവർത്തന പരിചയസമ്പന്നത കൊണ്ടും കർത്താർജ്ജിച്ചു മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന സംഘടനക്ക് സുവർണ്ണ കാലമായിരുന്നു കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാരിന്റെ ഭരണകാലം

സംഘടനക്ക് ഏറ്റവും കൂടുതൽ പരിഗണന കിട്ടിയതിനു പുറമെ ജീവനക്കാരുടെ എല്ലാ ന്യായമായ ആവശ്യങ്ങളും അനുഭാവപൂർവ്വം പരിഗണിക്കപ്പെട്ടു . മുൻസർക്കാരിന്റെ കാലത്തെ ശമ്പളപരിഷ്കരണ റിപ്പോർട്ട് നടപ്പാക്കിയത് കൂടാതെ തങ്ങളുടെ കാലത്തെ പത്താം ശമ്പളപരിഷ്കരണ റിപ്പോർട്ടും നടപ്പിലാക്കി രണ്ടു ശമ്പളപരിഷ്കരണങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവന്ന സർക്കാർ എന്ന ഖ്യാതി നേടിയതിനു ശേഷമാണു ഉമ്മൻ ചാണ്ടി സർക്കാർ കാലാവധി പൂർത്തിയാക്കിയത്. നടപ്പിലാക്കേണ്ട തീയതിക്ക് 9 മാസം മുൻപ് തന്നെ പ്രഖ്യാപിച്ച പത്താം ശമ്പളപരിഷ്കരണ കമ്മീഷനിലൂടെ സ്വപ്നതുല്യമായ ശമ്പളപരിഷ്കരണമാണ് ജീവനക്കാർക്ക് ലഭിച്ചത്. ഏറ്റവും കുറഞ്ഞ ശമ്പളം 16500 രൂപയാക്കി ഉയർത്തിയതും, DCRG 7 ലക്ഷത്തിൽ നിന്നും 14 ലക്ഷമായി ഉയത്തിയതും, വീട്ടുവാടക ബത്ത കാലോചിതമായി പരിഷ്കരിച്ചതും, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയതും, LTC 6500 കിലോമീറ്റർ ആക്കി അനുവദിച്ചതും മറ്റും അതിലെ ചില പ്രമുഖ തീരുമാനങ്ങൾ മാത്രം. ക്ഷാമബത്ത അനുവദിക്കുവാനായി ഒരിക്കൽ പോലും പ്രക്ഷോഭരംഗത്തേക്ക് ജീവനക്കാർക്ക് ഇറങ്ങേണ്ടിവന്നില്ല. എല്ലാവർഷവും ഉത്സവബത്ത വർദ്ധിപ്പിച്ചു, സ്ഥലമാറ്റങ്ങളിൽ അനുഭാപൂർവ്വമായ സമീപനം കൊണ്ടുവന്നു. അങ്ങനെ ജീവനക്കാരുടെ സർവ്വതോന്മുഖങ്ങളായ എല്ലാ കാര്യങ്ങളിലും ഉമ്മൻ ചാണ്ടി സർക്കാർ പ്രത്യേക പരിഗണന നൽകിയിരുന്നു.

തുടർന്നുവന്ന പിണറായി സർക്കാർ അധികാരമേൽക്കുന്നതിനു മുൻപുതന്നെ രാഷ്ട്രീയപ്രേരിതമായ സ്ഥലംമാറ്റങ്ങൾ നടത്തി. രോഗികളെയും മറ്റു ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരെയും ഒരു പരിഗണനയും കൂടാതെ രാഷ്ട്രീയപ്രേരിതമായി ദൂരദിക്കുകളിലേക്ക് സ്ഥലംമാറ്റി. ആ നിലപാട് ഇപ്പോഴും തുടന്നുകൊണ്ടിരിക്കുന്നു. വിമർശനങ്ങളോട് അസഹിഷ്ണുത കൈക്കൊണ്ടു. തങ്ങളുടെ തെറ്റായ തിരുമാനങ്ങളെ വിമർശിക്കുന്ന ജീവനക്കാരെ സസ്പെൻഡ് ചെയ്തും, വൈര്യനിര്യതനബുദ്ധിയോടുള്ള സ്ഥലംമാറ്റങ്ങൾ നൽകിയും അടിച്ചമർത്തൽ ശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. DA അനുവദിച്ചിട്ടു രണ്ട് വർഷം കഴിഞ്ഞു. ഇടക്കാലാശ്വാസവും അനുവദിച്ചിട്ടില്ല. ജീവനക്കാരും പെൻഷൻ പറ്റിയവരും ഒട്ടേറെ പ്രതീക്ഷയോടെ ഉറ്റുനോക്കിയിരുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ MEDISEP ഉപേക്ഷിച്ച മട്ടാണ്. 2019 ജൂലൈയിൽ കരഗതമാകേണ്ട പതിനൊന്നാം ശമ്പള പരിഷ്കരണനടപടികൾ എങ്ങുമെത്തിയിട്ടില്ല, ലീവ് സറണ്ടർ തടഞ്ഞു, പ്രളയദുരിത കാലത്ത് സാലറി ചലഞ്ച് വഴി ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം ഭീഷണിപ്പെടുത്തി പിടിച്ചുപറിച്ചതിനു പുറമെ ഈ വർഷവും, കോവിഡ് കാലത്തിനുമുമ്പേ ഉണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പേരുപറഞ്ഞു ഓർഡിനൻസ് കൊണ്ടുവന്നു, ജീവനക്കാരന്റെ ശമ്പളം വീണ്ടും തട്ടിയെടുത്തു, കേരളചരിത്രത്തിൽ ആദ്യമായി ശമ്പളം വെട്ടിക്കുറച്ചുകൊണ്ട് കേരളാ സർക്കാർ ജീവനക്കാരോടുള്ള തങ്ങളുടെ മനോഭാവം വ്യക്തമാക്കി, ജീവനക്കാരന് സുഗമമായി ലഭിച്ചുകൊണ്ടിരുന്ന LTC ആനുകൂല്യം സങ്കീർണമാക്കി,



**ഡോ. മനോജ് ജോൺസൻ**
ജനറൽ സെക്രട്ടറി

ഭവനവായ്പ നിർത്തലാക്കി, സർവീസിൽ ഇരിക്കെ മരണപ്പെട്ട ജീവനക്കാരുടെ കുടുംബത്തിന് ആശ്രിതനിയമനം ലഭിക്കുന്നതുവരെ മുൻ സർക്കാർ അനുവദിച്ച ആനുകൂല്യം മുപ്പതുശതമാനമാക്കി ചുരുക്കി, പങ്കാളിത്തപെൻഷൻ ജീവനക്കാർക്ക് DCRG ഇല്ലാതെയാക്കി, DPC കൾ കൂടാത്തത് മൂലം പ്രൊമോഷൻ ലഭിക്കാതെ പെൻഷൻ പറ്റിയവർ തുടങ്ങി ഈ സർക്കാർ നടപ്പിലാക്കിയ ജീവനക്കാരെ ദ്രോഹിക്കുന്ന നടപടികളുടെ പട്ടിക വളരെ വലുതാണ്.

കോവിഡ് പ്രതിരോധത്തിലും സർക്കാർ അമ്പേ പരാജയപ്പെട്ടു. കൊട്ടിഘോഷിച്ച കേരളാ മോഡൽ വെറും നീർക്കുമിള ആണെന്ന് പെട്ടന്ന് വെളിപ്പെട്ടു. മുഴുവൻ പ്രവാസികളേയും ഉൾക്കൊള്ളാനുള്ള ക്വാറന്റൈൻ സൗകര്യം ഉണ്ടെന്നുള്ള അവകാശവാദവും വെറും പൊളിയായിരുന്നെന്നും പെട്ടന്ന് തെളിഞ്ഞു. ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിലും പി.ആർ. ഏജൻസികളെ ഉപയോഗിച്ചുള്ള സർക്കാരിന്റെ പരസ്യ പ്രചാരണം അപഹാസ്യമാണ്. അടിക്കുന്ന വഴിക്കു പോയില്ലെങ്കിൽ പോകുന്ന വഴിക്കു അടിക്കുക എന്ന നിലപാടിലാണ് കോവിഡ് കാര്യത്തിൽ കേരള സർക്കാർ

പൊതുജനങ്ങൾക്ക് ഏറ്റവും ഗുണപ്രദമായിരുന്ന കാരുണ്യ ബെനവലെന്റ് പദ്ധതി നിർത്തലാക്കി, പ്രളയസഹായധനമായ 10000 രൂപ പോലും ഇപ്പോഴും കിട്ടാത്ത പ്രളയബാധിതർ ഒട്ടേറെയുള്ളപ്പോൾ പ്രളയദുരിതാശ്വാസനിധിയിൽ നിന്നും ഭരണാനുകൂല സംഘടനാനേതാക്കൾ രാഷ്ട്രീയനേതൃത്വത്തിന്റെ മൗനാനുവാദത്തോടെ കോടികൾ തട്ടിച്ചു, യുവജനങ്ങൾ പ്രതീക്ഷയോടെ കണ്ടിരുന്ന PSC യുടെ വിശ്വാസ്യത കളഞ്ഞുകുളിച്ചു, കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ അപ്പാടെ തകിടംമറിഞ്ഞിരിക്കുന്നു, പുതിയ ഒരു വികസന പദ്ധതി പോലും പ്രഖ്യാപിക്കാതെ മേനിപറച്ചിൽ മാത്രമായി ചുരുങ്ങിയിരിക്കുന്നു സംസ്ഥാന ഭരണം.

മുന്നൊരുക്കങ്ങൾ ഇല്ലാതെ നടപ്പിലാക്കിയ നോട്ട് നിരോധനവും, അശാസ്ത്രിയമായി GST നടപ്പിലാക്കിയതും ഇന്ത്യയെ സാമ്പത്തിക മാന്ദ്യത്തിലേക്ക് കൂപ്പുകുതിച്ചു. മതപരമായ തിവ്രതനിലപാടുകൾ കൊണ്ടും ജാതീയമായ ഉച്ചനീചത്വ പീഡനങ്ങൾ കൊണ്ടും ബിജെപി ഭരണം രാജ്യത്തെ ലോകത്തിനു മുന്നിൽ അപഹാസ്യയാക്കി. ഒരു പാർട്ടി ഒരു നേതാവ് എന്ന നിലയിൽ ഗൂഢ ലക്ഷ്യത്തോടുകൂടി എതിർക്കുന്നവരെയെല്ലാം അടിച്ചമർത്തി കൊണ്ട് മുന്നോട്ടുപോകുകയാണ് മോദിസർക്കാർ. കോൺഗ്രസ് ഭരണകാലത്തു ഉണ്ടാക്കിയ പൊതുസ്ഥാപനങ്ങൾ എല്ലാം വിറ്റുതുലച്ചുകൊണ്ടിരിക്കുന്നു. ഭരണഘടനാസ്ഥാപനങ്ങളെയും കുറ്റാന്വേഷണ ഏജൻസികളെയും മൂക്കുകയർ ഇട്ടുകൊണ്ട് രാഷ്ട്രീയ പകപോക്കലുകൾക്കു അവയെ ഉപയോഗിക്കുന്നു. രാജ്യത്തെ പരമോന്നത നീതിപീഠം പോലും സംശയത്തിന്റെ നിഴലിൽ ആണ്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ വില കുത്തനെ കുറഞ്ഞിട്ടും ഭാരതത്തിലെ ഇന്ധനവില ദിവസേന കൂട്ടിക്കൊണ്ടു ജനദ്രോഹനടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നു പൗരത്വ നിയമം വഴി വർഗ്ഗിയ വിഭജനം നടത്താൻ തുനിഞ്ഞ കേന്ദ്രസർക്കാരിനെതിരെ രാജ്യമൊട്ടുക്ക് പ്രതിഷേധാഗ്നി ആളിക്കത്തി. ജീവനക്കാരിൽ പൗരത്വനിയമത്തെ കുറിച്ചുള്ള അവബോധം സൃഷ്ഠിക്കുവാനും ഭരണഘടനയിലെ മൗലികാവകാശങ്ങളെ കുറിച്ച് ബോധവൽക്കരിക്കുവാനും

**വൻ വിജയമായിരുന്ന 34–ാം സംസ്ഥാന സമ്മേളനം എന്നും ഓർക്കാൻ സുഖമുള്ള ഓർമ്മകളാണ് സമ്മാനിച്ചത്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിന് തിലകക്കുറി ചാർത്തിയ സമ്മേളനം, പ്രതിനിധികളുടെ എണ്ണം കൊണ്ടും വിശിഷ്ഠാതിഥികളുടെ സാന്നിധ്യം കൊണ്ടും പ്രൗഢ ഗംഭീരമായിരുന്നു.**



കെജിഒയു എല്ലാ ജില്ലകളിലും 2020 ജനുവരി 31 ന് സെമിനാറുകൾ നടത്തി.

ഈ സാഹചര്യത്തിൽ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയന്റെ പ്രവർത്തനങ്ങൾക്ക് ജീവനക്കാരുടെ ഇടയിലും പൊതുജനങ്ങളുടെ ഇടയിലും പ്രസക്തിയേറിയിട്ടുണ്ട്.

2018 ലെ പ്രളയവുമായി ബന്ധപെട്ടു സംഘടന പ്രളയബാധിതർക്കു വേണ്ടി 8 വീടുകൾ നിർമ്മിച്ച് കൈമാറാൻ തീരുമാനിച്ചതിൽ മൂന്നെണ്ണം




നിർമ്മാണം പൂർത്തീകരിച്ചു ഗുണഭോക്താക്കൾക്ക് കൈമാറി. 2 വീടുകൾ അടുത്തമാസം താമസത്തിനായി ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി മുന്ന് വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അതിനുപുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 5 ലക്ഷം രൂപ സംഘടന സംഭാവന നൽകുകയും ചെയ്തു.

2019 ലെ പ്രളയത്തിലും സംഘടന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ തന്നെയായിരുന്നു. ഏറ്റവും കൂടുതൽ ദുരന്തം നേരിട്ട മലപ്പുറത്തെ കവളപ്പാറയിലും വയനാട്ടിലെ കുത്തുമലയിലും കെജിഒയു ജില്ലാ കമ്മറ്റികളുമായി സഹകരിച്ചുകൊണ്ട് രണ്ടു ലക്ഷം രൂപയുടെ വീട്ടുപകരണങ്ങളും ഭക്ഷണകിറ്റുകളും വിതരണം ചെയ്തു.

ഈ കോവിഡ് കാലത്തും കെജിഒയു തങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ തന്നെയാണ്. എല്ലാ ജില്ലകളിലും ജില്ലാ കമ്മറ്റികളുടെ നേതൃത്വത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് ഭക്ഷണകിറ്റുകളും, മാസ്കും സാനിറ്റൈസറും, വീട്ടിൽ ടിവി ഇല്ല എന്ന കാരണത്താൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ പറ്റാതെ വിഷമത അനുഭവിക്കുന്ന കുട്ടികൾക്ക് ടിവികളും വിതരണം നടത്താൻ സാധിച്ചു.

ജനദ്രോഹപരവും ജീവനക്കാരെ അവഗണിക്കുന്നതുമായ സമീപനം കൈക്കൊണ്ടു മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന പിണറായി സർക്കാരിനെതിരെ പ്രക്ഷോഭപാതയിലാണ് ഏറെക്കാലമായി സംഘടന. രാഷ്ട്രീയ സ്ഥലംമാറ്റങ്ങൾക്കും അഭിപ്രായ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന നിലപാടുകൾക്കുമെതിരെ പലപ്രാവശ്യം സംഘടനക്കും അംഗങ്ങൾക്കും കോടതിയെ സമീപിച്ചു നീതി ഉറപ്പാക്കേണ്ടിവന്നു. ജീവനക്കാരുടെ അപ്പോസ്തോലന്മാർ എന്ന് സ്വയം അവകാശപ്പെടുന്ന ഭരണാനുകുല സർവീസ് സംഘടനകൾ ജീവനക്കാരന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരാൻ ഭീഷണിയുടെ സ്വരവുമായി സാലറി ചലഞ്ചുമായി വന്നു. നാല് ഗഡു ഡി.എ. കിട്ടാനുണ്ടെന്നുള്ള കാര്യം പോലും ഇപ്പോൾ ഇവർ മറന്ന മട്ടാണ്. സറണ്ടർ ആനുകൂല്യം തടഞ്ഞപ്പോഴും ഓർഡിനൻസ് വഴി ഒരുമാസത്തെ ശമ്പളം കൊള്ളയടിച്ചപ്പോഴും അവർ തങ്ങളുടെ രാഷ്ട്രീയ അടിമത്തം ഒന്നുകൂടെ ഊട്ടിയുറപ്പിച്ചു. 5 വർഷം കൂടുമ്പോൾ ജീവനക്കാരന് ലഭിച്ചുകൊണ്ടിരുന്ന ശമ്പളപരിഷ്കരണം നഷ്ടപെടുമെന്ന അവസ്ഥയിലാണ്. MEDISEP നെ കുറിച്ച് കേൾക്കാനേ ഇല്ല.

കഴിഞ്ഞ ഒന്നര വർഷത്തിനിടക്ക് 3 മാസശമ്പളങ്ങൾ ആണ് സർക്കാർ തടഞ്ഞു പിടിച്ചുപറിച്ചത്. ഈ കൊള്ളക്കെതിരെ സംഘടന ഹൈക്കോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്, അനുകൂല വിധി പ്രതീക്ഷിക്കുന്നു. മെഡിസെപ് നടപ്പിലാക്കാത്തതിനെതിരെ സംഘടന 2019 ജൂലൈ 29 നു ജില്ലാ കേന്ദ്രങ്ങളിലും സെക്രട്ടറിയേറ്റിലും ധർണ്ണയും പ്രകടനവും, ഇക്കാര്യത്തെ അധികരിച്ചു എല്ലാ ജില്ലകളിലും 2019 സെപ്റ്റംബർ 26 ന്, മെഡിസെപ് സെമിനാറും നടത്തി.

വൻ വിജയമായിരുന്ന മുപ്പത്തിനാലാം സംസ്ഥാന സമ്മേളനം എന്നും ഓർക്കാൻ സുഖമുള്ള ഓർമ്മകളാണ് സമ്മാനിച്ചത്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിന് തിലകക്കുറി ചാർത്തിയ സമ്മേളനം, പ്രതിനിധികളുടെ എണ്ണം കൊണ്ടും വിശിഷ്ടാതിഥികളുടെ സാന്നിധ്യം കൊണ്ടും പ്രൗഢഗംഭീരമായിരുന്നു. സമ്മേളനത്തിന്റെ ആവേശം കെട്ടടങ്ങുന്നതിനുമുമ്പേ കോവിഡ് എന്ന മഹാമാരി ലോകത്തെമൊത്തം നിശ്ചലമാക്കി. കേരളവും രണ്ടു മാസത്തോളം പൂർണ്ണമായും ലോക്ഡൗണിൽ ആയി. ലോക്ക്ഡൗൺ കാലത്തും സംഘടന പ്രവർത്തനങ്ങൾ ചടുലമായി തന്നെ മുന്നോട്ടുകൊണ്ടുപോകാൻ സംസ്ഥാന സമിതിക്കു സാധിച്ചിട്ടുണ്ട്. ജീവനക്കാരെ ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും കൃത്യസമയത്തു ഇടപെടാനും പരിഹാരം കാണുവാനും കഴിഞ്ഞു. ശമ്പളപരിഷ്കരണ കമ്മീഷന്റെ ചോദ്യാവലികൾക്ക് മറുപടി നൽകുവാനും പങ്കാളിത്ത പെൻഷൻ പുനരവലോകന കമ്മിഷനുമായി ചർച്ചകൾ നടത്തുവാനും കഴിഞ്ഞു. എല്ലാ ആഴ്ചയിലും വീഡിയോ കോൺഫറൻസ് വഴിയുള്ള മീറ്റിംഗ് നടത്തി ജില്ലകളുമായി ബന്ധങ്ങൾ ഊട്ടിയുറപ്പിച്ചുകൊണ്ടു പ്രവർത്തനങ്ങൾ സജീവമാക്കാൻ ശ്രദ്ധിച്ചു.

ഇനിയും നാം ഒട്ടേറെ മുന്നോട്ടു പോകേണ്ടതുണ്ട്. തടയപ്പെട്ട 4 ഗഡു DA, തട്ടിപ്പറിച്ച ഒരുമാസത്തെ ശമ്പളം, പിൻവലിച്ച സറണ്ടർ ആനുകൂല്യം, എങ്ങുമെത്താതെ കിടക്കുന്ന ശമ്പളപരിഷ്കരണം, വളരെയധികം പ്രതീക്ഷയോടെ കാത്തിരുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി മുതലായവ നേടിയെടുക്കേണ്ടതുണ്ട്. ശക്തമായ പ്രക്ഷോഭപാതയിലാണ് ഇക്കാര്യങ്ങളിൽ സംഘടന. ഒത്തൊരുമയോടെ ഏകമനസ്സോടെ നാം അടരാടിയാൽ കരഗതമാകാവുന്നതാണ് ഈ ന്യായമായ അവകാശങ്ങൾ. ഇവ നേടിയെടുക്കുന്നതുവരെ വിശ്രമമില്ലാതെ സമരപാതയിലായിരിക്കും സംഘടന. എല്ലാവരുടെയും അകമഴിഞ്ഞ സഹകരണവും വിശ്വാസവും മുൻകാലങ്ങളിൽ നല്കിയതുപോലെ ഇക്കാര്യങ്ങളിൽ ഇനിയും നൽകുമെന്ന വിശ്വാസത്തോടെ, ഒരു നല്ല നാളെക്കായി ഒത്തൊരുമിച്ചു പ്രയത്നിക്കാം പോരാടാം. ●

# QUARANTINE



**Dr. Shashi Tharoor MP**



The aim of quarantine is to prevent transmission of the disease from potentially infected persons to healthy persons during the incubation period.

Quarantine (noun), a period of enforced isolation for a person, animal, or object suspected of carrying a communicable disease.

Usage: Wuhan has been placed under quarantine and people arriving from China are also facing temporary isolation.

The epidemic of novel coronavirus (NCOVID) sweeping across China and potentially threatening the world has suddenly brought the word "quarantine" into widespread use. The term goes back to the 1660s, when disease was often carried across the seas on ships, and referred to the period a ship suspected of carrying disease was kept in isolation. Quarantine came from the Italian quarantinagiorni, literally "space of forty days," from quaranta (forty) and giorni (days), in keeping with the Venetian policy (first enforced in 1377) of keeping ships from plague-stricken countries waiting off its port for 40 days to assure that no communicable cases were aboard, since no effective treatment or cure was known then. After three centuries of this practice in Italy, the broader sense of "any period of forced isolation" emerged. Initially, the Venetians reacted to the bubonic plague, known notoriously as the Black Death, which was spreading through Europe between 1347-50 (it is estimated that one-third of Europe's population died). The Great Council of Ragusa passed a law establishing trentino, or a 30-day period of isolation for ships arriving from plague-affected areas. When in 1377 the isolation period was extended from 30 to 40 days, the term changed from trentino to quarantino. Interestingly, in English the word quarantine had an earlier meaning, that of a period of 40 days in which a widow had the right (and some say, the obligation) to remain in her dead husband's house (1520s), and even earlier, as quarentyne, it had religious connotations, referring to the time in the desert in which Christ fasted for 40 days, Moses' time on Mount Sinai, and the Catholic observation of Lent, a 40-day period of spiritual purification. Now its usage is perhaps more common and more banal, as in "My dog had to be quarantined when I moved back to India." Then Indian students evacuated from the Wuhan area are "in quarantine" in Manesar, along with the brave diplomats (one of them a nephew of mine) who went to arrange their evacuation.



When an outbreak of SARS (severe acute respiratory syndrome) moved through Canada in 2003, about 30,000 people in Toronto were quarantined. Epidemiologists (experts in the spread of disease) are still debating whether it effectively helped to control the spread of disease, but in any case, during the 2014 Ebola outbreak in West Africa, health workers returning to the United States from affected areas were quarantined. The aim of quarantine is to prevent transmission of the disease from potentially infected persons to healthy persons during the incubation period. Quarantine can take two forms: absolute or complete quarantine, which consists of a limitation of freedom for a period equal to the longest usual incubation period of the disease; and modified quarantine, which involves selective or partial limitation of movement, such as the exclusion of children from school or the confining of military personnel to their base. It therefore involves infringing upon the liberty of outwardly healthy people, and this has both legal and ethical implications which should not be taken lightly. Few infectious diseases have an incubation time or infective period greater than forty days -- except rabies, which may not show up for several months. That is why animals that may have been exposed to rabies are quarantined for many months when they arrive in other countries. HIV (human immunodeficiency virus) does have a longer incubation period than SARS or NCOVID, but human rights advocates have ensured there is no quarantine for potential carriers of that infection, which in any case cannot be spread as easily as SARS or NCOVID. In 1969 the World Health Organization issued international health regulations for just four designated quarantinable diseases: cholera, plague, yellow fever, and smallpox. Smallpox was proclaimed eradicated by WHO in 1979, and the other diseases on the list are relatively rare, so the quarantine stations that were formerly common in many seaports around the world have been abandoned, taken down, or converted into holiday resorts. Quarantine law and regulations still apply in many countries, however, to protect animals and plants of economic importance from exotic diseases. Animal and plant quarantine procedures are often as important as human quarantine. The economic importance of agriculture and animal husbandry in many countries makes it vital for them to keep out diseases that might wipe out valuable cattle herds or destroy a season's harvest. Quarantine is usually always used literally, but that doesn't prevent us from applying the word metaphorically, as in: "I would love to quarantine his bigoted communal ideas to prevent them infecting more people." ●

കഥ



ബി. ഗോപകുമാർ
സംസ്ഥാന വൈസ് പ്രസിഡന്റ്

# സുഭാഷിതം



മുത്തശ്ശിയുടെ രാമായണ പാരായണം കേട്ടു കൊണ്ടാണ് സുഭാഷ് ഉണർന്നത്.

ജാനകീദേവിയോടും കൂടി രാഘവ-
നാനന്ദമുൾകൊണ്ടു രാജഭോഗമ്പിതം
അശ്വമേധാദിയാം യാഗവും ചെയ്തു
വിശ്വപവിത്രയാം കീർത്തിയും പൊങ്ങിച്ചു
നിശ്ശേഷസൗഖ്യം വരുത്തി പ്രജകൾക്കു
വിശ്വമെല്ലാം പരിപാലിച്ചരുളിനാൻ.

മുത്തശ്ശി ഇമ്പമുള്ള ശബ്ദത്തിൽ രാമരാജ്യത്തെക്കുറിച്ചു വർണ്ണിക്കുന്ന രാമായണഭാഗം ചൊല്ലുകയാണ്. സുഭാഷ് കുറച്ചുസമയം അതു ശ്രദ്ധിച്ചുകിടന്നു.

പെട്ടെന്ന് അവന്റെ മൊബൈൽ ഫോൺ റിംഗ് ചെയ്യാൻ തുടങ്ങി. സുഭാഷ് ഫോണെടുത്തു. കൂട്ടുകാരനാണ്.

ഹലോ. എടാ സുബി ഇന്ന് ഒരു മീറ്റിംഗ് ഉണ്ട്. ടൗൺഹാളിൽ വച്ചാണ്. നീ വേഗം അങ്ങോട്ടുവരണം കെട്ടോ.

ശരി. ഞാൻ വന്നേക്കാം.

അവൻ ഫോൺ കട്ടു ചെയ്തിട്ടു കുളിച്ചു റെഡിയായി അടുക്കളയിൽ എത്തി.

അമ്മേ, വല്ലതും കഴിക്കാൻ തരൂ..

അമ്മ അത്ഭുതത്തോടെ അവന്റെ മുഖത്തേക്ക് നോക്കി.

നീ രാവിലെ തന്നെ എങ്ങോട്ടാ?

അമ്മ  നീട്ടിയ പ്ലേറ്റിലെ ദോശയും ചമ്മന്തിയും വാരി വിഴുങ്ങുന്നതിനിടയിൽ അവൻ പറഞ്ഞു.

ഇന്ന് പാർട്ടിയുടെ മീറ്റിംഗ് ഉണ്ട്.

അമ്മ അവനെ ദേഷ്യത്തോടെ നോക്കിക്കൊണ്ട് പറഞ്ഞു.

എടാ, നീ ഈ പാർട്ടി കളിച്ചു നടക്കുന്നത് അത്ര നല്ലതിനല്ല കെട്ടോ. പോയി വല്ലതും രണ്ടക്ഷരം പഠിക്കാൻ നോക്ക്.

അവൻ അവരെ നിസ്സംഗതയോടെ ഒന്നു നോക്കി.

ഒന്നും മിണ്ടാതെ പ്ലേറ്റ് ടേബിളിൽ വച്ചിട്ട് കൈ കഴുകി.

സുഭാഷ് സൈക്കിൾ കയറി ടൗൺഹാളിലേക്ക് പാഞ്ഞു.

അവന്റെ യുവത്വത്തിന് അമ്മയുടെ വാക്കുകൾ ഉൾകൊള്ളാൻ കഴിഞ്ഞില്ല.

സുഭാഷ് എത്തിയപ്പോൾ മീറ്റിംഗ് തുടങ്ങിയിരുന്നു. പാർട്ടിയുടെ യുവനേതാവ് രാമരാജ്യത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നു. രാമരാജ്യത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത നേതാവ് യുവാക്കളെ പറഞ്ഞുമനസ്സിലാക്കി. ഒരു കാരണവശാലും ആരുടെയും മുന്നിൽ മുട്ടുമടക്കരുതെന്നും ഏതു തടസ്സവും വെട്ടിമാറ്റി ധൈര്യപൂർവം മുന്നേറണമെന്നുമൊക്കെ നേതാവ് പ്രസംഗിച്ചു. അവരുടെ യുവരക്തം തിളച്ചു. അവൻ ആവേശത്തോടെ അതുകേട്ടിരുന്നു.

അഞ്ചു മണിക്ക് മീറ്റിംഗ് കഴിഞ്ഞു. നേതാവ് നിറച്ചുകൊടുത്ത ആവേശത്തോടെ കൂട്ടുകാരോടൊപ്പം സുഭാഷ് സൈക്കിളിൽ വീട്ടിലേക്ക് വച്ചുപിടിച്ചു. തൊട്ടടുത്ത കവലയിലെ മുസ്‌ലിംപള്ളിയിൽനിന്നും ക്രിസ്ത്യൻ പള്ളിയിൽനിന്നും പ്രാർത്ഥന കഴിഞ്ഞ് ആൾക്കാർ വരുന്നുണ്ടായിരുന്നു. പെട്ടെന്നാണ് അത് സംഭവിച്ചത് പള്ളിയിൽനിന്നും ഏതോ ഹാജിയാർ ഒടിച്ചുകൊണ്ടുവന്ന ഓട്ടോറിക്ഷാ സുഭാഷിന്റെ കൂട്ടുകാരന്റെ സൈക്കിളിൽ തട്ടി. ബൈക്കും കൂട്ടുകാരനും റോഡിലേക്കു വീണു. എല്ലാവരും കൂടി അവനെ പിടിച്ചെഴുന്നേൽപിച്ചു. ഓട്ടോ ഓടിച്ചിരുന്ന ഹാജിയാർ ഇറങ്ങിചെന്ന് അവനോട് ക്ഷമ ചോദിച്ചു. അവനു വലിയ പരിക്കൊന്നും ഉണ്ടായിരുന്നില്ല. സുഭാഷിന്റെയും കൂട്ടുകാരന്റെയും രക്തം തിളച്ചു. നേതാവിന്റെ പ്രസംഗം തീർത്ത ആവേശത്തിൽ അവർ അയാളെ തല്ലാൻ തുടങ്ങി. മറ്റുള്ളവർ അവരെ പിടിച്ചുമാറ്റാൻ ശ്രമിച്ചു.



പക്ഷെ അത് അവിടം കൊണ്ടവസാനിച്ചില്ല. പിറ്റേന്ന് ഹാജിയാരുടെ ആൾക്കാർ സുഭാഷിന്റെ കൂട്ടുകാരനെ തല്ലി.

സുഭാഷും കൂട്ടുകാരും മനപ്പൂർവം ഹാജിയാരെ തല്ലിയെന്ന് വരുത്തിത്തീർത്തു. അന്ന് സന്ധ്യയായപ്പോഴേക്കും തല്ല് പരസ്പരമുള്ള വെട്ടും കുത്തുമായി. സുഭാഷിന്റെ കൈയ്ക്കും കാലിനും വെട്ടേറ്റു. ചോര വാർന്നൊഴുകി. പോലീസ് വാഹനങ്ങൾ ചീറിപ്പാഞ്ഞു. ക്രമേണ അവന്റെ ബോധം മറഞ്ഞു.

ബോധം തെളിഞ്ഞപ്പോൾ അവൻ ആശുപത്രിക്കിടക്കയിൽ ആയിരുന്നു. അടുത്ത് മുത്തശ്ശിയും എല്ലാവരുമുണ്ട്. അവൻ കരയുകയാണ്. അവന്റെ കൈയിലും കാലിലുമെല്ലാം ബാൻഡേജ് ആയിരുന്നു. അവർ പഴയ കാര്യങ്ങൾ ഓർത്തെടുക്കുവാൻ ശ്രമിച്ചു. പാർട്ടി മീറ്റിംഗും, രാമരാജ്യവും, നേതാവിന്റെ പ്രസംഗവുമെല്ലാം അവന്റെ മനസ്സിലൂടെ കടന്നുപോയി.

സുഭാഷ് മനസ്സിലേക്ക് മുത്തശ്ശി രാവിലെ വായിച്ച രാമരാജ്യത്തെക്കുറിച്ചുള്ള വരികൾ ഒഴുകിയെത്തി.

നേതാവിന്റെ രാമരാജ്യവും രാമായണത്തിലെ രാമരാജ്യവും അവന്റെ മനസ്സിലൂടെ കടന്നുപോയി. അവൻ അമ്മയുടെയും മുത്തശ്ശിയുടെയും നിറഞ്ഞ മിഴികളിലേക്ക് നോക്കി. മുറിവുകളിലെ വേദന ശരീരത്തിൽ നിന്നും മനസ്സിലേക്കു പടർന്നപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. അവൻ കണ്ണുകൾ ഇറുകെ അടച്ചുപിടിച്ചു. അപ്പോൾ അടുത്തുള്ള ഏതോ ക്ഷേത്രത്തിൽനിന്നും രാമായണത്തിലെ രാമരാജ്യത്തെക്കുറിച്ചുള്ള ശീലുകൾ ഒഴുകി എത്തുന്നുണ്ടായിരുന്നു.

എല്ലാവനുമുണ്ടാനുകമ്പ മാനസേ
നല്ലതൊഴിഞ്ഞൊരു
ചിന്തയില്ലാർക്കുമേ
നോക്കമാറില്ലാരുമേ പരദാര
മോർക്കയുമില്ല പരദ്രവ്യമാരുമേ
ഇന്ദ്രിയ നിഗ്രഹമെല്ലാവനുമുണ്ട്
നിന്ദയുമില്ല പരസ്പരമാർക്കുമേ.. ●

# ജി.എസ്സ്.ടിയും ഇൻഡ്യൻ സമ്പദ്ഘടനയും



**എ. അബ്ദുൽ ഹാരീസ്**
സംസ്ഥാന വൈസ് പ്രസിഡന്റ്

**ഉൽപന്നങ്ങളുടെ വിലകുറയുകയോ അതിന്റെ നേട്ടം സാധാരണക്കാരിലേക്ക് ഏത്തുകയോ ചെയ്തില്ല. നിയമം അതിന്റെ അന്തഃസത്തക്ക് ചേർന്ന രീതിയിൽ നടപ്പിലാക്കാത്തത് മൂലവും, വികലമായ കാഴ്ച്ചപ്പാട് മൂലവും, ഈ നിയമത്തിന് പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ കഴിഞ്ഞില്ല എന്നത് ഒരു പരമാർത്ഥമായി നമ്മുടെ മുന്നിൽ നിൽക്കുന്നു.**

## ചരിത്രം

ചരക്ക് സേവന നികുതി (ജി.എസ്സ്.ടി) യുമായി ബന്ധപ്പെട്ട ആലോചനകൾ രൂപപ്പെട്ടതും അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതും രണ്ടായിരാമാണ്ടിലാണ്. അന്നത്തെ ഇൻഡ്യയുടെ പ്രധാന മന്ത്രി ആയിരുന്ന ശ്രീ. അടൽബിഹാരി വാജ്പേയി ഇതുമായി ബന്ധപ്പെട്ട് ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചു. നിരന്തരമായ ചർച്ചകൾ, ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ, നിയമങ്ങളുടെ രൂപീകരണം, ചട്ടങ്ങളുടെ ഭേദഗതികൾ തുടങ്ങി നിരവധി കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിട്ടു. 2004 മുതൽ 2014 വരെയുള്ള ഡോ.മൻമോഹൻസിങ്ങിന്റെ യു.പി.എ.സർക്കാർ ചരക്ക് സേവനനികുതിയുമായി ബന്ധപ്പെട്ട് തുടർ ചർച്ചകളുമായി മുന്നോട്ട് പോകുകയും, സാധരണക്കാരായ ഇൻഡ്യൻ ജനതയുടെ പുരോഗതി മുന്നിൽ കണ്ടും, വിലക്കയറ്റം തടയാനും, പാകത്തിൽ ജി.എസ്സ്.ടി നടപ്പിലാക്കാൻ ശ്രമം നടത്തിയെങ്കിലും, രാഷ്ട്രീയ കാലാവസ്ഥ അനുകൂലമല്ലാത്തതിനാലും, പ്രതിപക്ഷകക്ഷികളുടെ നിസ്സഹകരണം മൂലവും, യു.പി.എ സർക്കാരിന് ജി.എസ്സ്.ടി. നടപ്പിലാക്കുവാൻ സാധിക്കാതെപോയി. 2000-ൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിണ്ട 17 വർഷങ്ങൾക്കുശേഷം 2017 ജൂലൈ 1 മുതൽ ഈ നിയമം നടപ്പിലാക്കത്തക്ക വിധത്തിൽ ഇൻഡ്യൻ പാർലമെന്റിൽ പാസാക്കി.

## ജി.എസ്സ്.ടി എന്തിനുവേണ്ടി

ഇൻഡ്യ ഒട്ടാകെയുള്ള സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലുമായി കേന്ദ്രനികുതി, സംസ്ഥാന നികുതി തുടങ്ങി വിവിധ ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും ആയി ഉള്ള നികുതികൾ എന്നിങ്ങനെ ആകെ 500-ൽ പരം പരോക്ഷ നികുതികൾ ആണ് ഉണ്ടായിരുന്നത്. 'ഒരൊറ്റരാജ്യം ഒരൊറ്റനികുതി' എന്ന ആശയത്തിനുവേണ്ടി എല്ലാത്തരം നികുതികളേയും ഏകീകരിക്കുകയാണ് ചെയ്തത്. ഉൽപാദനചിലവ് കുറച്ചും, ഏകീകൃതകമ്പോളം എന്ന ആശയം നിലനിർത്തിയും സാധാരണക്കാർക്കായി കൊണ്ടുവന്ന ഈ പരിഷ്കാരം വിവിധ സംസ്ഥാന അതിർത്തികൾ തന്നെ ഇല്ലാതാക്കി. കൂടുതൽ ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ഉൽപന്നങ്ങൾക്ക് കുറഞ്ഞനികുതി നിരക്കും, കുറച്ച് ഉപഭോക്താക്കൾ ഉള്ള ഉൽപന്നങ്ങൾക്ക് കൂടിയ നികുതി നിരക്കും ഏർപ്പെടുത്തിയും എന്നാൽ നാണയപ്പെരുപ്പത്തിലും, വളർച്ചാനിരക്കിലുമുള്ള അപകടാവസ്ഥ ഉൾക്കൊണ്ടും, മുന്നോട്ട് നീങ്ങി ഇൻഡ്യയുടെ സമ്പദ്വ്യവസ്ഥ കാത്തുസംരക്ഷിക്കുവാൻ ജി.എസ്സ്.ടി നടപ്പാക്കിയതിലൂടെ ലക്ഷ്യമിട്ടിരുന്നു. നികുതി നിരക്കിലും ഘടനയിലും ഉണ്ടാകുന്ന ഓരോമാറ്റങ്ങളും നേരിട്ടോ, അല്ലാതെയോ കൂടുതൽ ബാധിക്കുക സാധാരണക്കാരെയും ഒപ്പം



നേരിട്ട് ബാധിക്കുക ചെറുകിടകച്ചവടക്കാരെയും, സേവനദാദാക്കളേയും ആണ്. കാർഷിക ഉൽപന്നങ്ങൾക്ക് 0% നികുതി നിരക്കും, കൂടുതൽ ഉപഭോക്താക്കൾ ഉള്ള ഭക്ഷ്യോൽപന്നങ്ങൾ ഉൾപ്പടെ 5% നികുതി നിരക്കും ഏർപ്പെടുത്തിയും സാധാരണക്കാർക്ക് ഗുണഫലം ലഭിക്കേണ്ടുന്ന രീതിയിൽ നികുതിനിരക്കുകൾ 12%, 18% എന്നിങ്ങനെ നിലനിർത്തിയും പെട്രോളിയം ഉൽപന്നങ്ങൾ ജി.എസ്സ്.ടിയിൽ ഉൾപ്പെടുത്തിയും വിഭാവനം ചെയ്തിരുന്നെങ്കിൽ എല്ലാവിഭാഗം ജനങ്ങൾക്കും ഗുണഫലം ലഭ്യമാക്കാൻ സാധിക്കുമായിരുന്നു.

## ജി.എസ്സ്.ടിയുടെ ഗുണഫലങ്ങൾ ഇൻഡ്യൻ സമ്പദ്ഘടനയിൽ

ആഗോള സമ്പദ് ഘടന തകർച്ചയുടെ വക്കിലെത്തിയപ്പോഴും പിടിച്ചുനിന്ന ഇൻഡ്യൻ സമ്പദ്ഘടനയെ ലോകരാജ്യങ്ങൾ ആശ്ചര്യത്തോടെയാണ് നോക്കികണ്ടത്. ഇതിന് കാരണഭൂതമായത് ഇൻഡ്യൻ നാഷണൽകോൺഗ്രസിന്റെ ദീർഘവീക്ഷണമുള്ള സാമ്പത്തികനയങ്ങളും, അതിന് ചുക്കാൻ പിടിച്ച ഡോ. മൻമോഹൻസിങ്ങുമായിരുന്നു.

യഥാർത്ഥത്തിൽ ജി.എസ്.ടി നിയമം യു.പി.എ. സർക്കാരിന്റെ സൃഷ്ടിതന്നെ ആയിരുന്നു. ഫലപ്രദമായ ജി.എസ്സ്.ടി നിയമം രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെ ഗതിതന്നെ മാറ്റിമറിച്ചേനെ എന്നകാര്യം തർക്കമില്ലാത്തത് തന്നെ.

പരോക്ഷനികുതികളെയെല്ലാം ലയിപ്പിച്ച് രാജ്യം മുഴുവൻ ഒറ്റനികുതി എന്ന ആശയത്തിലൂടെ ചരക്കുകളുടേയും സേവനങ്ങളുടേയും മേലെ കേന്ദ്രസംസ്ഥാന സർക്കാരുകൾ ചുമത്തിയിരുന്ന നികുതികളെയെല്ലാം ഏകോപിപ്പിച്ച് ഒറ്റ നികുതി ഘടനക്ക് കീഴിൽ കൊണ്ട് വന്ന നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന ഉടച്ച്വാർക്കുന്ന ചരിത്ര പ്രധാനമായതും, ബ്രഹൃത്തായതുമായ ഒരു നിയമം വന്നതിലൂടെ നിരവധി ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്.

1. വിവിധ തലത്തിലുള്ള പരോക്ഷനികുതികളായ ഢഅഠ, ഇടഠ, ടലൃ്ശരല ഠമഃ, ഇഅഉ, ടഅഉ, ഋഃരശലെ എന്നിവയെല്ലാം പൂർണ്ണമായി ഒഴിവാക്കപ്പെട്ടു.

2. നികുതിഘടന എല്ലാവരെയും ആകർഷിക്കത്തക്ക രീതിയിൽ ലളിതമാക്കി.

3. ഇരട്ട നികുതി പൂർണ്ണമായും ഒഴിവാക്കി

4. നിർമ്മാണ ചിലവ് കുറക്കുന്ന തരത്തിൽ നിർമ്മാണങ്ങൾക്ക് മേൽ ചുമത്തിയിരുന്ന വിവിധ നികുതികൾ ഏകീകരിച്ചത് മൂലം ഈ മേഖലയിലെ ഉദ്പാദനചിലവ് കുറയുകയും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലക്ക് സാധനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.




5. മുൻകാലങ്ങളിൽ ഉയർന്ന വിലക്ക് വാങ്ങിയിരുന്ന ഉൽപന്നങ്ങളുടെ വില വിപണിയിൽ കുറയുകയും പൊതുജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും വഴി ഉൽപന്നങ്ങളുടെ ആവശ്യകത വർദ്ധിക്കുന്നു.

6. ഇത് ഉൽപാദനമേഖലയെ പരിപോഷിപ്പിക്കുകയും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

7. താഴെതട്ടിൽ പണലഭ്യത ഉറപ്പു വരുത്തുകയും കള്ളപ്പണത്തിന്റെ വിനിമയം കുറയുകയും ചെയ്യും.

8. ദീർഘകാലാടിസ്ഥാനത്തിൽ നമ്മുടെ സമ്പദ്ഘടന വളർന്നുകൊണ്ടേയിരിക്കും. സ്വാതന്ത്ര്യാനന്തര ഭാരത്തിലെ ഏറ്റവും വലിയ പരോക്ഷനികുതി പരിഷ്കാരങ്ങളിൽ ഒന്നായ ചരക്ക് സേവന നികുതിനിയമം ഇൻഡ്യൻ സമ്പദ്ഘടനയെ മുകളിൽ പരാമർശിച്ച വിഷയങ്ങളിലൂടെ ഉന്നതങ്ങളിൽ എത്തിക്കേണ്ടുന്നതാണ്.

## ജി.എസ്സ്.ടി നിയമം പോരായ്മകൾ

നമ്മുടെ രാജ്യത്ത് യാതൊരു മുന്നൊരുക്കവും, പഠനവും ഇല്ലാതെ അനാവശ്യതിടുക്കത്തോടെ നടപ്പിലാക്കിയ ജി.എസ്സ്.ടി. ഇൻഡ്യൻ സമ്പദ്ഘടനയെ സാരമായി ബാധിച്ചു എന്നുതന്നെ വേണം കരുതാൻ. ജി.എസ്സ്.ടി നിരക്കുകളിൽ ഏകീകൃതസ്വഭാവം ഇല്ലാത്തതിനാൽ ഇൻഡ്യൻ സമ്പദ്ഘടനയുടെ വളർച്ചയെ തന്നെ അത് ബാധിച്ചിരിക്കുന്നു.

ഉൽപന്നങ്ങളുടെ വിലകുറയുകയോ അതിന്റെ നേട്ടം സാധാരണക്കാരിലേക്ക് ഏത്തുകയോ ചെയ്തില്ല. നിയമം അതിന്റെ അന്തഃസത്തക്ക് ചേർന്ന രീതിയിൽ നടപ്പിലാക്കാത്തത് മൂലവും, വികലമായ കാഴ്ച്ചപ്പാട് മൂലവും, ഈ നിയമത്തിന് പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ കഴിഞ്ഞില്ല എന്നത് ഒരു പരമാർത്ഥമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് കുത്തനെ ഇടിഞ്ഞു. തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുന്നു. ജി.എസ്.ടി. നിരക്ക് ഏകീകരിച്ച് പെട്രോളിയം ഉൾപ്പന്നങ്ങൾ കൂടി നിയമത്തിന് കീഴിൽ കൊണ്ട് വന്ന് അസാമാന്യമായ വിലക്കയറ്റം നിയന്ത്രിച്ച് ഉദ്പാദന മേഖലയെ പരിപോഷിപ്പിച്ച് ഉത്പന്നങ്ങളുടെ ആവശ്യകത വർദ്ധിപ്പിച്ച് സമ്പദ്ഘടന ചലനാത്മകമാക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

# ഉത്സവ നഗരിയിലെ കെ.ജി.ഒ.യു സമ്മേളനം



**വി.എം. ഷൈൻ**
സംസ്ഥാന സെക്രട്ടറി

2020 ജനുവരി 10, 11, 12 തിയ്യതികളിൽ കെ കരുണാകരൻ സ്മാരക ടൗൺഹാളിൽ നടന്ന 34-ാം സംസ്ഥാന സമ്മേളനം ഒരു പൂരം തന്നെയായിരുന്നു. സമ്മേളനം ആരംഭിക്കുന്നതിന് ദിവസങ്ങൾക്ക് മുൻപേ വടക്കുംനാഥന് ചുറ്റും ദീപാലംകൃതപാതയിൽ കെ.ജി.ഒ.യു പതാകകൾ പ്രതിനിധികളെ സ്വാഗതം ചെയ്തുകൊണ്ട് പാറി പറന്നിരുന്നു. നഗരത്തിന്റെ ഒരോ മുക്കിലും മുലയിലും പ്രകൃതിയോട് ഇണങ്ങിച്ചേരുന്ന ബോർഡുകൾ, കമാനങ്ങൾ എന്നിവ സമ്മേളനത്തിന്റെ പ്രൗഢി വിളിച്ചോതി. കേരളം കണ്ട രാഷ്ട്രീയ ഭീഷ്മാചാര്യൻ കെ. കരുണാകരന്റെ പൂർണ്ണകായ പ്രതിമയോട് ചേർന്ന കൊടിമരത്തിൽ രജത വർണത്തിൽ കെ.ജി.ഒ.യു. ആലേഖനം ചെയ്ത പതാക സംസ്ഥാന പ്രസിഡണ്ട് ഗാന്ധി തൊപ്പി ധരിച്ച 101 കെ.ജി.ഒ.യു സമരഭടൻമാരുടെ സാനിധ്യത്തിൽ ഉയർത്തിയോടെ സംസ്ഥാന സമ്മേളനം ആരംഭിച്ചു.



സമ്മേളനങ്ങളും ക്യാമ്പുകളും ഇന്ന് ശീതികരിച്ച മുറികളിലേക്കും ഹാളുകളിലേക്കും മാറുന്ന ഈ കാലഘട്ടത്തിൽ രാജപെരുമയുടെ പഴമ വിളിച്ചോതുന്ന മരത്തിന്റെ കസേരകളും ഗൃഹാതുരത്വത്തിന്റെ ഓർമ്മകൾ വിളിച്ചോതുന്ന വാൾ ഫാനുകളും നെറ്റി പട്ടം കെട്ടിയ വേദിയും തൃശൂരിലെ സമ്മേളനം വ്യതസ്തമാക്കി ഈ മാറ്റം പ്രകൃതി പോലും സ്വാഗതം ചെയ്തുവോ പാലക്കാടൻ ചുരം കടന്ന് വന്നിരുന്ന കാറ്റ് ഹാളിനുള്ളിലുടെ കടന്ന് പോയപ്പോൾ കൃത്രിമ ശീതികരണത്തെ സമ്മേളനത്തിടയിൽ നമ്മൾ മറന്നു.

സമ്മേളന പ്രതിനിധികളെ സ്വാഗതം ചെയ്ത് കൊണ്ട് പെരുവാനം വിനു പരമേശ്വരമാരാർ ഒരുക്കിയ പഞ്ചവാദ്യവും, പ്രമോദ് നായരുടെ തൃശൂർ ആര്യാസ് ഒരുക്കിയ നാടൻ ഭക്ഷണംകൊണ്ടും ധന്യമായ തൃശൂർ സമ്മേളനം ഇന്നും മനസിൽ കെടാതെ നിൽക്കുന്നു. ●



# നൂറ്റാണ്ട് പിന്നിട്ട മലബാർ കോൺഗ്രസ് സമ്മേളനം:

## ഒരു പുനർവിവരണം



**സി. ബ്രിജേഷ്**
ജില്ലാ പ്രസിഡന്റ്, മലപ്പുറം

ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിന് കീഴിലുള്ള പ്രദേശമായതിനാൽ തിരുവിതാംകൂർ കൊച്ചി നാട്ടു രാജ്യങ്ങളെ അപേക്ഷിച്ചു മലബാറിൽ ദേശീയ പ്രസ്ഥാനം നേരെത്തെ തന്നെ വേരുറപ്പിച്ചിരുന്നു. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിലെ ഏറനാട്ടിലെ പ്രമുഖ പട്ടണമായ മഞ്ചേരിയിൽവച്ച് നടന്ന അഞ്ചാമതും അവസാനത്തേതുമായ മലബാർജില്ല കോൺഗ്രസ് കമ്മറ്റിയുടെ സമ്മേളനം നടന്നിട്ട് 2020 ഏപ്രിൽ 28 ന് നൂറു വർഷം പിന്നിട്ടു.

ആദ്യകാലത്ത് ഹോം റൂൾ ലീഗും ഇന്ത്യൻ നാഷണൽ കോൺഗ്രസും ഒരുമിച്ചായിരുന്നു മലബാറിൽ പ്രവർത്തിച്ചിരുന്നത്. മഞ്ചേരി രാമയ്യർ ആയിരുന്നു ഹോംറൂൾ ലീഗിന്റെ മലബാർ ജില്ലാ പ്രസിഡന്റ്. മാതൃഭൂമി പത്രത്തിന്റെ സ്ഥാപക പത്രാധിപരായിരുന്ന കെ. പി കേശവമേനോൻ ഒരേസമയം മലബാർ ജില്ല കോൺഗ്രസിന്റെയും ഹോംറൂൾ ലീഗിന്റെയും സെക്രട്ടറി പദം അലങ്കരിച്ചിരുന്നു. ഹോംറൂൾ പ്രസ്ഥാനത്തിന്റെ അധ്യക്ഷ ആനി ബസന്റ് മുതൽ കെ.പി കേശവമേനോൻ, മാതൃഭൂമി പത്രത്തിന്റെ പ്രഥമ മാനേജിങ് ഡയറക്ടറും പിന്നീട് കേരള പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മറ്റിയുടെ ആദ്യ ജനറൽ സെക്രട്ടറിയുമായ മഞ്ചേരി സ്വദേശി കെ. മാധവൻ നായർ, മഞ്ചേരി രാമയ്യർ, കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ, എം പി നാരായണമേനോൻ തുടങ്ങി പ്രമുഖരും നിരവധി സാധാരണക്കാരും പങ്കെടുത്ത മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനമാണ് ഏറനാടിന്റെ സിരാകേന്ദ്രമായ മഞ്ചേരിയെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ശ്രദ്ധേയമാക്കിയത്. അഭിപ്രായവ്യത്യാസം കാരണം ആനിബസൻറ് ഇറങ്ങിപ്പോയതാണ് സമ്മേളനത്തിന്റെ മറ്റൊരു ചരിത്രപ്രാധാന്യം.

**ജന്മിത്തം ഇല്ലാതാക്കുക എന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു അജണ്ടയാക്കി മറ്റിയതിന് മഞ്ചേരി സമ്മേളനത്തിന് വലിയ പങ്കുണ്ട്. 1945 ലെ കോൺഗ്രസ് വർക്കിങ് കമ്മറ്റി ജന്മിത്തം അവസാനിപ്പിക്കണം എന്ന് ശുപാർശചെയ്തുകൊണ്ടുള്ള പ്രമേയം കൊണ്ടുവന്നു.**

നിലമ്പൂർ മാനവേദൻ രാജയുടെ പ്രതിനിധിയായി കോൺഗ്രസിന്റെ വടകര സമ്മേളനത്തിൽ പങ്കെടുത്ത അച്യുതമേനോനാണ് അടുത്ത സമ്മേളനം ഏറനാട്, വള്ളുവനാട് താലൂക്ക്കുകളിൽ എവിടെയെങ്കിലും വച്ച് നടത്തണം എന്ന് അഭിപ്രായപ്പെട്ടത്. നിലമ്പൂർ രാജയുടെ നിർദ്ദേശപ്രകാരം മഞ്ചേരിയെ സമ്മേളന നഗരിയായി തിരഞ്ഞെടുത്തു. മഞ്ചേരി പൊതുജന വായനശാലയിൽ കൂടിയ സ്വാഗത സംഘ യോഗം കെ.മാധവൻനായർ. എം.പി.നാരായണ മേനോൻ, കട്ടിലശ്ശേരി മുഹമ്മദ് മുസല്യാർ എന്നിവർക്കു സമ്മേളന നടത്തിപ്പിന്റെ മുഖ്യ ചുമതല നൽകി. മലബാറിലെ മാപ്പിളമാരുൾപ്പെടെയുള്ള സാധാരണ ജനങ്ങളും പാട്ടകുടിയന്മാരും ദേശീയ പ്രസ്ഥാനത്തിലേക്ക് വലിയതോതിൽ ആകർഷിക്കപെട്ടത് മഞ്ചേരിയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തോടെയാണ്. അത് വരെയുള്ള സമ്മേളനങ്ങളിൽ ജന്മിമാരും പ്രമാണിമാരുമായിരുന്നു പങ്കെടുത്തിരുന്നത്. ഇന്നത്തെ ഗവണ്മെന്റ് ബോയ്സ് സ്കൂൾ ഗ്രൗണ്ടിൽ ആയിരക്കണക്കിന് പ്രതിനിധികൾ പങ്കെടുത്ത മഹാസമ്മേളനം മഞ്ചേരി കോൺഫറൻസ് സഭ എന്നാണ് അറിയപ്പെടുന്നത്

ഏപ്രിൽ 28-ന് രാവിലെ ഡിസ്ട്രിക് ബോർഡ് മിഡിൽ സ്കൂൾ ഹാളിൽ (ഇന്നത്തെ ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ) തിയോസഫിക്കൽ ഫെഡറേഷന്റെ മലബാർ ശാഖ ആനി ബസന്റ് ഉദ്ഘാടനം ചെയ്തു.

'ദ ഹിന്ദു'വിന്റെ പത്രാധിപരായിരുന്ന കസ്തൂരി രംഗഅയ്യങ്കാർ അധ്യക്ഷത വഹിച്ച അഞ്ചാമത് മലബാർ ജില്ലാ സമ്മേളനത്തിൽ നിലമ്പൂർ രാജയാണ് സ്വാഗതം ആശംസിച്ചത്. ഇന്ത്യൻ രാഷ്ട്രീയം ഏറെ പ്രക്ഷുബ്ധമായിരുന്ന കാലഘട്ടമായിരുന്നു അത്. ജാലിയൻ വാലാബാഗ് കൂട്ടക്കൊല, വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽനിന്ന് മലയാളിയും കോൺഗ്രസ് മുൻ പ്രസിഡന്റുമായ സർ. സി. ശങ്കരൻനായരുടെ രാജി, പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ, മുഹമ്മദലി ജിന്ന, മശ്റൂൾ ഹക്ക് തുടങ്ങിയവരുടെ സാമ്രാജ്യസഭയിൽനിന്നുള്ള രാജി, മഹാകവി രവീന്ദ്രനാഥ് ടാഗോർ, പ്രശസ്ത ശാസ്ത്രജ്ഞനായ ജഗദീശ് ചന്ദ്രബോസ് എന്നിവരുടെ 'സർ' സ്ഥാനം തിരിച്ചേൽപ്പിക്കൽ, ഇന്ത്യാ സെക്രട്ടറി


മോണ്ടേഗും വൈസ്രോയി ചെംസ്ഫോർഡും ആവിഷ്കരിച്ച പരിമിതമായ അധികാരത്തിനെതിരേയുള്ള പ്രതിഷേധം, ജനവികാരങ്ങളെ അടിച്ചമർത്തിക്കൊണ്ടുള്ള റൗലക്ട് ആക്ടിനെതിരേ ഉയർന്ന സമരങ്ങൾ, ബ്രിട്ടീഷ് സർക്കാരിന്റെ വാഗ്ദാനലംഘനത്തിനെതിരേ മുസ്ലിം സമുദായത്തിന്റെ ഖിലാഫത്ത് പ്രതിഷേധം, അതിനൊപ്പം ഉരുത്തിരിഞ്ഞുവന്ന ഹിന്ദു-മുസ്ലിം ഐക്യം. എന്നീ പശ്ചാത്തലത്തിലാണ് മഞ്ചേരിയിൽ 1920 ഏപ്രിൽ 28-ന് മലബാർ ജില്ലാ സമ്മേളനം നടന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിലേക്കുള്ള മഹാത്മാഗാന്ധിയുടെ രംഗപ്രവേശനവും ഈ കാലഘട്ടത്തിലായിരുന്നു എന്നതും ഒരു പ്രത്യേകത ആയിരുന്നു.

ബ്രിട്ടീഷ് സർക്കാരിന്റെ പുതിയ ഭരണപരിഷ്കാരങ്ങളെ അനുകൂലിക്കുന്ന ഹോം റൂൾ പക്ഷക്കാരും എതിർക്കുന്നവരും തമ്മിലുള്ള മത്സരവേദികൂടിയായി സമ്മേളനം മാറി.ഏപ്രിൽ 29നു രാവിലെ, മൊണ്ടേഗു ചെംസ് ഫോർഡ് പരിഷ്കരണം, ജന്മികുടിയാൻ പ്രശ്നം, ഖിലാഫാത്ത് എന്നീ മൂന്നു പ്രമേയങ്ങൾ കെ പി രാമൻ മേനോൻ അവതരിപ്പിച്ചപ്പോൾ ആനി ബസന്റും ജന്മിമാരും എതിർത്തു. വോട്ടെടുപ്പിലൂടെ മൂന്ന് പ്രമേയങ്ങളും വമ്പിച്ച ഭൂരിപക്ഷത്തോടെ പാസാക്കി. അതോടെ ആനി ബസന്റും, അവരുടെ അനുയായികളും, ജന്മിമാരും സമ്മേളനത്തിൽനിന്ന് ഇറങ്ങിപ്പോയി. ഒരർത്ഥത്തിൽ ഇന്ത്യൻ രാഷ്ട്രീയരംഗത്തുനിന്നുതന്നെയുള്ള ആനിബസന്റിന്റെ തിരോധാനത്തിന് ആ സംഭവം കാരണമായി മാറി.

മലബാറിൽ ഒരു കോളജ്, നിർബന്ധ വിദ്യാഭ്യാസം, മഞ്ചേരിയിൽ ഹൈസ്കൂൾ, മലബാറിന്റെ റെയിൽവേ വികസനം, ബാലവേല നിർത്തലാക്കൽ എന്നിവയിൽകൂടി തീരുമാനം എടുത്താണ് സമ്മേളനം അവസാനിച്ചത്. കേരളത്തിൽ വിശേഷിച്ചു ഏറനാട്ടിലും, വള്ളുവനാട്ടിലും ഖിലാഫത്ത് സമരത്തിനും ദേശീയപ്രസ്ഥാനത്തിനും ഊർജ്ജമായത് മഞ്ചേരിയിലെ മലബാർ ജില്ലാ രാഷ്ട്രീയസമ്മേളനം ആണെന്ന് പറയാം. ജന്മിത്തം ഇല്ലാതാക്കുക എന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു അജണ്ടയാക്കി മറ്റിയതിന് മഞ്ചേരി സമ്മേളനത്തിന് വലിയ പങ്കുണ്ട്. 1945 ലെ കോൺഗ്രസ് വർക്കിങ് കമ്മറ്റി ജന്മിത്തം അവസാനിപ്പിക്കണം എന്ന് ശുപാർശചെയ്തുകൊണ്ടുള്ള പ്രമേയം കൊണ്ടുവന്നു. ഭൂവുടമസ്ഥാവകാശം പരിഷ്കരിക്കുന്നതിനായി ജെ.സി കുമാരപ്പയെ ആധ്യക്ഷനാക്കി ഒരു കമ്മറ്റിയെ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു നിയോഗിച്ചു. ഭൂപരിഷ്കരണം എന്നത് പഞ്ചവത്സര പദ്ധതിയുടെ ഭാഗമാക്കി മാറ്റി. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു ശ്രീ പട്ടം താണുപിള്ള യുടെ നേതൃത്വത്തിൽ കോൺഗ്രസ് പിന്തുണയോടെ അധികാരത്തിലേറിയ പ്രജാ സോഷ്യലിസ്റ്റ് ഗവണ്മെന്റും പിന്നീട് കേരള സംസ്ഥാനം രൂപീകരിച്ചപ്പോൾ ബാലറ്റ് പേപ്പറിലൂടെ ലോകത്തുതന്നെ ആദ്യം അധികാരത്തിലേറിയ സഖാവ് ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് സർക്കാരും, തുടർന്ന് വന്ന സർക്കാരുകളും സംസ്ഥാനത് ഭൂപരിഷ്കരണത്തിന് ശ്രമം തുടങ്ങി. കോൺഗ്രസ് പിന്തുണയോടെ അധികാരം ഏറ്റെടുത്ത അച്യുതമേനോൻ മന്ത്രി സഭ 1970 ജനുവരി ഒന്നിന് കേരള ഭൂപരിഷ്കരണ നിയമം പ്രാവർത്തികമാക്കി. ആയതിന്റെ അൻപതാം വാർഷികം 2020 ജനുവരി ഒന്നിന് സംസ്ഥാന ഗവണ്മെന്റ് സമുചിതമായി കൊണ്ടാടി. കേരള ഭൂപരിഷ്കരണ നിയമത്തെ കോടതി വ്യവഹാരങ്ങളിൽ നിന്നും സംരക്ഷണം നൽകാൻ ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ അന്നത്തെ കേന്ദ്ര ഗവണ്മെന്റ് നടപടി വിസ്മരിക്കാനാവില്ല.



*ആനിബസന്റ്*



*കെ. മാധവൻ നായർ*



*കെ.പി. കേശവ മേനോൻ*

ചേറുമണക്കുന്ന മാപ്പിളമാർ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു എന്ന് മഞ്ചേരി സമ്മേളനത്തിൽനിന്നും ഇറങ്ങിപോയവർ പിന്നീട് രേഖപെടുത്തിയതായി പറയപ്പെടുന്നു. മുസ്ലിംലീഗിന്റ ജനറൽ സെക്രട്ടറി പരേതനായ കൊരമ്പയിൽ അഹമ്മദ് ഹാജിയുടെ ബന്ധുകൂടിയായിരുന്ന മറ്റൊരു കൊരമ്പയിൽ അഹമ്മദ് ഹാജി പതിനഞ്ചു രൂപ രജിസ്ട്രേഷൻ ഫീസ് നൽകി തന്റെ സഹോദരൻ മൊയ്തീനുമൊത്തു സമ്മേളനത്തിൽ പങ്കെടുത്തതിനെകുറിച്ചു രേഖപ്പെടുത്തിയ ഡയറികുറിപ്പുകളിൽ മഞ്ചേരി സമ്മേളനത്തിന്റെ ത്രസിപ്പിക്കുന്ന ഓർമ്മകൾ ഇപ്പോഴും നിലനിൽക്കുന്നു. കൊരമ്പയിൽ അഹമ്മദ് ഹാജി 1927ൽ അന്തരിച്ചു. അദ്ദേഹത്തിന്റെ ഡയറി ബന്ധു അഡ്വക്കേറ്റ് ഹാരിസ് ബാബുവിന്റെ കൈകളിൽ ഇന്നും ഭദ്രമായുണ്ട്. കാലിക്കറ്റ് സർവകലാശാലയിലെ ചരിത്ര വിഭാഗം പ്രൊഫസർ പി. ശിവദാസൻ ആ ഡയറിക്കുറിപ്പുകൾ പഠന വിധേയമാക്കിയിട്ടുണ്ട്.

ഒന്നാമത്തെ മലബാർ ജില്ലാ സമ്മേളനം ഡോ. ആനിബസന്റിന്റെ അധ്യക്ഷതയിൽ 1916 ഏപ്രിൽ മാസം പാലക്കാട്ടും, രണ്ടാമത്തേത് 1917 ഏപ്രിൽ മാസം പിൽക്കാലത്ത് തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യരുടെ അധ്യക്ഷതയിൽ കോഴിക്കോട്ടും, മൂന്നാമത്തേത് 1918 മേയ് മാസം മിർ ആസാദ് അലിഖാൻ ബഹാദൂറിന്റെ അധ്യക്ഷതയിൽ തലശ്ശേരിയിലും, നാലാമത്തേത് 1919 മേയ് മാസം കെ.പി. രാമമേനോന്റെ അധ്യക്ഷതയിൽ വടകരയിലും, അഞ്ചാമത്തേത് 1920 ഏപ്രിൽ മാസം മഞ്ചേരിയിലുമാണ് നടന്നത്. അതോടെ മലബാർ ജില്ലാ കോൺഫറൻസുകൾ അവസാനിച്ചു. 1920 ഡിസംബറിൽ നാഗ്പൂരിൽ വച്ചു നടന്ന കോൺഗ്രസിന്റെ സമ്പൂർണ സമ്മേളന തീരുമാനപ്രകാരം ഭാഷ അടിസ്ഥാനത്തിൽ പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മറ്റികൾ രൂപീകരിച്ചു. അതിൻപ്രകാരം മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 'കേരള പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മിറ്റി' നിലവിൽവന്നു.

1921 ഏപ്രിൽ 23 മുതൽ 27 വരെ ഒറ്റപ്പാലത്ത് ഭാരതപ്പുഴയുടെ തീരത്ത് വച്ചാണ് കെപിസിസി (കേരള പ്രൊവിൻഷൽ കോൺഗ്രസ് കമ്മറ്റി)യുടെ പ്രഥമ സമ്മേളനം നടന്നത്. 2021 ഏപ്രിൽ മാസം കെ.പി.സി.സിയുടെ നൂറാം ജന്മവാർഷികത്തിന് തുടക്കം കുറിക്കും.



# ലിംഗസമത്വം – തുല്യനീതി ഉടച്ചുവാർക്കേണ്ട സാമൂഹ്യബോധം


ചിന്താപരമായും സാമൂഹ്യമായും സ്വയം ശാക്തീകരിക്കപ്പെടുന്ന സ്ത്രീകളിലൂടെ മാത്രമേ രാഷ്ട്രീയ സന്തുലനവും അധികാര സമത്വവും കൈവരിക്കാൻ സാധിക്കുകയുള്ളുവെന്നത് ചരിത്രപരമായ യാഥാർത്ഥ്യമാണ്. അധികാരപദവിയിലേക്ക് സ്ത്രീകൾ എത്തിച്ചേരുന്നതിന് വിഘാതമായി നിൽക്കുന്നത് നമ്മുടെ സാമൂഹ്യബോധത്തിലെ പ്രശ്നമാണെന്ന് കാണാം.

സ്ത്രീശാക്തീകരണമെന്ന വിഷയം രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാക്കി മാറ്റുവാൻ മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള ദേശീയ നേതാക്കൾ വിഭാവനം ചെയ്തിരുന്നു. സ്ത്രീകൾക്ക് അവരുടെ ആത്മവിശ്വാസം ഉയർത്തിപ്പിടിച്ചുകൊണ്ട് കർമ്മമേഖലയിൽ വ്യാപരിച്ച് സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കണമെന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. സ്ത്രീകളുടെ തുല്യതയെന്ന ലക്ഷ്യം മുൻനിർത്തി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിവിധ പദ്ധതികൾക്ക് രൂപം നൽകിയിരുന്നു. ഭരണഘടനാശില്പി ഡോ. അംബേദ്കർ, സ്ത്രീകൾ സ്വയം അന്തസ്സും ആദരവും നേടണമെന്ന് ചിന്തിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. ഭരണഘടനാനിർമ്മാണവേളയിൽ സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ചട്ടങ്ങൾക്കുവേണ്ടി നിലയുറപ്പിച്ചവരിൽ പ്രധാനിയായിരുന്നു അംബേദ്കർ. ഇന്ത്യയൻ ഭരണഘടനയിലെ ആർട്ടിക്കിൾ 14–16 ചട്ടങ്ങൾ രൂപീകരിച്ചത് ഈ ലക്ഷ്യം വെച്ചുകൊണ്ടായിരുന്നു.

നിരവധി വനിതകൾ രാഷ്ട്രീയ-ഭരണ ഉദ്യോഗസ്ഥ തലങ്ങളിൽ ഇതിനകം മികവ് തെളിയിച്ചിട്ടുണ്ടെങ്കിലും എല്ലാ മേഖലയിലും ലിംഗസമത്വം എന്നത് എത്തിപ്പിടിക്കാൻ കഴിയാത്തത്രയും ഉയരത്തിലാണ്.

സമൂഹത്തിന്റെ മനോഭാവം തന്നെയാണ് ഇതിന് തടസ്സം നിൽക്കുന്നത്. പാർലമെന്റിൽ വനിതാ സംവരണ ബിൽ കൊണ്ടുവന്നാൽ മാറ്റാവുന്നതല്ല ഈ മനോഭാവം. ലിംഗസമത്വം തുടങ്ങേണ്ടത് വീട്ടകങ്ങളിൽനിന്നാണ്. പുരോഗമനവും ലിംഗസമത്വവുമൊക്കെ പ്രസംഗിച്ചുനടക്കുന്ന പുരുഷന്മാർ പോലും വീടിനകത്തും പുറത്തും ലിംഗസമത്വത്തിന് പ്രാധാന്യം നൽകാറില്ലന്നെതാണ് സത്യം. സ്ത്രീ തലയെടുപ്പോടെ കഴിവ് തെളിയിച്ച് കരുത്തോടെ മുൻനിരയിലേക്ക് വരുന്നത് ആത്മാർത്ഥതയോടെ ഉൾക്കൊള്ളാൻ പുരുഷസമൂഹത്തിന് സാധിക്കുന്നില്ല. അത്തരത്തിലുള്ള അവളുടെ കടന്നുവരവ് പുരുഷലോകം ഭയപ്പെടുന്നുണ്ട്. സ്ത്രീയു

**സ്ത്രീകളുടെ തുല്യതയെന്ന ലക്ഷ്യം മുൻനിർത്തി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിവിധ പദ്ധതികൾക്ക് രൂപം നൽകിയിരുന്നു. ഭരണഘടനാ ശില്പി ഡോ. അംബേദ്കർ, സ്ത്രീകൾ സ്വയം അന്തസ്സും ആദരവും നേടണമെന്ന് ചിന്തിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു.**



ബീന പൂവ്വത്തിൽ
സംസ്ഥാന സെക്രട്ടറി



ടെ നില്പ് ഏത് രംഗത്തായാലും പുരുഷന്റെ പിറകിലായിരിക്കണമെന്നുള്ള ചിന്ത പുരുഷ മനസ്സിൽ രൂഢമൂലമായി കിടക്കുകയാണ്. കൂടാതെ പുരുഷ നിയന്ത്രണത്താൽ ചലിക്കേണ്ടവളാണ് സ്ത്രീ എന്ന ബോധം ആണാധിപത്യസമൂഹത്തിൽ ആഴത്തിൽ വേരുറച്ചുപോയിട്ടുണ്ട്. ഈ പുരുഷബോധത്തിൽ നിന്നുകൊണ്ടാണ് അവർ സ്ത്രീയെ വിലയിരുത്തുന്നത്. ഈ ബോധം സ്ത്രീക്ക് സമൂഹത്തിൽ വരച്ചുകൊടുത്ത ഒരു പരിക്രമണ പാതയുണ്ട്. ആ പാത ലംഘിച്ച് നടക്കുന്നവളെ തന്റേടിയായി അവർ മുദ്രകുത്തുകയും ഭയക്കുകയും ചെയ്യുന്നു. ഒരു സ്ത്രീ നേതൃനിരയിലേക്ക് കയറിവരുന്നതും, സ്വന്തം ശബ്ദങ്ങൾ ഉറക്കെ മറ്റുള്ളവരെ കേൾപ്പിക്കുകയും ചെയ്യുന്നത് പുരുഷനിൽ അസഹനീയമായ അസഹിഷ്ണുതയുണ്ടാക്കുന്നു. ഈ അസഹിഷ്ണുത സ്ത്രീയെ അടിച്ചമർത്തുന്നതിലേക്കും അപവാദപ്രചരണത്തിലേക്കും പുരുഷനെ കൊണ്ടുചെന്നെത്തിക്കുന്നു. ഇത് കുടുംബത്തിലും പ്രസ്ഥാനത്തിലും തൊഴിലിടങ്ങളിലുമെല്ലാം സർവ്വസാധാരണമാണ്.

ആണാധിപത്യത്തിന്റെ അധികാര താല്പര്യങ്ങളെ അതിജീവിച്ച് മുന്നേറാൻ ശ്രമിക്കാത്തവരാണ് ഭൂരിഭാഗം സ്ത്രീകളും. കുടുംബത്തിലായാലും തൊഴിലിടങ്ങളിലായാലും തന്റെ സമാധാനത്തിനും സുരക്ഷിതത്വത്തിനും അഭികാമ്യമായത് ഒരുതരം ഉൾവലിയലാണെന്ന് അവർ ചിന്തിക്കുന്നു. ഇങ്ങനെവരുമ്പോൾ ഇത് പുരുഷ മേൽക്കോയ്മയുടെ താല്പര്യങ്ങൾക്കുള്ള അംഗീകാരമായി മാറുകയും ലിംഗനീതി, തുല്യത എന്നുള്ളതൊക്കെ പാഴ് വാക്കുകളായി നിലനിൽക്കുകയും ചെയ്യുന്നു.


ആണാധികാര തിട്ടൂരങ്ങളെയും അതിർവരമ്പുകളെയും അതിലംഘിച്ചുകൊണ്ട് തന്റേതായ ഇടം കണ്ടെത്തി മുന്നോട്ടുവരുന്ന സ്ത്രീകളുടെ എണ്ണം പരിമിതമാണെങ്കിലും അവരുണ്ടാക്കുന്ന ചലനം സമൂഹത്തിന് നൽകുന്ന സന്ദേശം വളരെ വലുതാണ്. ഇത്തരം അടയാളപ്പെടുത്തലുകളിലൂടെ മാത്രമേ വേരുറച്ചുപോയ ആൺമേൽക്കോയ്മയുടെബോധ്യത്തിന് ഇളക്കംതട്ടുകയുള്ളൂ. സമൂഹത്തിന് മാറി ചിന്തിക്കാനുള്ള പ്രേരണകൂടിയാണ് അവർ നൽകുന്നത്.

ഇത്തരം സ്ത്രീപക്ഷ ചലനങ്ങളെ സ്വീകരിക്കാനും ഉൾക്കൊള്ളാനും തയ്യാറായാൽ മാത്രമേ തുല്യനീതിയും ലിംഗസമത്വവും ഇവിടെ യാഥാർത്ഥ്യമാവുകയുള്ളൂ.

●

# കൊവിഡ്–19:

# ഔഷധരൂപകൽപ്പനയിൽ കമ്പ്യൂട്ടർ സംവിധാനങ്ങളുടെ ഉപയോഗം



കൊറോണ വൈറസുമായി ബന്ധപ്പെട്ട് സാധാരണക്കാരും ശാസ്ത്രകുതുകികളും ഒരുപോലെ ചോദിക്കുന്ന ഒരു ചോദ്യമാണ് എന്തുകൊണ്ട് ആധുനിക ശാസ്ത്രത്തിന് ഈ മഹാമാരിക്ക് മരുന്നു കണ്ടെത്താൻ കഴിയുന്നില്ല എന്നത്. ശാസ്ത്രത്തിന്റെ അത്യഭൂതപൂർവമായ വികാസം കാരണം അതിലുള്ള മനുഷ്യസമൂഹത്തിന്റെ ആത്മവിശ്വാസത്തെയും പ്രത്യാശയെയുമാണ് ഈ ചോദ്യം സൂചിപ്പിക്കുന്നത്. ഒറ്റയായും കൂട്ടമായും ശാസ്ത്രസമൂഹങ്ങൾ ഭഗീരഥയത്നത്തിൽ തന്നെയാണ്. ലോകത്തെ വിവിധ പരീക്ഷണങ്ങളെയും സമീപനങ്ങളെയും കൂട്ടിച്ചേർത്ത് ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ടുള്ള Solidartiy എന്ന പദ്ധതി ഒരുദാഹരണമാണ്. മറ്റാവശ്യങ്ങൾക്കായി ഇതിനികം തന്നെ ഉപയോഗിച്ചുവരുന്നതും കൊറോണയ്ക്കെതിരെ ഫലപ്രദമെന്ന് സംശയിക്കപ്പെടുന്നതുമായ Remdesivir, Hydroxichloroquine, Ritonavir-Lopinavir സംയുക്തം, Ritonavir - Lopinavir - Interferon-beta സംയുക്തം എന്നിവയും പരീക്ഷിക്കപ്പെടുന്നുണ്ട്. ഇതിനുപുറമേ പുതിയ ഔഷധങ്ങൾ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ ലോകമെമ്പാടും നടക്കുന്നുണ്ട്. ഔഷധങ്ങൾക്കു പുറമേ പ്രതിരോധം സൃഷ്ടിക്കാനുതകുന്ന വാക്സിൻ രൂപകൽപ്പനയ്ക്കുള്ള ശ്രമവും നടക്കുന്നുണ്ട്. ഒന്നോ രണ്ടോ വർഷത്തിനകമോ മനുഷ്യസമൂഹത്തിനു ഭാഗ്യമുണ്ടെങ്കിൽ ഏതാനും മാസങ്ങൾക്കകമോ ശാസ്ത്രലോകം ഈ പോർമുഖങ്ങളിലൊന്നിൽ വിജയം കണ്ടേക്കാം എന്നാണ് പൊതുവായ വിലയിരുത്തൽ. ഈ ശ്രമങ്ങളിലൊക്കെത്തന്നെ കമ്പ്യൂട്ടർ സാങ്കേതികവിദ്യ എങ്ങനെ പങ്കാളിയാകുന്നു എന്നതിനെക്കുറിച്ച് ലളിതമായ വിവരണമാണ് ഈ ലേഖനത്തിലുള്ളത്.

കൊറോണ വൈറസ് ഒരു ജീവിയാണോ എന്ന ചോദ്യത്തിന് കണിശമായ ഉത്തരം നൽകാനാകില്ല. എന്നാൽ ജീവികൾക്ക് അവശ്യം വേണ്ടുന്ന ജീനോം ജനിതക രഹസ്യങ്ങളുടെ പുസ്തകം അവയിലുണ്ട് എന്നത് പ്രായോഗികമായി അവയെ ജീവിയായി കണക്കാക്കാൻ കാരണമാണ്. ജീവികളെക്കുറിച്ച്, ജീവനെക്കുറിച്ച് പഠിക്കുന്നത് ഒരുകാലത്ത് ജീവശാസ്ത്രജ്ഞർ മാത്രമായിരുന്നു. അവർ ജീവികളുടെ ശരീരവും അവയുടെ ജീവിതവും സൂക്ഷ്മമായി നിരീക്ഷിച്ചാണ് വിജ്ഞാനം ക്രോഡീകരിച്ചിരുന്നത്.

എന്നാൽ, ജീവൻ എന്ന അതിസങ്കീർണപ്രതിഭാസത്തെ ആഴത്തിലും വീക്ഷണകോണിലും വ്യത്യസ്തമായിക്കാണാൻ തുടങ്ങിയത് ഏകദേശം 400 വർഷങ്ങൾക്കു മുമ്പ് മൈക്രോസ്കോപ്പിന്റെ ആവിർഭാവത്തോടെയാണ്. നഗ്നനേത്രങ്ങൾക്ക് കാണാനാകാത്ത കോശങ്ങളെ മൈക്രോസ്കോപ്പിലൂടെ കാണാൻ കഴിഞ്ഞതോടെ ജീവശാസ്ത്രം മറ്റൊരു വീക്ഷണത്തിനു തുടക്കം കുറിച്ചു. (ഇന്നു നാം കാണുന്ന കൊറോണയുടെ ദൃശ്യാവിഷ്കാരം Transmission Electron Microscopeലൂടെയുള്ള വൈറസിന്റെ ചിത്രങ്ങളെ ആധാരമാക്കിയാണ്.) 20–ാം

നൂറ്റാണ്ടിന്റെ മറ്റുരണ്ടു വീക്ഷണങ്ങൾകൂടി ഉരുത്തിരിഞ്ഞു. ജീവന്റെ രസതന്ത്രം വഴിയും ഭൗതികശാസ്ത്രം വഴിയും ജീവന്റെ രഹസ്യങ്ങളോട് കൂടുതൽ അടുക്കുക എന്നതായിരുന്നു ഈ വീക്ഷണങ്ങളുടെ ദിശ. Bio-Chemistry, Bio-Physisc എന്നീ രണ്ടു ശാസ്ത്രശാഖകളായി അവ പരിണമിച്ചു. ജീവന്റെ രഹസ്യരേഖ എന്നു കരുതാവുന്ന DNAയുടെ ഘടന ജീവശാസ്ത്രജ്ഞരായ Watsan, Crick എന്നിവർ കണ്ടുപിടിച്ചത് കേംബ്രിഡ്ജ് സർവകലാശാലയിലെ ഭൗതിക ശാസ്ത്രവകുപ്പിലാണ്. (കാവൻഡിഷ് ലാബ്) എന്നത് ആകസ്മികമല്ല. അതായത് ജീവശാസ്ത്രം അന്തർവൈജ്ഞാനിക ശാഖയായി മാറാൻ തുടങ്ങിയിരുന്നു. ബഹുവൈജ്ഞാനിക വീക്ഷണങ്ങളിലൂടെ അതിനു പുതിയ മാനങ്ങളും പുതിയ വിജ്ഞാനവും വികാസവും ഉണ്ടാകാൻ തുടങ്ങി. ഇത്തരം പരിണാമത്തിന്റെ സ്വാഭാവികമായ അടുത്ത നടപടിയായിരുന്നു 20-ാം നൂറ്റാണ്ടിന്റെ അവസാനം ഉടലെടുത്ത ഇൻഫോർമാറ്റിക്സ് വീക്ഷണം. ജീവനെ അപഗ്രഥിക്കാൻ ജീവന്റെ രഹസ്യരേഖയിൽ (ജിനോം അഥവാ DNA) അടക്കം ചെയ്തിരിക്കുന്ന വിവരങ്ങൾ വഴിയും സാധിച്ചേക്കാമെന്നുള്ള തിരിച്ചറിവ് 1990കളിലാണ് ശക്തമായത്.

Human Genome പ്രോജക്ടിന്റെ കുതിപ്പിലാണ് ജീവശാസ്ത്രത്തിന്റെ ഈ മാനം ഘനീഭവിച്ചത്. DNAയിൽ അടക്കം ചെയ്തിരിക്കുന്ന വിവരങ്ങളെ ആധുനിക സങ്കേതങ്ങളുപയോഗിച്ച് തിരിച്ചറിഞ്ഞുകഴിഞ്ഞാൽ അവയെ ഒരു കമ്പ്യൂട്ടർ ഡേറ്റാഫയലായി മാറ്റാൻ കഴിയും. കൊറോണ വൈറസ് മുതൽ മനുഷ്യൻ വരെ എല്ലാ ജീവികൾക്കും ഇവ അരസികമായ, 4 അക്ഷരങ്ങൾ മാത്രം ഉപയോഗിച്ച് കുത്തും കോമയും തുടക്കവും ഒടുക്കവുമില്ലാത്ത അർഥശൂന്യമെന്നു തോന്നാവുന്ന ടെക്സ്റ്റ് ഫയലുകളാണ്. മനുഷ്യ DNAയിൽ 3,000,000,000 അക്ഷരങ്ങളുള്ളപ്പോൾ കൊറോണയുടെ തത്തുല്യശേഖരത്തിൽ 30,000 മാത്രമാണുള്ളത്. (ഡേവിഡും ഗോലിയാത്തും).

ഈ രഹസ്യരേഖയിൽ അതാതുജീവികൾക്ക് നിലനിൽക്കാനാവശ്യമായ പ്രമുഖ തന്മാത്രകൾ ഉൽപ്പാദിപ്പിക്കുവാനുള്ള നിർദേശങ്ങളുണ്ട്. ഈ നിർദേശങ്ങളെയാണ് ജീനുകൾ എന്നുപറയുക. മനുഷ്യ DNA യിൽ ഒരുലക്ഷത്തിൽപ്പരം പ്രോട്ടീൻ തന്മാത്രകൾ ഉൽപ്പാദിപ്പിക്കാനുള്ള രഹസ്യ കോഡുകൾ അടങ്ങിയ 30,000ത്തോളം ജീനുകളുണ്ട്.

ഇന്നും ജീവശാസ്ത്രം ഒരു പുതിയ ജീവിയെക്കുറിച്ച് പഠിക്കാൻ ആദ്യം ഉപയോഗിക്കുന്ന സമീപനം അതിന്റെ ജീനോം (DNA) പുസ്തകം വായിച്ചെടുക്കുക എന്നതാണ്. ജീനോം സീക്വൻസിങ് എന്നറിയപ്പെടുന്ന ഈ സാങ്കേതികവിദ്യ വളരെ വികസിച്ചുകഴിഞ്ഞു. Next Generation Sequencing (NGS) എന്ന സാങ്കേതിക വിദ്യയാണ് ഇപ്പോൾ നാം ഉപയോഗിക്കുന്നത്. പഠനവിധേയമാക്കുന്ന ജീവിയുടെ ജനിതകര



പ്രൊഫ. അച്യുത് ശങ്കർ എസ്. നായർ

ഹസ്യങ്ങൾ മനസ്സിലാക്കിത്തുടങ്ങാൻ ഇതിലൂടെ സാധിക്കും. കൊറോണ വൈറസിനെ സംബന്ധിച്ചും ഇങ്ങനെ ഉണ്ടായിട്ടുണ്ട്. ഈ വൈറസിന്റെ ജീനോം സീക്വൻസ് ചെയ്ത് തുടർനടപടികൾക്കായി ലോകത്തിനു ലഭ്യമാക്കിയിട്ടുണ്ട്.

വൈറസുകളുടെ ഒരു പ്രത്യേകത അവയുടെ ജീനോം അതിവേഗം പരിണാമവിധേയമാകുന്നു എന്നതാണ്. ജീനോമിനു മാറ്റം വരുന്നതോടെ വൈറസിന്റെ പ്രവർത്തനരീതിയും അതിനായി അതുപയോഗിക്കുന്ന തന്മാത്രാസാമഗ്രികൾക്കും വ്യത്യാസം വരാം. അതിനാൽ കൊറോണയ്ക്ക് മരുന്നുകണ്ടുപിടിച്ചുകഴിഞ്ഞാലും പരിണാമം വന്ന അഭിനവ കൊറോണ വൈറസുകൾ പുതിയ ഭീഷണി യുയർത്തും. അതായത് വൈറസിനെതിരായ മരുന്നുകൾ രൂപകൽപന ചെയ്യുക എന്നത് തുടരുന്ന ഒരു യുദ്ധമാണ്.


ഇന്ത്യയിൽ പടർന്ന കൊറോണ വൈറസുകളെയും ജീനോം സീക്വൻസിനു വിധേയമാക്കിക്കഴിഞ്ഞു. ഇവയിൽ ചെറുതായിപ്പോലും വ്യതിയാനങ്ങൾ കാണുന്നുണ്ടോ എന്നു പരീക്ഷിക്കാനാണിത്. ചിലപ്പോൾ ഒറ്റ അക്ഷരത്തിന്റെ വ്യതിയാനത്തിൽ വൈറസ് അതിരൂക്ഷമായി മാറുകയോ നിരുപദ്രവകാരിയായി മാറുകയോ ചെയ്തേക്കാം. പ്രത്യേകിച്ച് മാറ്റമൊന്നും പ്രകടമാകാതെ ഇരുന്നുവെന്നു വരാം. (ഒരു പ്രാചീന നാടകത്തിൽ സന്ദേശവാഹകന് വിഷം കൊടുക്കണം എന്ന സന്ദേശത്തിൽ വിഷയ എന്നു പേരുള്ള രാജകുമാരി b എന്ന അക്ഷരം തിരുത്തിച്ചേർന്ന് സന്ദേശവാഹകനെ ഭർത്താവാക്കിയ കഥ ഓർക്കുക. എന്നാൽ കൊടുക്കണം എന്നതു തിരുത്തി കൊടുക്കൂ എന്നാക്കിയാൽ കഥയിൽ മാറ്റമൊന്നും വരില്ലല്ലോ).




ചിത്രം 2: കൊറോണ വൈറസിന്റെ RNA (DNAയ്ക്ക് പകരമുള്ള സംവിധാനം)യിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കമ്പ്യൂട്ടർ ഫയലുകളാകുമ്പോൾ

ഇനി നമുക്ക് അസുഖങ്ങളുടെ തന്മാത്രാതലത്തിലുള്ള ലളിതവൽക്കരിച്ച ഒരു ചിത്രം പരിചയപ്പെടാം. ഇത് പ്രാഥമിക അറിവിനുള്ളതായതിനാൽ സമഗ്രവും സമ്പൂർണവുമായ ചിത്രമല്ല എന്നു പ്രത്യേകം പറയട്ടെ. കോടാനുകോടി കോശങ്ങളാൽ നിർമിതമായ മനുഷ്യശരീരത്തിലെ ഓരോ കോശവും ശരീരത്തിന്റെ പ്രവർത്തനാവശ്യമായ ആയരിക്കണ

ചിത്രം 3




*1. H1, H2, H3, H4 എന്നിവ മനുഷ്യകോശത്തിലെ സ്വതസിദ്ധമായ തന്മാത്രകൾ*

*2. VI, V2, V3 എന്നിവ വൈറസ് സൃഷ്ടിക്കുന്ന തന്മാത്രകൾ (മനുഷ്യകോശത്തിന്റെ സംവിധാനമുപയോഗിച്ചാണ് ഇവ സൃഷ്ടിക്കുന്നത്). ഇവയിൽ VI തന്മാത്ര H1 തന്മാത്രയുമായി സംയുക്തത്തിലാകുന്നു. ഇതുവഴി VI ബന്ധനസ്ഥനാകുന്നു.*

ക്കിനു തന്മാത്രകളെ നിർമിച്ചുകൊണ്ടിരിക്കുകയാണ്. ഇവ വേണ്ട അളവിൽ, വേണ്ട സമയത്ത്, വേണ്ട ഇടത്ത് ഉണ്ടാകുമ്പോൾ സാധാരണ പ്രവർത്തനം നടക്കുന്നു. അസുഖം ഇല്ലാതെയിരിക്കുന്നു. വൈറസുകൾ അസുഖമുണ്ടാക്കുന്ന രീതി ലളിതമായി പറഞ്ഞാൽ അവ ശരീരകോശങ്ങളിൽ കടന്ന് അവയുടേതായ തന്മാത്രകൾ ഉണ്ടാക്കുന്നു എന്നതാണ്. ഈ തന്മാത്രകൾ വൈറസുകൾക്ക് ആവശ്യമുള്ളതും മനുഷ്യശരീരത്തിന് ആവശ്യമില്ലാത്തതും പ്രശ്നങ്ങളുണ്ടാക്കുന്നതുമാണ്. എങ്ങനെയാണവ പ്രശ്നമുണ്ടാക്കുന്നത്? നമുക്കൊരു ലളിതചിത്രീകരണത്തിലൂടെ ഇത് പരിശോധിക്കാം. മനുഷ്യശരീരത്തിൽ സ്വതസിദ്ധമായി ഉണ്ടാകുന്ന തന്മാത്രകൾ H1, H2, H3 എന്നിങ്ങനെയാണെന്നിരിക്കട്ടെ, ഇവ ഓരോന്നിനും മനുഷ്യഷശരീര പ്രവർത്തനത്തിനാവശ്യമായ ധർമങ്ങൾ നിർവഹിക്കാനുണ്ട്. ആ ധർമങ്ങൾ അവ നിർവഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ കൊറോണ വൈറസ് രംഗപ്രവേശം ചെയ്യുന്നു എന്നിരിക്കട്ടെ. വൈറസ് അതിന്റെ ജീനോമിൽനിന്ന് V1, V2, V3 എന്നിങ്ങനെ ചില അതിഥിതന്മാത്രകളെ രംഗത്തിറക്കുന്നു.

ഇവയിൽ ചിലവ മനുഷ്യതന്മാത്രകളുമായി കൂട്ടുകൂടി സംയുക്തങ്ങൾ ഉണ്ടാക്കുന്നു. ഉദാഹരണത്തിന് H1-V1 സംയുക്തം ഉണ്ടാകുന്നതിന്റെ അർഥം H1 എന്ന തന്മാത്ര ബന്ധനസ്ഥനാകുന്നു എന്നതാണ്. H1ന് നേരത്തെ നിർവഹിച്ചുവന്ന സ്വധർമം സാധിക്കാതാവുന്നു. ശരീരത്തിനു ആ സേവനം കിട്ടാതാകുന്നു. അത് രോഗത്തിന് കാരണമാകുന്നു.

മേൽപ്പറഞ്ഞ ചിത്രത്തിലെ V1 എന്ന വൈറൽ തന്മാത്രയെ ടാർജറ്റ് തന്മാത്രയെന്നും ഔഷധമാകാൻ സാധ്യതയുള്ള M1 എന്ന തന്മാത്രയെ ലിഗാന്റ് അഥവാ ലീഡ് തന്മാത്ര എന്നും പരാമർശിക്കാം. ചുരുക്കിപ്പറഞ്ഞാൽ വൈറസിന്റെ പ്രവർത്തനത്തിനാവശ്യമാ, അതിന്റെ ശരീരത്തിലുള്ളതോ അഥവാ അത് പുറപ്പെടുവിക്കുന്നതോ ആയ തന്മാത്രകളിൽ ഒന്നിനെ അതുമായി ശക്തമായി രാസബന്ധത്തിൽ ഏർപ്പെടുന്ന ഒരു ഔഷധ തന്മാത്ര കൊണ്ട് പിടിച്ചുകെട്ടുക എന്നതാണ് രോഗനിവാരണത്തിന്റെ സമീപനം.


ഈ മുഴുവൻ പരീക്ഷണവും തന്മാത്രകളുടെ തൃമാന കമ്പ്യൂട്ടർ മാതൃകകൾ ഉപയോഗിച്ചാണ് ഒന്നാം ഘട്ടത്തിൽ ചെയ്തുവരുന്നത്.

ഇനി കമ്പ്യൂട്ടർ സംവിധാനങ്ങളുടെ പ്രസക്തി പരിശോധിക്കാം. മേൽസൂചിപ്പിച്ച തരത്തിൽ വിവിധ ഔഷധ തന്മാത്രകളുടെ പ്രവർത്തനഫലം എന്താണെന്ന് നേരിട്ടുപരിശോധിക്കുകയായിരുന്നു മുൻകാലരീതി. മൃഗങ്ങളിൽ പരിശോധിച്ചശേഷം വളരെ നിയന്ത്രണങ്ങളോടെ മനുഷ്യരിൽ പരിശോധിക്കുന്ന രീതി ചിലവേറിയതും സമയം പിടിച്ചതും അപകടം പിടിച്ചതുമാണ്. പതിനായിരക്കണക്കിന് ഔഷധതന്മാത്ര സാധ്യതകൾ പരിശോധിക്കുമ്പോഴാണ് നമുക്ക് ചെറിയതോതിൽ ഫലമുള്ള ഒന്ന് കണ്ടെത്താനാവുക. 10 വർഷത്തിലേറെ സമയവും ഒരു ബോയിങ് 747 വിമാനത്തിന്റെ വിലയും ചിലവാക്കിയാലേ ജീവൻരക്ഷാ ഔഷധങ്ങൾ ഇത്തരത്തിൽ കണ്ടെത്താനാകുമായിരുന്നുള്ളൂ. എന്നാൽ തന്മാത്രകളുടെ തൃമാനഘടകൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിവച്ചാൽ നേരിട്ടുള്ള പരീക്ഷണങ്ങൾക്കു മുന്നോടിയായി കമ്പ്യൂട്ടറിൽത്തന്നെ ടാർജറ്റ് – ലിഗാന്റ് സംയുക്ത സാധ്യത പ്രവചിക്കാനാകാം. ഇതിനായി സവിശേഷ ഡോക്കിങ് സോഫ്റ്റ് വെയറുകൾ ലഭ്യമാണ്. വർഷങ്ങളെടുക്കുന്ന പരീക്ഷണങ്ങൾക്ക് ആഴ്ചകൾകൊണ്ട് ഉത്തരം നൽകുവാൻ ഈ സോഫ്റ്റ് വെയറുകൾക്കാകും. ഇതിന് ഹൈ പെർഫോമൻസ് കമ്പ്യൂട്ടർ സെർവറുകൾ ആവശ്യമാണ്.

വൈറസിന്റെ ശരീരത്തിലുള്ള തന്മാത്രകളെക്കുറിച്ച് നേരത്തെ പറഞ്ഞിരുന്നുവല്ലോ. കൊറോണ വൈറസിനു പുറംതോടിൽ നിന്ന് ഉയർന്നുനിൽക്കുന്ന മുള്ളുകൾപോലുള്ള ഭാഗം (spike) ആണ് അതിൽ ആദ്യത്തേത്. ഈ തന്മാത്രയിൽ ഒട്ടിച്ചേരുന്ന ഒരു തന്മാത്ര കണ്ടുപിടിക്കുന്നത് വൈറസിനു കോശങ്ങൾക്കുള്ളിൽ കടന്നുചെല്ലാനുള്ള കഴിവ് ഇല്ലാതാക്കും. (ഒരുതരം മുനയൊടിക്കൽ). വൈറസ് കോശത്തിനകത്ത് കടന്നാൽ ഒരു ശത്രുരാജ്യത്തെ തീവ്രവാദി നമ്മുടെ നാട്ടിൽ നുഴഞ്ഞുകയറി ചെയ്യുന്ന പ്രവർത്തികളുമായി അതിന് സാമ്യം കാണാം. തീവ്രവാദി നമ്മുടെ നാട്ടിലെ ഒരു പൗരനെപ്പോലെ നമ്മുടെ നാട്ടിലെ റോഡുകൾ, ഫോണുകൾ, മാധ്യമങ്ങൾ ഒക്കെ ഉപയോഗിച്ചാണ് പ്രവർത്തിക്കുക. തലച്ചോർമാത്രം അവന്റേത്. കൂടാതെ നമ്മുടെ നാട്ടിലെ

കുറേപ്പേരെക്കൂടി അവരുടെ ലക്ഷ്യങ്ങൾക്കായി വഴിതെറ്റിച്ച് കൂടെ ചേർക്കുന്നു. കൊറോണ വൈറസ് കോശത്തിനുള്ളിൽ പ്രവേശിച്ചാൽ അതിന്റെ ജീനോം കോശത്തിനുള്ളിൽ സ്വതന്ത്രമാകുന്നു. മനുഷ്യകോശത്തിന്റെ സാധാരണ പ്രവർത്തനത്തിന് മനുഷ്യകോശത്തിന്റെ ജീനോമിന്റെ ചില ശകലങ്ങൾ ഇത്തരത്തിൽ കോശത്തിനുള്ളിൽ നിരന്തരം ഒഴുകിനടക്കാറുണ്ട്. അവകോശത്തിലെ മറ്റുചില തന്മാത്രകളെക്കൂടി സമാഹരിച്ച് പ്രോട്ടീൻ നിർമാണം നടത്തിവരികയും ചെയ്യുന്നുണ്ട്. അതിനിടയിലാണ് ഈ തീവ്രവാദ ജീനോം ചെന്നിറങ്ങുന്നത്. അതിനെയും കോശത്തിലെ സംവിധാനം സ്വീകരിച്ച് പ്രോട്ടീൻ നിർമാണം നടത്തുന്നു. വൈറസിന്റെ തുടർപ്രവർത്തനത്തിന് (അതിലൊന്ന് കൂടുതൽ വൈറസുകളെ സൃഷ്ടിച്ച് കോശഭിത്തി ഭേദിച്ച് പുറത്തുകടക്കുക എന്നതാണ്) ആവശ്യമായ പ്രോട്ടീനുകൾ ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്നു. അവയിൽ 3CLpro, PLpro, RdRp എന്നിവ വൈറസിന് അത്യന്താപേക്ഷിതമായവയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ തന്മാത്രകളിലൊന്നിനെയും ടുശസല തന്മാത്രയെയോ പിടിച്ചുകെട്ടാൻ ഉതകുന്ന ഒരു ഔഷധ തന്മാത്രയാണ് ബഹുഭൂരിപക്ഷം ഗവേഷകരും കണ്ടെത്താൻ ശ്രമിക്കുന്നത്.

വൈറസുമായി ബന്ധപ്പെട്ട തന്മാത്രകളെ പിടിച്ചുകെട്ടാനുതകുന്ന തന്മാത്രയ്ക്ക് ചില നിബന്ധനകൾ കൂടിയുണ്ട്. അവ ചെറിയ തന്മാത്രകളായിരിക്കണം, എന്നാൽ മാത്രമേ അവയ്ക്ക് ശരീരത്തിന്റെ പ്രതിരോധസംവിധാനത്തിന്റെ കണ്ണിൽപ്പെടാതെ സഞ്ചരിക്കാൻ സാധിക്കൂ (മദയാനയുടെ മുന്നിൽ മനുഷ്യൻ ചെന്നുപെട്ടാൽ ആന ആക്രമിച്ചേക്കാം. എന്നാൽ ഒരു കട്ടുറുമ്പാണെങ്കിൽ ആന കാണുകയേ ഇല്ല. തുമ്പിക്കയ്യിൽ കടിച്ചാൽ ആന കുഴയുകയും ചെയ്യും). കൂടാതെ ഔഷധതന്മാത്രകൾ അതു പിടിച്ചുകെട്ടാൻ ഉദ്ദേശിച്ച തന്മാത്രയെ കൂടാതെ മറ്റു തന്മാത്രകളെയും പിടിച്ചുകെട്ടിയാൽ അത് പുതിയ രോഗങ്ങൾക്ക് വഴിവയ്ക്കും (Side effect). മനുഷ്യകോശത്തിനുള്ളിൽ പതിനായിരക്കണക്കിനു തന്മാത്രകളുണ്ട്. ഇവയിലൊന്നുമായും ഔഷധ തന്മാത്ര കെട്ടുപിണയാൻ പാടില്ല, അഥവാ അങ്ങനെ ഉണ്ടായാൽത്തന്നെ അത് ഗുരുതരമായ ഒരു പ്രത്യാഘാതവും ഉണ്ടാകാൻ പാടില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതിനും കമ്പ്യൂട്ടർ പ്രവചനങ്ങൾ ഉണ്ടെങ്കിലും ഒരു തന്മാത്രയുമായുള്ള ബന്ധപ്രവചനം പോലെ ലളിതമല്ല എന്നു വ്യക്തമാണല്ലോ. പുതുതായി പരീക്ഷിക്കപ്പെടുന്ന ഒരു ഔഷധമാകുമ്പോൾ ഈ പ്രശ്നം ഏറെ ഗുരുതരമാണ്. നിലവിലുള്ള ഔഷധങ്ങൾ പുതിയൊരു രോഗത്തിനായി പരീക്ഷിക്കുമ്പോഴാകട്ടെ, ഈ പ്രശ്നം ഗുരുതരമല്ല. മറ്റ് രോഗങ്ങൾക്ക് ഉപയോഗിച്ചുവരുന്ന ഔ




*ചിത്രം 5: കൊറോണ വൈറസുമായി ബന്ധപ്പെട്ട ഒരു പ്രമുഖ തന്മാത്ര കമ്പ്യൂട്ടറിൽ ദൃശ്യവൽക്കരിച്ചിരിക്കുന്ന ചിത്രമാണ് ചുവടെ (SARS - Cov - 2 Main Protease) കേരള സർവകലാശാലയിൽ ലഭ്യമായ Discovery Studio Visualizer എന്ന സോഫ്റ്റ് വെയറിലാണ് ഈ ചിത്രം ദൃശ്യമാക്കിയിരിക്കുന്നത്.*

ഷധങ്ങളായ Remdesivir, Ritonavir എന്നിവയൊക്കെ കൊറോണയ്ക്ക് പരീക്ഷിക്കുവാൻ കാലതാമസമെടുക്കാത്തതിന്റെ കാരണം ഇതാണ്.

ഔഷധങ്ങളായി ഉപയോഗിക്കാൻ പൊതുവിൽ സാധ്യമായ തന്മാത്രകളുടെ കമ്പ്യൂട്ടർ മാതൃകകളുടെ വൻ ഡേറ്റാബേസുകൾ ഇന്ന് ലഭ്യമാണ്. അവയുടെ വിവിധ ലക്ഷ്യതന്മാത്രകളുമായുള്ള ബന്ധം ലോകത്തെമ്പാടും പഠിച്ചുവരുന്നു.

മറ്റൊരു മാർഗം പുതിയ തന്മാത്രകൾ പരീക്ഷിക്കുക എന്നതാണ്. ഇവിടെയാണ് പുതിയ സാധ്യതകളുള്ളത്. പ്രകൃതിയിലെ സസ്യങ്ങളും ജീവജാലങ്ങളും വൈവിധ്യമാർന്ന തന്മാത്രകളുടെ അക്ഷയഖനിയാണ്. ഇവയിലൊന്ന് ശല്യക്കാരായ കൊവിഡ് തന്മാത്രകളെ പിടിച്ചുകെട്ടാൻ അനുയോജ്യമായിരിക്കാം എന്നത് ഏറെ യുക്തിപരമായ ചിന്ത തന്നെയാണ്. ഈ അന്വേഷണ




*ചിത്രം 4*

*1. H1- V1 കൂട്ടുചേർന്ന് H1 സ്വതന്ത്രമായി ശരീരത്തിന് ലഭ്യമാകാതെ ഇരിക്കുന്ന അവസ്ഥ അസുഖത്തിന് ഹേതുവാകുന്നു.*

*2. ഔഷധതന്മാത്ര M1 ശരീരത്തിൽ ലഭ്യമാകുന്നു. M1 ഉം V1 ഉം തമ്മിൽ മികച്ച ചേർച്ചയാണ്*

*3. V1 ഉം M1 ഉം തമ്മിൽ സംയുക്തം ഉണ്ടാകുന്നു. H1 അങ്ങനെ സ്വതന്ത്രമായി ലഭ്യമാകുന്നു.*

ത്തെ കൃത്യമാക്കാനായി പരമ്പരാഗത വിജ്ഞാന സൂചകങ്ങൾ ഉപയോഗിക്കാറുമുണ്ട്. വേപ്പ്, മഞ്ഞൾ, അശ്വഗന്ധം എന്നിങ്ങനെ ഔഷധഗുണമുണ്ടെന്ന് നൂറ്റാണ്ടുകളായി പരിഗണിക്കപ്പെട്ടുവരുന്ന സസ്യങ്ങൾക്കുള്ളിലെ തന്മാത്രകൾക്ക് ഈ പരീക്ഷണങ്ങളിൽ പ്രഥമ പരിഗണന ലഭിക്കുന്നു. ഭക്ഷ്യയോഗ്യമായ വസ്തുക്കളിൽ നിന്നു കണ്ടെത്തുന്ന തന്മാത്രകളും ഔഷധമാക്കിമാറ്റണമെങ്കിൽ തുടർപരീക്ഷണങ്ങൾ ആവശ്യമുണ്ട്. കാരണം, ഭക്ഷണത്തിൽ ലഭ്യമാകുന്ന അളവിൽ ആയിരിക്കില്ല ഔഷധത്തിൽ ലഭ്യമാകുന്നത്. അധികമായാൽ അമൃതും വിഷം എന്ന പരമ്പരാഗത വിജ്ഞാനം (അഥവാ Everything is a poison, the dose decides it എന്ന ആധുനികശാസ്ത്ര വിജ്ഞാനം) ഇത്തരത്തിൽ പ്രസക്തമാണ്. അതായത് തന്മാത്രാതലത്തിൽ ഫലം കണ്ടാലും മറ്റനേകം പരീക്ഷണങ്ങൾക്കുശേഷമേ പുതിയ തന്മാത്രകൾ ഔഷധമായി സ്വീകരിക്കാൻ കഴിയൂ.

കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷണങ്ങൾക്കുശേഷം കോശങ്ങളിൽ, തുടർന്ന് പരീക്ഷണജീവികളിൽ ഏറ്റവും അവസാനം മനുഷ്യരോഗികളിലും പരീക്ഷിച്ചശേഷം മാത്രമേ ഒരു തന്മാത്ര ഔഷധമായി അംഗീകരിക്കൂ. ഔഷധഗവേഷണത്തിന്റെ ആദ്യഘട്ടത്തെ കൃത്യവും ചടുലവുമാക്കാൻ മാത്രമേ കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്രദമാകൂ. മറ്റു ഘട്ടങ്ങൾ ഒഴിവാക്കാൻ സാധിക്കില്ല. (Organson-Chip എന്ന നവീനസംവിധാനം മനുഷ്യരിൽ പരീക്ഷണം നടത്തുന്നതിനു മുന്നോടിയായി ആദ്യഘട്ട വിലയിരുത്തലിനായി ഇപ്പോൾ ലഭ്യമാണ്)

കമ്പ്യൂട്ടർ അധിഷ്ഠിത തന്മാത്രാപഠനം ഏതെങ്കിലും ഔഷധങ്ങൾ ഇതുവരെ സൃഷ്ടിക്കാൻ സഹായിച്ചിട്ടുണ്ടോ എന്നു നോക്കാം. താഴെപ്പറയുന്ന ഔഷധങ്ങൾ പ്രയോഗത്തിലെത്തിയതിൽ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങൾ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. Saquinavir, Nelfinavir(HIV), Chlorpromatine(Cancer), Zanamivir(Influenza), Itraconazole, Atorvastatiri, Posaconazole(Malaria), Ribavirin, Sofosbuvir(Zikavirus), Diclofenac(TB).

ഔഷധങ്ങൾക്കുപുറമേ വാക്സിൻ നിർമാണവും കൊറോണയ്ക്കെതിരെ ശ്രമിച്ചുവരുന്നുണ്ട്. മഹാമാരികളായ സ്മോൾപോക്സ്, കോളറ എന്നിവയ്ക്കെതിരെ വാക്സിനുകൾ വിജയം കൊണ്ടാടിയ ചരിത്രത്തിൽ നിന്നാണ് ഈ രംഗം പ്രത്യാശനൽകുന്നത്. ഒരു രോഗം ശരീരത്തെ ബാധിക്കുമ്പോൾ അതിന്റെ പ്രതിരോധത്തിനുതകുന്ന 'ആന്റിബോഡീസ്' ക്രമേണ ശരീരത്തിൽ സൃഷ്ടിക്കപ്പെടുന്നു. രോഗം ഭേദമായവരിൽ ഈ പ്രതിരോധസേനയെ കാണാം. രോഗമില്ലാത്തവരിൽ ഈ പ്രതിരോധ തന്മാത്രകളെ കടത്തിവിട്ട് അവരെ ഈ രോഗം നേരിടാൻ സജ്ജമാക്കുന്ന ചികിൽസാരീതികളിൽ പെടുന്നതാണ് Plasma Therapy. രോഗം ഭേദമായവരുടെ രക്തത്തിന്റെ ദ്രാവകഘടകത്തിൽ (Plasma) antibodies കാണാമെന്നതിനാൽ അതിൽനിന്ന് അവ വേർതിരിച്ചെടുത്ത് ഉപയോഗിക്കലാണ് Plasma Therapy. ഇതിനെക്കുറിച്ച് ശാസ്ത്രലേ?ാകം അഭിപ്രായ സമന്വയത്തിലെത്തിയിട്ടില്ല. രോഗതീവ്രതയും കാലഘട്ടവും കുറയ്ക്കാനെങ്കിലും ഇതു സഹായിക്കുമെന്നാണ് പൊതുവിലെ ധാരണ. ശക്തികുറഞ്ഞതോ പ്രവർത്തനക്ഷമമല്ലാതാക്കി മാറ്റിയതോ ആയ വൈറസിനെത്തന്നെ ശരീരത്തിലേക്കു കടത്തിവിടുക എന്നതാണ് പരമ്പരാഗത വാക്സിൻ ചികിൽസാരീതി. Smallpox പ്രതിരോധം ഉണ്ടാക്കാനായി ശക്തി കുറഞ്ഞ Cowpox വൈറസിനെ ഉപയോഗിച്ച പ്രശസ്തമായ ഉദാഹരണം ഓർക്കാവുന്നതാണ്. Measles, Polio എന്നിവയ്ക്ക് എതിരായും ഇതേ രീതിയാണ് വിജയം കണ്ടിട്ടുള്ളത്. എന്നാൽ സുരക്ഷാപരീക്ഷണങ്ങൾക്കു ശേഷം മാത്രമേ ഇത് അംഗീകരിക്കാൻ സാധിക്കൂ. കൊറോണയുടെ കാര്യത്തിൽ ഇതിനുപുറമേ മറ്റൊന്നുകൂടിയുണ്ട്. വൈറസ് നിരന്തരം രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നു എന്നതാണത്.

Serum Institute of India യും Codagenix എന്ന ന്യൂയോർക്ക് കമ്പനിയും ചേർന്ന് കൊറോണ വൈറസിനെ ശക്തികുറച്ച് പുനർനിർമിക്കാൻ ശ്രമിച്ചുവരികയാണ്. ഓക്സ്ഫഡ് സർവകലാശാല മനുഷ്യരിലെ പരീക്ഷണഘട്ടം വരെ എത്തിച്ചേർന്നുകഴിഞ്ഞു. ചൈനയിലും ഒരു വാക്സിൻ വികസനം ഒന്നാംഘട്ടം പിന്നിട്ടിട്ടുണ്ട്. സാധാരണ ജലദോഷം ഉണ്ടാക്കുന്ന വൈറസിനെ ജനിതകമാറ്റം വരുത്തി അതിൽ കൊറോണയുടെ ചില സവിശേഷതൾ വരുത്തിയാണ് വാക്സിനായി ഉപയോഗിക്കുന്നത്. ലോകത്താകമാനം 90 വാക്സിനുകൾ ഇത്തരത്തിൽ വികസിച്ചുവരികയാണ്. രണ്ട് വർഷത്തിനകം വിജയം കണ്ടെത്തിയേക്കാം എന്നാണ് വിലയിരുത്തൽ. ഈ മേഖലയിലും കമ്പ്യൂട്ടറുകളുടെ പ്രയോഗം നിസ്തുലമാണ്. Epitope Prediction എന്ന വാക്സിൻ രൂപകൽപ്പനയിലെഘട്ടത്തിന് ഉപയോഗിക്കാവുന്ന സവിശേഷ സോഫ്റ്റ്വെയറുകൾ പ്രചാരത്തിലുണ്ട്. ഔഷധനിർമാണത്തിൽ സൂചിപ്പിച്ച പോലെ വാക്സിൻ നിർമാണത്തിന്റെ കാര്യത്തിലും കമ്പ്യൂട്ടർ പ്രവചനങ്ങൾ കഴിഞ്ഞിട്ടുള്ള പരീക്ഷണഘട്ടങ്ങൾ ഒഴിവാക്കാൻ കഴിയില്ല.

ഔഷധരൂപകൽപ്പനയിലും വാക്സിൻ രൂപ കൽപ്പനയിലും കമ്പ്യൂട്ടർ സംവിധാനങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ് എന്നാണ് ഈ ലേഖനത്തിൽ ചർച്ചചെയ്തതിന്റെ സാരം. അവ ഔഷധ-വാക്സിൻ വികസനത്തിന്റെ ചിലഘട്ടങ്ങളെ കൃത്യവും ചടുലവും ആക്കുകയും ചിലവ് കുറയ്ക്കുകയും ചെയ്യുന്നു. എന്നാൽ അതുകൊണ്ട് മാത്രം ഔഷധവും വാക്സിനും പ്രത്യക്ഷപ്പെടണമെന്നില്ല.

മരുന്ന് 'കണ്ടുപിടിക്കുന്നു' എന്നാണ് നാം സാധാരണ പറയാറ്. എന്നാൽ യഥാർഥത്തിൽ ഔഷധങ്ങൾ ചിന്തിച്ച് അപഗ്രഥിച്ച് പടിപടിയായി രൂപകൽപ്പന ചെയ്യുന്ന പ്രക്രിയയാണ് ലോകമെമ്പാടും നടക്കുന്നത്. ഭാഗ്യപരീക്ഷണത്തിലൂടെ ഒരു മരുന്ന് കണ്ടുപിടിക്കപ്പെടാൻ സാധ്യത കുറവാണ്. ധിഷണ യിലൂടെ ഉരുത്തിരിഞ്ഞുവരാനാണ് സാധ്യത.

**കടപ്പാട് :**

*ഈ മേഖലയിൽ ഗവേഷകപ്രവർത്തനം നടത്തിവരുന്ന കേരള സർവകലാശാലയിലെ യുവഗവേഷക വിദ്യാർഥികൾ ഈ ലേഖനം വായിക്കുകയും വിമർശിക്കുകയും അതിലേക്കായി വിവരങ്ങൾ സംഭാവന ചെയ്യുകയുമുണ്ടായി. അവർക്ക് നന്ദി രേഖപ്പെടുത്തുന്നു. (പ്രൊഫ. അച്യുത് ശങ്കർ എസ്. നായർ - 9446928759)*

# ചൈനയുടെ കടന്നു കയറ്റം ഉയർത്തുന്ന പ്രശ്നങ്ങൾ



പി.എസ്. ശ്രീകുമാർ

ജൂൺ 15നു ലഡാക്കിലെ പാങ്കോങ് തടാകക്കരയിൽ നമ്മുടെ സൈനികരും ചൈനയുടെ സൈനികരും തമ്മിലുണ്ടായ കായിക സംഘർഷത്തിൽ നമ്മുടെ 20 സൈനികർക്കാണ് ജീവത്യാഗം ചെയ്യേണ്ടി വന്നത്. ഇരു രാജ്യങ്ങളുടെയും സൈനികർ മുഖാമുഖം നിൽക്കേണ്ടിവന്ന സാഹചര്യം ഒഴിവാക്കി സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കുവാൻ ദിവസങ്ങളായി സൈനിക തലത്തിൽ നടന്ന ചർച്ചകളിൽ ധാരണ ഉണ്ടായി. ചൈനയുടെ സൈന്യം സംഘർഷം നിലനിൽക്കുന്ന കിഴക്കൻ ലഡാക്കിലെ ഭാഗങ്ങളിൽ നിന്നും ഘട്ടം ഘട്ടമായി പിന്മാറാൻ ധാരണയായതായാണ് നമ്മുടെ വിദേശ മന്ത്രാലയം അറിയിച്ചത്. ജൂൺ 6നു സൈനിക നേതൃത്വങ്ങൾ തമ്മിൽ ചർച്ചകളിൽ എത്തിച്ചേർന്ന ധാരണ ലംഘിച്ച് ഹിമാലയ പർവത സാനുക്കളിൽ സ്ഫോടനാത്മകമായ അന്തരീക്ഷം സൃഷ്ടിച്ചത് ചൈനയായിരുന്നു. ചൈന എടുത്ത ഏകപക്ഷീയമായ നടപടികളാണ് 45 വർഷങ്ങൾക്കുശേഷം ഇരുപക്ഷത്തുമുള്ള സേനകൾ തമ്മിൽ നേർക്കുനേരെയുള്ള ഏറ്റുമുട്ടലിനും, ഇരുപക്ഷത്തുമുള്ള നിരവധി സൈനികരുടെ ജീവത്യാഗത്തിലേക്കും നയിച്ചത്.

കഴിഞ്ഞ ഒരു മാസത്തിലേറെയായി ലഡാക്കിലെ പാങ്കോങ് തടാകക്കര, ഗൾവാൻ താഴ്‌വര എന്നിവിടങ്ങളിലും സിക്കിമിലെ നാക്‌ലയിലും സൈനികർ മുഖാമുഖം നിൽക്കുകയും ഇടക്ക് ദ്വന്ദ യുദ്ധത്തിലും, മൽപിടുത്തത്തിലും ഏർപ്പെടുകയും ചെയ്തു. ഈ മേഘലകളിൽ യഥാർത്ഥ നിയന്ത്രണ രേഖ അതിക്രമിച്ച് ചൈനയുടെ സേന കടന്നുകയറിയെന്നാണ് വിദേശകാര്യവകുപ്പ് അറിയിച്ചത്. എന്നാൽ നമ്മുടെ ഭൂപ്രദേശത്തു യാതൊരുവിധ കടന്നുകയറ്റവും ഉണ്ടായിട്ടില്ലെന്ന പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ പ്രസ്താവന രാഷ്ട്രീയ വിവാദമായ സാഹചര്യത്തിൽ, ഘട്ടംഘട്ടമായുള്ള സേനാ പിന്മാറ്റം ശ്രദ്ധേയമാണ്. ഇരു സൈന്യങ്ങളും എവിടെനിന്നു, എങ്ങോട്ടേക്കു പിന്മാറുന്നു തുടങ്ങിയ കാര്യങ്ങൾ പ്രത്യേക പ്രാധാന്യമർഹിക്കുന്നവയാണ്.

## എന്തിനുവേണ്ടിയുള്ള തർക്കം?

3488 കിലോമീറ്റർ നീളമുള്ള ഇന്ത്യ-ചൈന അതിർത്തിയുടെ ഭൂരിഭാഗം പ്രദേശങ്ങളും ടിബറ്റുമായി ചേർന്ന ഭാഗങ്ങളിലൂടെയാണ് കടന്നുപോകുന്നത്.ടിബറ്റ് ഒരു സ്വതന്ത്രരാജ്യമായിരുന്ന കാലഘട്ടത്തിൽ ബ്രിട്ടീഷ് -



ദക്ഷിണ ചൈന സമുദ്രത്തിൽ അമേരിക്കയും ജപ്പാനും ഇന്ത്യയും ചേർന്ന് നടത്തുന്ന നാവിക അഭ്യാസങ്ങളെയും അവർ സംശയത്തോടെയാണ് കാണുന്നത്. വലിയ സൈനിക സഖ്യത്തിന്റെ ഭാഗമാണോ ഇതെന്ന് അവർ ആശങ്കപ്പെടുന്നു. ഇന്ത്യയെ സംശയ ദൃഷ്ടിയോടെ നോക്കാൻ ചൈനയെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ ഇതൊക്കെയാണ്.

ഇന്ത്യ സർക്കാരുമായി 1914ൽ അതിർത്തി നിർണ്ണയം നടത്തുകയുണ്ടായി. ബ്രിട്ടീഷ് - ഇന്ത്യ സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്ന ഹെൻറി മക് മഹൻ തയ്യാറാക്കിയ അതിർത്തി രേഖ അന്ന് സ്വതന്ത്ര രാജ്യമായിരുന്ന ടിബറ്റിന്റെ പ്രതിനിധി ലോഞ്ചൻ സത്രയും അംഗീകരിച്ചു. മക്മഹൻ രേഖയാണ് വടക്കൻ മേഘലയിലെ അന്താരാഷ്ട്ര അതിർത്തി രേഖയായി ഇന്ത്യ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ അന്ന് ടിബറ്റ് ഒരു സ്വതന്ത്ര രാജ്യമായിരുന്നില്ല എന്ന മുടന്തൻ ന്യായം ഉന്നയിച്ച് മക്മഹൻ രേഖ ചൈന അംഗീകരിക്കുന്നില്ല. മാത്രമല്ല, മക് മഹൻ രേഖയ്ക്ക് തെക്കുഭാഗത്തുള്ള അരുണാചൽപ്രദേശ് തെക്കൻ ടിബറ്റിന്റെ ഭാഗമാണെന്നും അവർ അവകാശപ്പെടുന്നു.

വടക്കുപടിഞ്ഞാറൻ ഭാഗത്തെ തർക്കപ്രദേശം അക്സായി ചിൻ ആണ്. ഈ പ്രദേശവുമായി ബന്ധപ്പെട്ട് ആദ്യം ഉണ്ടായ ഉടമ്പടി 1842-ലായിരുന്നു. പഞ്ചാബിലെ അന്നത്തെ സിഖ് രാജവംശം 1834-ൽ നടത്തിയ യുദ്ധത്തിൽ ലഡാക്ക് മേഖല പിടിച്ചെടുത്തു. 1844ൽ അവർ ടിബറ്റ് ആക്രമിച്ചു. ആ യുദ്ധത്തിൽ ചൈനയുടെ സൈന്യം സിഖ് സൈന്യത്തെ തോൽപ്പിക്കുകയും ലഡാക്ക് കൈവശപ്പെടുത്തുകയും ചെയ്തു. തുടർന്ന് നടത്തിയ ഒത്തുതീർപ്പിന്റെ ഭാഗമായാണ് 1842-ൽ ഉടമ്പടി ഒപ്പു വച്ചതും ചൈനയുടെ സൈന്യം ലഡാക്കിൽനിന്നും പിന്മാറിയതും. 1846-ൽ ബ്രിട്ടീഷിന്ത്യയുമായി നടന്ന യുദ്ധത്തിൽ, ലഡാക് ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ബ്രിട്ടീഷിന്ത്യയുടെ ഭാഗമായി. അകസായി ചിൻ പ്രദേശത്തെ സംബന്ധിച്ച വ്യക്തമായ അതിർത്തി രേഖയില്ലെങ്കിലും, ഈ ഭൂപ്രദേശം മുഴുവൻ ബ്രിട്ടീഷിന്ത്യയുടെ ഭാഗമായിരുന്നു. ഈ വാദം ചൈന അംഗീകരിക്കുന്നില്ല. 1950-കളിൽ വടക്കുപടിഞ്ഞാറൻ ചൈനയിലെ ഷിൻജിയാങ് പ്രവിശ്യയെയും ടിബറ്റിനെയും ബന്ധിപ്പിച്ചുകൊണ്ട് അവർ അക്സയിച്ചിനിലൂടെ റോഡു നിർമാണവും നടത്തി. ഈ റോഡ് നിർമാണം ഇന്ത്യയുടെ ശ്രദ്ധയിൽപെട്ടത് വളരെ വൈകിയായിരുന്നു. നല്ല സുഹൃത്തുക്കൾ ആയിരിക്കുമ്പോൾ തന്നെയാണ് അപ്രതീക്ഷിതമായി 1962-ൽ ചൈന ഇന്ത്യയെ ആക്രമിച്ചത്. ചരിത്രപരമായി ഉണ്ടാക്കിയിട്ടുള്ള ധാരണകൾക്കും ഉടമ്പടികൾക്കും, അന്താരാഷ്ട്ര നിയമങ്ങൾക്കും വിരുദ്ധമായാണ് അക്സയി ചിൻ പ്രദേശം അവർ പിടിച്ചെടുക്കുകയും 38000 ച.കി. സ്ഥലം ഇപ്പോഴും കൈവശം വച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നത്.

## പേടിസ്വപ്നമായി ദൗലത് ബെഗ് റോഡ്

255 കി.മീ. നീളത്തിൽ ലഡാക്കിലെ ഡർബുക് - ഷിയോക്ക് - ദൗലത്ബെഗ് ഓൾഡിയിലൂടെ 2000-ൽ ഇന്ത്യ ആരംഭിച്ച റോഡുനിർമ്മാണം ചൈനയ്ക്കു അങ്കലാപ്പുണ്ടാക്കുന്നതാണ്. ലഡാക്ക് മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖയ്ക്കു സമാനമായി കഴിഞ്ഞ ഇരുപതു വർഷമായി നടക്കുന്ന റോഡ് നിർമ്മാണം നടപ്പിലാക്കുന്നത് നമ്മുടെ ബോർഡർ റോഡ്സ് ഓർഗനൈസേഷനാണ്. ലേയിൽ ആരംഭിച്ച് ചൈനയുടെ ഷിൻജിയാങ് പ്രവിശ്യയെയും, ടിബറ്റിനെയും ബന്ധിപ്പിയ്ക്കുന്ന കാരക്കോറം പാസ്സിന് സമീപമുള്ള ദൗലത് ബെഗ് ഓൾഡിയിലാണ് ഈ റോഡ് അവസാനിയ്ക്കുന്നത്. 1962ലെ യുദ്ധകാലത്തു നമ്മുടെ സൈന്യം അവിടെ ഒരു ചെറിയ വിമാനത്താവളം നിർമിച്ചിരുന്നു. എന്നാൽ, 2008ൽ വലിയ യുദ്ധ വിമാനങ്ങൾ ഇറങ്ങാവുന്ന തരത്തിൽ നമ്മൾ ഈ വിമാനത്താവളത്തിനെ വികസിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്തു. ഇതിന് സമീപത്തുകൂടിയാണ് പാകിസ്ഥാൻ അധീന കശ്മീരിലെ ഗിൽഗിത് - ബാൾട്ടിസ്റ്റാൻ മേഖലയിലൂടെ ചൈന നിർമിക്കുന്ന ചൈന - പാക്കിസ്ഥാൻ സാമ്പത്തിക ഇടനാഴിക്കുള്ള എക്സ്പ്രസ് റോഡ് കടന്നുപോകുന്നത്. എക്സ്പ്രസ് ഹൈവേകളും, ഗധ്വർ തുറമുഖ വികസനങ്ങളും ഉൾപ്പെടെ 60 ബില്യൺ ഡോളറിലേറെയാണ് ഈ സാമ്പത്തിക ഇടനാഴിയുടെ വികസനത്തിനായി ചൈന മുതൽമുടക്കുന്നത്. എന്നാൽ ഈ റോഡ് കടന്നു പോകുന്ന പാകിസ്ഥാൻ അധീന കശ്മീരിലെ ഗിൽഗിത്, ബാൾടിസ്താൻ, ബലൂചിസ്ഥാൻ എന്നീ പ്രവിശ്യകളിലെ ജനങ്ങൾ ഇതിനെ എതിർക്കുകയാണ്. തങ്ങളുടെ പ്രദേശങ്ങളുടെ സമ്പത്തു മുഴുവൻ ചൈന ചൂഷണം ചെയ്യുന്നു എന്നാണ് അവരുടെ ആരോപണം. അവിടത്തെ ജനങ്ങൾ പാകിസ്ഥാനും ചൈനക്കും എതിരായ പ്രക്ഷോഭത്തിലാണ്. ഇക്കാരണങ്ങളാൽ സൈനികമായി വളരെ തന്ത്രപ്രധാനമായ ഒന്നാണ് ദൗലത് ബെഗ് ഓൾഡി റോഡ്. യുദ്ധമുണ്ടായാൽ കരസേനയോടൊപ്പം വ്യോമസേനയെയും ഉപയോഗിച്ച് കാരക്കോറം ഹൈവേയും, ചൈന-പാകിസ്ഥാൻ സാമ്പത്തിക ഇടനാഴിയും ആക്രമിച്ച്, ചൈനയ്ക്കും പാകിസ്ഥാനും ഒരേസമയം വലിയ ആഘാതമുണ്ടാക്കുവാൻ നമുക്ക് കഴിയും. അത്കൊണ്ട് തന്നെ ഈ റോഡ് നിർമാണം തടസപ്പെടുത്തുകയെന്നതും ചൈനയുടെ ലക്ഷ്യമാണ്.

ഇന്ത്യയുമായി ബന്ധപ്പെട്ട് ചൈനക്കുണ്ടാക്കിയിട്ടുള്ള മറ്റൊരു ആശങ്ക നമ്മുടെ രാഷ്ട്രീയ രംഗത്തെ ചില സംഭവങ്ങളാണ്. ഭരണഘടനയുടെ 370-ാം വകുപ്പിന്റെ ഭേദഗതിയുടെ തുടർച്ചയായി പാക് അധീന കാശ്മീരും അക്സയി ചിന്നും ഇന്ത്യയുടെ ഭാഗമായി മാറ്റുമെന്ന ആഭ്യന്തര മന്ത്രി അമിത് ഷായുടെ പ്രഖ്യാപനങ്ങൾ ചൈനക്ക് ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. മറ്റൊരുകാര്യം അമേരിക്കയുമായുള്ള ഇന്ത്യയുടെ ചങ്ങാത്തമാണ്. അമേരിക്കയും ചൈനയുമായുള്ള വാണിജ്യ യുദ്ധത്തിൽ ചൈനക്ക് വലിയ നഷ്ടമാണ് ഉണ്ടാകുന്നത്. അമേരിക്കയോടൊപ്പം ചേർന്ന് നിന്ന്, ചൈനയിൽ നിന്നും മാറുന്ന ബഹുരാഷ്ട്ര കമ്പനികളെ ഇന്ത്യയിലേക്ക് കൊണ്ടുവരുമോ എന്ന് അവർ സംശയിക്കുന്നു. ദക്ഷിണ ചൈന സമുദ്രത്തിൽ അമേരിക്കയും ജപ്പാനും ഇന്ത്യയും ചേർന്ന് നടത്തുന്ന നാവിക അഭ്യാസങ്ങളെയും അവർ സംശയത്തോടെയാണ് കാണുന്നത്. വലിയ സൈനിക സഖ്യത്തിന്റെ ഭാഗമാണോ ഇതെന്ന് അവർ ആശങ്കപ്പെടുന്നു. ഇന്ത്യയെ സംശയ ദൃഷ്ടിയോടെ നോക്കാൻ ചൈനയെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ ഇതൊക്കെയാണ്.

സൈനിക തലത്തിൽ നടക്കുന്ന ചർച്ചകൾ അതിർത്തിയിലെ സ്ഫോടനാത്മകമായ അന്തരീക്ഷം ലഘൂകരിക്കുവാൻ സഹായിച്ചിട്ടുണ്ടെങ്കിലും, നയതന്ത്രതലത്തിലുള്ള ചർച്ചകൾ പകരമാവില്ല. ചൈന കടന്നുകയറിയ ഭൂപ്രദേശങ്ങളിൽ നിന്നും അവർ പിന്മാറിയാൽ മാത്രമേ പ്രശനം പരിഹരിക്കപ്പെടുകയുള്ളൂ. മോദിയുടെയും കേന്ദ്ര സർക്കാരിന്റെയും നയതന്ത്രം പരീക്ഷിക്കപ്പെടുന്നത് ഇവിടെയാണ്.

●



**കാർത്തിക അന്ന തോമസ്**
വയനാട്



# വായിക്കാത്ത പുസ്തകം

നിന്റെ ഓർമ്മകൾ അടുക്കിവച്ച
അലമാരയിൽ ചിതലുകൾ
എന്നെ തിന്നുകയായിരുന്നു.
പണ്ട് തിടുക്കത്തിൽ മറിച്ച
താളുകളിൽ ചിതറിക്കിടന്ന പ്രണയം
വായിക്കാതെ നീ മടക്കി.
രുചിഭേദങ്ങൾ വിളമ്പിയ
പുസ്തകങ്ങൾ ആർത്തിയോടെ
നീ വായിച്ചുകൊണ്ടേയിരുന്നു.
മറന്ന് വച്ചതെന്തോ തിരഞ്ഞ് വന്ന
നിന്റെ കൈകളെന്നെ തൊടാതെ
മടങ്ങിയപ്പോൾ ചിതലുകൾ ധൃതികൂട്ടി.
പിന്നീടൊരിക്കലും
വായിക്കുവാനാകാത്തവിധമെന്റെ
അക്ഷരങ്ങളെയവ മുറിച്ചുകളഞ്ഞു.
എങ്കിലും
എണ്ണിതിട്ടപ്പെടുത്തുന്ന നേരങ്ങളിൽ
എന്റെ പുറംചട്ടയ്ക്കും നീ അക്കമിട്ടു.

# കോവിഡാനന്തരകാലം – വേണ്ടത് അതിജീവനത്തിനുള്ള വിദ്യാഭ്യാസം

**കോ**വിഡ് 19 മനുഷ്യജീവിതത്തിന്റെ ക്രമങ്ങളെ തകിടം മറിച്ച രോഗമായി മാറി. ലോകത്തിന്റെ വളർച്ചയുടെ ഘട്ടങ്ങളെ തന്നെ രണ്ടായി തിരിക്കാൻ ശേഷിയുള്ളതായി മാറി ഈ മഹാമാരി. വിനാശം വിതറി അനിശ്ചിതമായ ഈ അവസ്ഥ തുടരുമ്പോൾ കോവിഡാനന്തരം ചില മേഖലകൾ വ്യത്യസ്തമാകും എന്ന കാര്യത്തിൽ സംശയമില്ല. കോവിഡ് 19 ഏറ്റവും ആഴത്തിൽ ബാധിക്കുന്ന മേഖലയിൽ ഒന്നാണ് വിദ്യാഭ്യാസം. രോഗവ്യാപനം തടയാനായി എല്ലാ രാജ്യങ്ങളും ആദ്യം പൂട്ടിയത് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. യുനെസ്കോയുടെ കണക്ക് പ്രകാരം 2020 മാർച്ച് 23 ആയപ്പോൾ ലോക വിദ്യാർത്ഥി ജനസംഖ്യയുടെ 90 ശതമാനത്തോളം പേർ വീട്ടിലിരിക്കാൻ തുടങ്ങി.

വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിവർത്തനമാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നത്. ചിത്രലിപിയിൽ നിന്ന് അക്ഷരങ്ങളിലേക്കും, ആംഗിക ഭാഷയിൽനിന്ന് ഉച്ചാരണത്തിലേക്കും എഴുത്ത് പലകകളിൽനിന്ന് ഇലക്ട്രോണിക് സംവിധാനങ്ങളിലേക്കുമുള്ള മാറ്റം പെട്ടെന്നായിരുന്നു. എന്തിനധികം, ഗുരുകുല സമ്പ്രദായത്തിൽ തുടങ്ങിയ വിദ്യാഭ്യാസരീതി ഓൺലൈൻ പഠനത്തിൽ എത്തിനിൽക്കുന്നു. ഇനിയുള്ള കാലം ഓൺലൈൻ വിദ്യാഭ്യാസത്തിന്റേതാകുമെന്ന കാര്യത്തിൽ സംശയമില്ല.

കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. കുട്ടിയുടെ അറിവ്, കഴിവ്, മനോഭാവം, മൂല്യബോധം എന്നിവയെല്ലാം വിദ്യാഭ്യാസത്തെ സമഗ്രമായി സ്വാധീനിച്ചിരിക്കുന്നു. വിദ്യാഭ്യാസരംഗം തന്നെ മാറിയിരിക്കുന്നു. ക്ലാസ്മുറി, ബ്ലാക്ക് ബോർഡ്, ടെക്സ്റ്റ് ബുക്ക്, നോട്ട്ബുക്ക്, ഉത്തരക്കടലാസ്, മൂല്യനിർണയം എന്നതിനപ്പുറമുള്ള തലത്തിലേക്ക് വിദ്യാഭ്യാസ മേഖല വളർന്നിരിക്കുന്നു.

കോവിഡാനന്തര വിദ്യാഭ്യാസമാണ് ഏറ്റവും വലിയ പ്രതിസന്ധിയെ നേരിടുന്നത്. ശാരീരിക അകലം പാലിച്ച്, ശുചിത്വപൂർണമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനായി പലതരം സംവിധാനങ്ങൾ ഒരുക്കേണ്ടിവരും. ആരോഗ്യസുരക്ഷക്ക് മുൻതൂക്കം നൽകുന്ന വിദ്യാഭ്യാസരീതിയാണ് ഈ അവസരത്തിൽ പ്രായോഗികവും പ്രാവർത്തികമാക്കാൻ കഴിയുന്നതും. വീടിനടുത്തുള്ള വിദ്യാലയങ്ങൾ (അയൽപക്ക വിദ്യാലയങ്ങൾ) ആയിരിക്കും ഏറ്റവും സുരക്ഷിതം. അപ്പോൾ പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്രാപിക്കും. ഗുണമേന്മയ്ക്കൊപ്പം സുരക്ഷിതത്വത്തിന് പ്രാധാന്യം കൽപ്പിക്കപ്പെടും. അപ്പോൾ സ്കൂൾ കെട്ടിടങ്ങൾ, ശുചിമുറികൾ, ഭക്ഷണ പാചകസൗകര്യങ്ങൾ, കുടിവെള്ളലഭ്യത, എന്നിവയിലുള്ള സൗകര്യങ്ങൾ പരിഗണിച്ചായിരിക്കും രക്ഷിതാക്കൾ കുട്ടികളെ സ്കൂളിലേക്കയക്കുന്നത്.

കേരളത്തിലെ വിദ്യാലയങ്ങളും കലാശാലകളും എന്ന് പ്രവർത്തിക്കാനാരംഭിക്കുമെന്ന കാര്യം ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. കേരളം വലിയ പ്രതിസന്ധികളെയാണ് അഭിമുഖീകരിക്കാൻ പോകുന്നത്. നമ്മുടെ സാമ്പത്തികരംഗവും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. അങ്ങനെ വരുമ്പോൾ നമ്മുടെ സാമൂഹ്യ സാമ്പത്തിക രംഗം തന്നെ മാറ്റി എഴുതേണ്ടിവരും. പൊതുമേഖലാശാക്തീകരണം അനിവാര്യമായ ഘട്ടമാണിത്.



**ഇപ്പോൾ നടക്കുന്ന ഓൺലൈൻ ക്ലാസുകൾ കുട്ടികളിലെ സമ്മർദ്ദം, പിരിമുറുക്കം, ആകാംക്ഷ എന്നിവ കുറച്ച് കർമ്മനിരതരാക്കുമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല.**



ഡോ. റഷീദ് കെ. കിളിയായിൽ
സീനിയർ ലക്ചറർ, ഡയറ്റ് വയനാട്

കൂടാതെ പൊതുവിദ്യാഭ്യാസവും.

കോവിഡ് 19 ഉയർത്തുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കാൻ ഓൺലൈൻ പഠനം പുതിയ വാതായനങ്ങൾ തുറക്കുന്നു. നിലവിലെ സാഹചര്യത്തിൽ ഏറ്റവും ഫലപ്രദമായ രീതിയാണിത്. നിലവിലുള്ള ഓൺലൈൻ പോർടലുകളായ സ്വയം, ദിക്ഷ, ശോദ്ഗംഗ, സമർത്ഥ്, വിദ്വാൻ തുടങ്ങിയവയും സ്വയംപ്രഭ, വിക്ടേഴ്സ് മുതലായ ചാനലുകളും മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) പ്ലാറ്റ്ഫോമുകളും ഓൺലൈൻ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. edx, coursera, udocity, udemy തുടങ്ങിയ ഓൺലൈൻ പ്ലാറ്റ് ഫോമുകൾ വളരെ ഫലപ്രദമായി സ്കൂളുകൾ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. ഓൺലൈൻ ഇന്ററാക്ടീവ് പ്ലാറ്റ് ഫോമുകളായ ഗൂഗിൾ ക്ലാസ്റൂം, ഗൂഗിൾ ടീംസ്, ജിറ്റ്സി, എസ്മാഡോ, സൂം എന്നിവയൊക്കെ വിവിധ ആവശ്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്.

ആരോഗ്യ പ്രശ്നമായ കോവിഡ് ഇന്ന് സാമൂഹിക പ്രശ്നമായും, സാമ്പത്തിക പ്രശ്നമായും ജീവിതപ്രശ്നമായും മാറിക്കഴിഞ്ഞു. കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഓൺലൈൻ പഠനമാർഗമേഖലയിൽ (4-6-2020ലെ QIP /9141/2020/dge) ഇക്കാര്യങ്ങൾ കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. കേരളത്തിൽ ഫസ്റ്റ് ബെൽ എന്ന പേരിൽ ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള (11 ഒഴികെ) പഠനം സാധ്യമാക്കുന്നതിനായി ഓൺലൈൻ സംപ്രക്ഷണം 2020 ജൂൺ 1 മുതൽ ആരംഭിച്ചു എന്നത് ശ്രദ്ധേയമായ കാര്യമാണ്. ഇത് സ്കൂൾ സംവിധാനത്തിന് പകരമുള്ള സംവിധാനമല്ലെന്നും ഈ പ്രതിസന്ധിഘട്ടത്തിൽ കുട്ടികളെ കർമനിരതരാക്കുന്നതിന് വേണ്ടിയുള്ളതാണെന്നും മാർഗരേഖയിൽ എടുത്തുപറയുന്നുണ്ട്. അപ്പോൾ, യഥാർത്ഥപഠനവും വിദ്യാഭ്യാസവും സാധാരണ സ്കൂൾ അന്തരീക്ഷത്തിൽ മാത്രമേ നടക്കുകയുള്ളൂവെന്നും കുട്ടികളുടെ സാമൂഹികവും മാനസികവുമായ ധാരണകൾ ഉറപ്പിക്കുന്നതിന് സാധാരണ സ്കൂൾ അന്തരീക്ഷം അനിവാര്യമാണെന്നും ഈ സന്നിഗ്ധാവസ്ഥയിൽ സാധ്യമായതാണ് ചെയ്യുന്നതെന്നും മാർഗരേഖയിൽ അടിവരയിടുന്നു. ചുരുക്കത്തിൽ, ഇപ്പോൾ നടക്കുന്ന ഓൺലൈൻ ക്ലാസുകൾ കുട്ടികളിലെ സമ്മർദ്ദം, പിരിമുറുക്കം, ആകാംക്ഷ എന്നിവ കുറച്ച് കർമ്മനിരതരാക്കുമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. അതുപോലെ, എസ്എസ്എൽസി, ഹയർസെക്കന്ററി മേഖലയിൽ ലക്ഷണക്കിന് കുട്ടികളെ പൊതുപരീക്ഷക്കിരുത്തിയത് പൊതുസമൂഹത്തിന്റെ ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ട്.

അപ്പോൾ, ഓൺലൈൻ പഠനം എന്നത് അവസാനവാക്കല്ല, നിലവിൽ ഓൺലൈൻ പഠനം മെച്ചപ്പെടുത്താനായി സ്കൂളുകളിൽ തനതായ ഡിജിറ്റൽ വിഭവങ്ങൾ ഒരുക്കണം. ഇത് ഓൺലൈനായും ഓഫ്ലൈനായും ഉപയോഗപ്പെടുത്താൻ കുട്ടികൾക്ക് കഴിയണം. സാമൂഹിക ജ്ഞാന നിർമിതി വാദത്തിൽ അധിഷ്ഠിതമായ നമ്മുടെ വിദ്യാഭ്യാസ രീതിയിൽ അന്വേഷണാത്മക പഠനം, സഹകരണാത്മക പഠനം, സഹവർത്തിത്ത പഠനം എന്നിവയ്ക്ക് വളരെ പ്രാധാന്യമുണ്ട്. അപ്പോൾ ഡിജിറ്റൽ സങ്കേതത്തിലൂടെമാത്രം മുന്നോട്ട് നീങ്ങുമ്പോൾ ഈ ധാരയിൽ നിന്ന് അകന്ന് പോകാൻ സാധ്യതയുണ്ട്. അതിന് വേണ്ടി ഇൻറാക്ടീവ് പ്ലാറ്റ്ഫോമുകൾ, കോൺഫറൻസിംഗ് സംവിധാനം എന്നിവ ഓൺലൈൻ ക്ലാസുകൾക്ക് അനുബന്ധമായി ഉപയോഗപ്പെടുത്തണം. കുട്ടികൾക്ക് സ്വയം പ്രചോദിതരാകാൻ അവസരം നൽകുന്ന ഡിജിറ്റൽ വിഭവങ്ങൾ ഉൾച്ചേർക്കണം. അല്ലെങ്കിൽ കുട്ടികളിൽ മടുപ്പുളവാകുന്നതിനും ഈ സംവിധാനത്തിൽനിന്ന് പിന്തിരിഞ്ഞുപോകുന്നതിനും കാരണമാകും. കുട്ടികളിൽ മടുപ്പുളവാകാത്ത രീതിയിൽ ഓൺലൈൻ, ഓഫ്ലൈൻ സങ്കേതങ്ങൾ പ്രയോജനപ്പെടുത്താൻ പ്രൊഫഷണലിസം ആവശ്യമുണ്ട്. നമ്മുടെ അധ്യാപകർക്കും ഇത്തരത്തിൽ ഇത് പ്രയോജനപ്പെടുത്താറാവുമെന്ന്



പ്രതീക്ഷിക്കാനാവില്ല. അതിനാൽ, അധ്യാപകസമൂഹത്തെ ശാക്തീകരിക്കാനുള്ള നടപടികൾകൂടി ഇതിന് സമാന്തരമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

വെർച്വൽ സംവിധാനങ്ങളും, പഠന സ്കൂളുകൾക്കപ്പുറം എത്തിക്കുന്ന ലേണിങ് മാനേജ്മെന്റ് സിസ്റ്റം, കുട്ടികളെ പഠനാനുബന്ധപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയുന്ന വെർച്വൽ ലേണിങ് എൻവിറോൺമെന്റ് (VLE) (ലേണിങ് മാനേജ്മെന്റ് ആന്റ് കണ്ടെന്റ് സിസ്റ്റം) (LMCS) എന്നിവ കൂടുതലായി പ്രയോജനപ്പെടുത്തുകയും അധ്യാപകരെ ഈ മേഖലകളിൽ ശാക്തീകരിക്കുകയും ചെയ്യുന്നതിലൂടെ കോവിഡ്, കോവിഡാനന്തരം കാലത്തെ വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല. ●

# സർക്കാർ ജീവനക്കാർ നേരിടുന്ന വെല്ലുവിളികൾ



**രമേശൻ ബി**
സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം

**കോവിഡ്– 19 ഉൾപ്പെടെ സമീപകാലത്തുണ്ടായ ദുരന്തങ്ങളിലെല്ലാം സർക്കാർ ജീവനക്കാർ വ്യത്യസ്ത സംഘടനാ താല്പര്യങ്ങളൊഴിവാക്കി വളരെ ഐക്യത്തോടും ആത്മാർത്ഥതയോടും കൂടി ഒറ്റക്കെട്ടായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്.**

കേരളത്തിലെ ഗസറ്റഡ് ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവ നിലനിർത്തുന്നതിനും നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കുന്ന മഹത്തായ പ്രസ്ഥാനമാണ് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ. കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ ആഴത്തിൽ വേരോട്ടമുള്ള ഗസറ്റഡ് ജീവനക്കാരുടെ പ്രബല സംഘടനയായ KGOU 2020 ജൂലൈ 12ന് 35 സംവത്സരങ്ങൾ പൂർത്തിയാക്കുകയാണ്. വളരെയധികം ഊർജ്ജസ്വലതയോടെയും പ്രസരിപ്പോടെയും അതിന്റെ യൗവ്വനാവസ്ഥയിൽകൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഈ ശ്രേഷ്ഠമായ സംഘടനയെ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള പൂർവ്വസൂരികളായ നേതാക്കന്മാരെ ഇത്തരുണത്തിൽ നാം സ്മരിക്കുകയാണ്. ഇക്കാലമത്രയും ഈ സംഘടനയെ വളരെ കെട്ടുറപ്പോടെയും അച്ചടക്കത്തോടെയും മുന്നോട്ട് നയിക്കുന്നതിൽ സംഘടനാ നേതൃത്വം കൈവരിച്ച നേട്ടം വളരെ ശ്ലാഘനീയമാണ്.

കേരളത്തിലെ ജീവനക്കാരുടെ സുവർണ കാലഘട്ടം ഏതെന്ന് ചോദിച്ചാൽ അത് 2011 മുതൽ 2016 വരെയുള്ള ഉമ്മൻചാണ്ടി സാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടം



ആയിരുന്നു എന്ന് സംഘടനാഭേദമന്യേ കേരളത്തിലെ എല്ലാ ജീവനക്കാരും അംഗീകരിക്കുന്ന കാര്യമാണ്. എല്ലാ ജീവനക്കാരുടെയും പ്രതീക്ഷകൾക്കനുസൃതമായാണ് പത്താം ശമ്പളക്കമ്മീഷൻ നടപ്പിലാക്കിയതും കുടിശ്ശിക ഇല്ലാതെ ക്ഷാമബത്ത നൽകിയും. കൂടാതെ മറ്റനവധികാര്യങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുള്ളതുമാകുന്നു. അതിന്റെ തണലിലാണ് ഇന്നും കേരളത്തിലെ ജീവനക്കാർ മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ KGOU വഹിച്ച പങ്ക് വളരെ നിർണായകമാണ്.

എന്നാൽ കഴിഞ്ഞ വർഷങ്ങളിലായി ആധുനിക കരുതൽമനുഷ്യൻ ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും കവർന്നെടുക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഓഖിയും, മനുഷ്യനിർമ്മിതമായ പ്രളയവും കോവിഡും എല്ലാ ജീവനക്കാരെ പ്രതിസന്ധിയിലാഴ്ത്തി. 2 വർഷമായി ക്ഷാമബത്തയുമില്ല, ശമ്പളക്കമ്മീഷന്റെ കാലാവധി വർഷാന്ത്യംവരെ നീട്ടിയിരിക്കുകയുമാണ്. തുടർന്നങ്ങോട്ടും കൃത്യമായുള്ളത് സാലറി ചലഞ്ചും സാലറികട്ടും മാത്രമാണ്. ഓഖിയും പ്രളയവും കോവിഡും ചിലർക്ക് ചാകരയാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തെ

റ്റായ നയങ്ങൾമൂലം പെട്രോളിയം ഉല്പന്നങ്ങളുടെ വില ഈ കോവിഡ് 19 കാലഘട്ടത്തിൽ കൊറോണ വൈറസ് പകരുന്നതിനേക്കാൾ അതിവേഗതയിൽ കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഇതിന്റെ ആഘാതം ദൈനംദിന ജീവിതത്തെ ഏറെ ദുഷ്ക്കരമാക്കിക്കൊണ്ടിരിക്കുകയാണ്.

അശാസ്ത്രീയമായ രീതിയിൽ ക്ഷാമബത്ത കണക്കാക്കുന്നതുമൂലം നിലവിൽ ക്ഷാമബത്തയിൽത്തന്നെ ഏറെ കുറവനുഭവപ്പെട്ടിരിക്കുന്ന വേളയിലാണ് ക്ഷാമബത്ത തന്നെ ഇല്ലാതായിരിക്കുന്നത്. ഇതിനെതിരെ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തുവാൻ വേണ്ട അടിയന്തിരാ നടപടികൾ സർക്കാർ കൈക്കൊള്ളേണ്ടതാണ്. ഇന്ത്യയിലെ കേന്ദ്ര ജീവനക്കാരുടെ വിരമിക്കൽപ്രായാം 60 വയസ്സാണ്. ജഡ്ജിമാരുടെയും ബാങ്ക് ജീവനക്കാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ പ്രായം 62,65 എന്നിങ്ങനെയാണ്. കേരളത്തിൽ 2013ന് ശേഷം നിയമനം ലഭിച്ചിട്ടുള്ളവരുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. ഡോക്ടർമാരുടെയും വ്യത്യസ്തമാണ്. എന്നാൽ കേരളത്തിലെ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ആയി തുടരുന്നു. എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ വൈരുദ്ധ്യം നിലനിൽക്കുന്നത്. ശരാശരി ആയുർദൈർഘ്യം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിൽ നിൽക്കുന്ന കേരളത്തിൽ വിരമിക്കൽ പ്രായം 60 വയസ്സായി ഏകീകരിക്കേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്.

നമ്മുടെ തൊട്ട് അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ കോവിഡ് സമയത്ത് വിരമിക്കൽ പ്രായം 58ൽ നിന്നും 59ായി ഉയർത്തിയിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കേരളം കരകയറാനുള്ള ഒരുപാധി കൂടിയായി പെൻഷൻപ്രായം ഉയർത്തേണ്ടത് അനിവാര്യമാണ്.

പത്താം ശമ്പളക്കമ്മീഷൻ തത്വത്തിലംഗീകരിച്ച സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി (MEDISEP) സർക്കാർ ഉത്തരവായെങ്കിലും അപാകതകൾ പരിഹരിച്ച് നടപ്പിലാക്കുവാൻ നാളിതുവരെയായി ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നത് ജീവനക്കാരെ സംബന്ധിച്ച് ഒരു വലിയ വെല്ലുവിളിയാണ്. ഇതിനെതിരെ വളരെ അടിയന്തിരമായി സംഘടനകൾ മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

യു.ഡി.എഫ് ഭരണകാലത്ത് ആയിരക്കണക്കിന് പുതിയ തസ്തികകളും ഓഫീസുകളും രൂപീകരിച്ചിട്ടും നിയമന നിരോധനം നിലനിൽക്കുന്നുവെന്ന് ഉറഞ്ഞുതുള്ളിയവർ അധികാരത്തിൽ വന്നപ്പോൾ തസ്തിക ജലവിഭവവകുപ്പിലും പൊതുമാരമത്ത് വകുപ്പിലും നാം കണ്ടതാണ്. പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം,



**ദുരന്തമുഖത്ത് രാപ്പകലില്ലാതെ എന്നും മുന്നിട്ട് നിൽക്കുന്ന വിഭാഗമാണ് സർക്കാർ ജീവനക്കാർ. പക്ഷേ പൊതുസമൂഹത്തിൻ മുൻപിൽ സാമൂഹിക ബാധ്യതയില്ലാത്തവരായി ചിത്രീകരിക്കുന്നത് വളരെ ഖേദകരമാണ്.**

ഘടഏഉ എന്നീ വകുപ്പുകളും മുൻസിപ്പൽ കോമൺ സർവ്വീസും സംയോജിപ്പിക്കുവാനുള്ള നീക്കവും ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഏറെ ബുദ്ധിമുട്ടുളവാക്കുന്നവയാണ്.

കേരളത്തിൽ തെക്കേയറ്റംമുതൽ വടക്കേയറ്റം വരെ ജീവനക്കാരെ രാഷ്ട്രീയപ്രേരിതമായി തലങ്ങും വിലങ്ങും സ്ഥലം മാറ്റം ചെയ്യുന്നതിന് പകരം നിയമപരവും കൃത്യതയാർന്നതുമായ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കേണ്ടതാണ്. വളരെ ഉന്നതരായ ഉദ്യോഗസ്ഥരെ അടിത്തൂൺ പറ്റാറായ സമയത്ത് സ്വന്തം ജില്ലയിൽ ഒഴിവുണ്ടായിട്ടും നിയമനം നൽകാതെ അന്യജില്ലകളിലേക്ക് സ്ഥലം മാറ്റം ചെയ്യുന്ന മനുഷ്യത്വപരമല്ലാത്ത സമീപനം അവസാനിച്ചേ തീരൂ.

ദുരന്തമുഖത്ത് രാപ്പകലില്ലാതെ എന്നും മുന്നിട്ട് നിൽക്കുന്ന വിഭാഗമാണ് സർക്കാർ ജീവനക്കാർ. പക്ഷേ പൊതുസമൂഹത്തിൻ മുൻപിൽ സാമൂഹിക ബാധ്യതയില്ലാത്തവരായി ചിത്രീകരിക്കുന്നത് വളരെ ഖേദകരമാണ്. കോവിഡ്-19 ഉൾപ്പെടെ സമീപകാലത്തുണ്ടായ ദുരന്തങ്ങളിലെല്ലാം സർക്കാർ ജീവനക്കാർ വ്യത്യസ്ത സംഘടനാ താല്പര്യങ്ങളൊഴിവാക്കി വളരെ ഐക്യത്തോടും ആത്മാർത്ഥതയോടുംകൂടി ഒറ്റക്കെട്ടായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ജീവനക്കാരെ സാലറി കട്ടിന്റെ പേരിൽ ആർത്തി പണ്ടാരങ്ങൾ എന്ന് ചൊല്ലി ആക്ഷേപിക്കാനാണ് അധികാരികൾക്ക് താല്പര്യം. ഏത് കാര്യമായാലും ജീവനക്കാരെ വിശ്വാസത്തിലെടുത്ത് മുന്നോട്ട് പോകുന്നതാണ് ഏതൊരു ഗവൺമെന്റിനും ഉചിതമായിട്ടുള്ളതെന്ന് സൂചിപ്പിച്ചുകൊള്ളട്ടെ. സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്ന ചാലകശക്തിയാണ് സിവിൽ സർവ്വീസ് എന്ന കാര്യം വിസ്മരിച്ചുകൂടാ.

കേരളത്തിലെ ഗസറ്റഡ് മേഖലയിലെ ജീവനക്കാരുടെ അവകാശപ്പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന ഗഏഛഡ സാമൂഹിക പ്രതിബദ്ധതയുള്ള മഹത്തായ ഒരു പ്രസ്ഥാനമാണ് എന്ന് സമീപകാലത്തെ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചിരിക്കുകയാണ്.

ജയ് KGOU.

കവിത



**ഡോ. വിബിൻ ശിവറാം**
അസി. പ്രൊഫസർ, ബയോകെമിസ്ട്രി
ഗവ. ആർട്സ് സയൻസ് കോളേജ് കൊഴിഞ്ഞാംപാറ, പാലക്കാട്

# കോവിഡ് കാലവർഷം

ഇരുൾ നിറച്ചു കരിമേഘങ്ങളെനിക്കുമേൽ
വ്യാധിയണഞ്ഞുവെൻ സ്വപ്നചില്ലുകൾ തകർക്കാൻ
മാഞ്ഞുപോയിയെൻ നിഴലുകൾ മഴയിൽനനഞ്ഞ്
ആടിയുലഞ്ഞൂ മരങ്ങളെനിക്കു ചുറ്റിലും

വീഥിയിൽ വീണുടഞ്ഞ ജലകണങ്ങളെങ്ങും
താളത്തിലെൻകാതിൽ സരിഗമ പാടി
എന്നിട്ടുമെൻ ആധിതൻ രാഗമുയർന്നുപൊങ്ങി
ഒന്നിനും വിലക്കാൻ കഴിയാത്ത സത്യമായ്

എങ്ങുമേയെത്താത്തയെൻ ജീവിതത്തിൽ
ഉള്ളതും കവർന്നൊരു മഹാമാരിയിൽ
ഹൃദയം നുറുങ്ങുന്ന ചിന്തയിലാണ്ടുഞാൻ
ജീവിത പന്ഥാവിൽ വിറയാർന്ന് നീങ്ങുന്നു

ഇരുളിൻ തിരകൾ മുറിച്ചു മുന്നോട്ടു നീങ്ങുവാൻ
ഇനിയുമുഷസ്സിൻ അരുണകിരണം തേടിടാൻ
കടക്കും ഞാനിക്കാലവും ഉയരും ഞാനിതിനും മേൽ
ഒരുനൂറ് സ്വപ്നങ്ങളിനിയും ഒരുമിച്ചുചേർക്കുവാൻ





**മുഹമ്മദലി പോത്തുകാടൻ**
അസിസ്റ്റന്റ് കമ്മീഷണർ, സ്റ്റേറ്റ് ജി എസ് ടി ഓഫീസ്,
പെരിന്തൽമണ്ണ.

# നോവൽ കൊറോണ ചെറിയ വൈറസ് അല്ല



എത്ര മേൽ വേഗത്തിലാണ് പതിവ് ശീലങ്ങളിൽ നിന്ന് നാം മാറിയത്.

പുതിയ കാര്യങ്ങൾ നാം പഠിച്ചത്. അല്ല നോവൽ കൊറോണ വൈറസ് പഠിപ്പിച്ചത്. കിറുകൃത്യമായി ഓടിക്കൊണ്ടിരുന്ന ജീവിതയാനം

എത്ര പെട്ടെന്നാണ്

വഴിമാറി ചരിക്കാൻ തുടങ്ങിയത്.

ലോക്ക് ഡൗണ് ഒട്ടും ഒരു നേരവും ബാധിക്കാത്ത ഒരിടമാണ് അടുക്കള എന്ന് നമുക്ക് പെട്ടന്ന് മനസ്സിലായി. പഠനത്തിനും ജോലിക്കും മറ്റും രാവിലെ വീട് വിട്ടിറങ്ങുന്നവരാണല്ലോ കുടുംബങ്ങളിൽ കൂടുതൽ. രാവിലെ അടുക്കള യുദ്ധക്കളമായിരുന്നു. കഴിക്കാൻ പ്രാതലും പാഴ്സലായി ഉച്ചഭക്ഷണവും തയ്യാറാക്കാനുള്ള സമയത്തെ വെല്ലുവിളിച്ചുകൊണ്ടുള്ള പോരാട്ടം. അത് കഴിഞ്ഞാൽ അടുക്കളക്കും കൈകാര്യക്കാർക്കും ഒന്ന് നടു നിവർക്കാനുള്ള സാവകാശം കിട്ടിയിരുന്നു. എന്നാൽ ലോക്ക് ഡൗണ് കാലത്ത് ആരും പുറത്തേക്ക് പോകാത്തതിനാൽ അടുക്കള പുകയാത്ത നേരം ഇല്ലെന്ന മട്ടിലായി. രാവിലെ അങ്കം കഴിഞ്ഞാൽ വൈകാതെ ചായ വേണം. ചിലർക്ക് സ്നാക്ക്സ് നിർബന്ധം.

ഉച്ചക്ക് ഭക്ഷണത്തിന്റെ കാര്യം പറയുകയും വേണ്ട. വീട്ടിൽ ആൾ കൂടുതൽ ഉള്ളത് കൊണ്ട് അളവിലും ഇനത്തിലും ഒത്തുതീർപ്പ് ഇല്ല.

വൈകുന്നേരം ചായയും ചെറുകടിയും നിർബന്ധം. രാത്രി ഭക്ഷണം ഒരിനത്തിൽ ഒതുങ്ങില്ല. ചോർ വേണ്ടാത്തവർക്ക് ചാപ്പത്തിയോ മറ്റോ നിർബന്ധം. അതോടെ കറികളും അനുബന്ധങ്ങളും ഒന്നിൽ കൂടുതൽ. അടുക്കളയിൽ പുക ഒടുങ്ങുമ്പോഴേക്കും പാതിരാ അടുക്കും.

മുതിർന്നവർ മാത്രമുള്ള നോമ്പ് എടുക്കുന്ന വീട്ടിൽ പകൽ ഭക്ഷണ നേരം കുറവായിരുന്നു., എന്നാൽ പുലർച്ചെ അത്താഴം ഒരു നേരം കൂട്ടുകയും ചെയ്തു.

വടക്കിനി വാതിലടക്കുന്നത് പിറ്റേന്ന് നേരത്തെ തുറക്കാൻ എന്നു പറയാവുന്ന അവസ്ഥ. തുടർ ദിനങ്ങളിലും തനിയാവർത്തനം.

അടുക്കളയിലെ അങ്കം കണ്ട് സ്വയമായും സമ്മർദ്ദം കൊണ്ടും സഹായിക്കാൻ അംഗങ്ങൾ തുടങ്ങി എന്നത് നല്ല കാര്യം. കഷ്ണം നുറുക്കലിൽ സേവനം അവസാനിപ്പിക്കുന്നവരും മുഴുവൻ കാര്യങ്ങൾക്കും സഹായിക്കുന്നവരും അതിനപ്പുറം പുതിയ വിഭവങ്ങൾ പരീക്ഷിക്കുന്നവരും ഉണ്ടായി.

ഇന്ന ഇന്ന വിഭവങ്ങൾ ഇല്ലെങ്കിൽ ഊണ് കഴിക്കില്ല എന്ന ദുശ്ശാഠ്യമൊന്നും ഇന്ന് ആർക്കുമുണ്ടാകില്ല. ചക്കയുടെ ഏതെല്ലാം വേർഷനാണ് പരീക്ഷിക്കപ്പെട്ടത്. അധമനായി കരുതപ്പെട്ടിരുന്ന ചക്കക്കുരു ശൈക് പദവിയിലേക്ക് എത്ര പെട്ടന്നാണ് ഉയർന്നത്.

മീൻ, അതും കഷ്ണം മീൻ ഇല്ലാതെ ഭക്ഷണം ഇറങ്ങാത്തവർക്ക് ഉണക്ക മീൻ എങ്കിലും കിട്ടിയാൽ മതി എന്ന അവസ്ഥയിലായി.




ഒരു മണിക്കൂർ വീട്ടിൽ ഇരുന്നാൽ വിമ്മിട്ടപ്പെട്ടിരുന്ന പുരുഷ കേസരികൾ ആഴ്ചകളായി ഒരു ലുങ്കിയുടുത്ത് ബനിയനോ തോർത്തോ സഹിതം ഒരു പരാതിയുമില്ലാതെ പാവത്താനായി വീട്ടിൽ ഇരുന്നു. അടുക്കളയിൽ സഹായിച്ചു. കുട്ടികൾക്കൊപ്പം നേരം ചിലവഴിച്ചു. കുട്ടിക്കളികൾക്കൊപ്പം കളിച്ചു. ആർത്ത് ചിരിച്ചു. പലരും വായനയിലായിരുന്നു. പണം കൊടുത്ത് വാങ്ങിയ പുസ്തകങ്ങൾ തുറന്ന് നോക്കുക പോലും ചെയ്യാത്തവ അലമാരയിലുണ്ടായിരുന്നു. വീണ്ടും വായിക്കാൻ കൊതിക്കുന്നവയും. ചിത്രം വരയും ക്രാഫ്റ്റ് വർക്കുമായി നേരം പൊക്കിയവരുമുണ്ട്. അടുക്കളതോട്ടവും കൃഷിയുമായി ബന്ധം കൂടുതൽ ഊക്ഷ്മളമാക്കിയവരും ഉണ്ടേറെ.

ചങ്ങാതിമാരെ ദിവസവും കണ്ടില്ലെങ്കിൽ അങ്ങാടിയിലിരുന്ന് ഇത്തിരി നേരം അവർക്കൊപ്പമിരുന്ന് സൊറ പറഞ്ഞില്ലെങ്കിൽ ഒരുമിച്ച് ഒരു കാലിച്ചായ എങ്കിലും കുടിച്ചില്ലെങ്കിൽ ദിവസം അപൂർണമാവുകയും ഉറക്കം വരാതിരിക്കുകയും ചെയ്യുമായിരുന്നു പലർക്കും. കൊറോണ, ആഴ്ച്ചകളായി അങ്ങനെയൊരു പ്രശ്നമേ ഇല്ലാതാക്കിയിരിക്കുന്നു.

നമ്മുടെ കയ്യെത്തിയില്ലെങ്കിൽ, കണ്ണെത്തിയില്ലെങ്കിൽ, നോട്ടമില്ലെങ്കിൽ ഒരു കാര്യവും നേരെ ചൊവ്വെ നടക്കില്ലെന്ന് മേനി നടിച്ചിരുന്നവർ ഒന്നും ചെയ്യാതെ ഇരുന്നു. എങ്ങനെയെങ്കിലും ഈ കാലമൊന്ന് കഴിഞ്ഞ് കിട്ടിയാൽ മതി എന്നായിരുന്നു എല്ലാവർക്കും.

ആഴ്ചയിൽ ഒരു നേരമെങ്കിലും കുടുംബമൊത്ത് ഒന്ന് പുറത്തിറങ്ങണം, ചില്ലറ ഷോപ്പിംഗ് നടത്തണം, ഒരു നേരം ഭക്ഷണം ഹോട്ടലിൽ നിന്ന് കഴിക്കണം എന്ന നിർബന്ധ ചര്യ ഉള്ള പല കുടുമ്പങ്ങളും ഉണ്ട്. ഇന്നാർക്കും ആ ശീലം ഇല്ല.

ഒന്നോ രണ്ടോ ആഴ്ച കൂടുമ്പോൾ ബന്ധുമിത്രാദികളെ നേരിൽ കണ്ടില്ലെങ്കിൽ സങ്കടപ്പെടുന്ന പലരുമുണ്ട്. പ്രത്യേകിച്ച് കല്യാണം കഴിച്ച് കൊണ്ടുവന്ന പെൺകുട്ടികൾക്ക്. ഇന്നവർ ഫോണിലും വീഡിയോ കോളിലും സ്വന്തക്കാരെ കേട്ടും കണ്ടും സങ്കടം തീർക്കുന്നു.

പഠനം ഇന്ന് ഓൺലൈനായി മാറിയിരിക്കുന്നു. ഒരു ലാപ്പോ മൊബൈൽ ഫോണോ വെച്ച് എന്തും പഠിക്കാനാവും എന്ന് കോവിഡ് കാലം നമ്മെ പഠിപ്പിരിക്കുന്നു.

ഇക്കാലത്ത് തുടങ്ങിയ ബ്ലോഗുകളും യൂട്യൂബ് ചാനലുകളും കുറച്ചോന്നുമല്ല. മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പെട്ട് പോയ പലരും വന്ന് തുടങ്ങിയിരിക്കുന്നു. ഇനിയും നിരവധി പേർ വരാൻ ഊഴം കാത്തിരിക്കുന്നു. താമസത്തിന് വലിയ പ്രയാസം ഇല്ലെങ്കിലും ഭക്ഷണം പ്രശ്നമാണ് പലർക്കും.

അതിലേറെ ആരോഗ്യ കാരണങ്ങളിൽ അവർ ഉത്കണ്ഠാകുലരാണ്. കൂടെയുള്ള പലർക്കും രോഗമുണ്ട്. അവരെക്കാൾ ഒട്ടും കുറയാതെ പ്രയാസത്തിലാണ് നാട്ടിലെ അവരുടെ ബന്ധുമിത്രാദികൾ.

വിദേശ ജോലിക്കാരുടെ കാര്യം അതിലേറെ കഷ്ടമാണ്. ഒരിക്കലും തീരാത്ത നൂറു നൂറു ആവശ്യങ്ങൾ മത്സരിച്ച് ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന പ്രവാസികളുടെ കുടുംബങ്ങൾ, എങ്ങനെയെങ്കിലും അവരൊന്നു നാട്ടിലെത്തികിട്ടിയാൽ മതിയെന്ന തേട്ടത്തിലാണ്.

അന്നത്തിന് ഒരിക്കലും മുട്ടില്ലാതിരുന്ന പ്രവാസികളുടെ കുടുംബത്തിലും പാട്ടിണി എത്തിനോക്കാൻ തുടങ്ങിയിരുന്നു.

**ഒരു മണിക്കൂർ വീട്ടിൽ ഇരുന്നാൽ വിമ്മിട്ടപ്പെട്ടിരുന്ന പുരുഷ കേസരികൾ ആഴ്ചകളായി ഒരു ലുങ്കിയുടുത്ത് ബനിയനോ തോർത്തോ സഹിതം ഒരു പരാതിയുമില്ലാതെ പാവത്താനായി വീട്ടിൽ ഇരുന്നു. അടുക്കളയിൽ സഹായിച്ചു. കുട്ടികൾക്കൊപ്പം നേരം ചിലവഴിച്ചു. കുട്ടിക്കളികൾക്കൊപ്പം കളിച്ചു. ആർത്ത് ചിരിച്ചു.**

പ്രവാസികൾ കുടുംബത്തോട് പോലും പങ്ക് വെക്കാതെ മനസ്സിൽ ഒളിപ്പിച്ച് വെച്ചിരുന്ന അവിടത്തെ വിഷമങ്ങൾ പറഞ്ഞറിയിക്കാൻ തുടങ്ങിയിരിക്കുന്നു. ജോലിയും കൂലിയും ഇല്ലാതെ ആഴ്ചകളായി അവർ മുറികളിൽ തിങ്ങിനിറഞ്ഞു പാർക്കുകയാണ്. ആരോഗ്യ പ്രശ്നങ്ങളിൽ അവർ ആശങ്കാകുലരാണ്. നാട്ടിലെ കരുതലും ആരോഗ്യ സേവനവും മറുനാട്ടിൽ കിട്ടിക്കൊള്ളണമെന്നില്ലല്ലോ.

നോവൽ കൊറോണ വൈറസ് ഒരു ചെറിയ ഇനമല്ല. നാളിതുവരെ പുലർത്തിപ്പോന്ന വഴികളിൽ നിന്ന് മാറി ജീവിക്കാൻ, വൃത്തിയിൽ കണിശത കാണിക്കാൻ, ഭക്ഷണത്തിൽ മിതത്വം പാലിക്കാൻ, ഉള്ളത് കൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കാൻ, വേണമെങ്കിൽ എത്ര കാലവും വീട്ടിൽ നിന്ന് പുറത്തിറങ്ങാതെ കഴിയാൻ, ധൂർത്ത് കുറക്കാൻ, അവനവനിലേക്ക് ഇറങ്ങി ആത്മപരിശോധന നടത്താൻ, ഞാനെന്തിനും പോന്നവൻ എന്ന ഹുങ്ക് കുറക്കാൻ.... അത്ര മേൽ പാഠങ്ങൾ ഈ അണു നമ്മെ പഠിപ്പിച്ചു കഴിഞ്ഞു.

ഇതൊന്നുമല്ലാത്ത വേറിട്ട പാഠങ്ങൾ നിങ്ങളും പഠിച്ചില്ലേ. കൂടുതൽ പരീക്ഷണങ്ങൾ ഇല്ലാതെ ഈ കാലവും കഴിഞ്ഞു പോകട്ടെ... ●

കവിത



**ജി. സിദ്ധാർത്ഥൻ**
ഡെപ്യൂട്ടി ഡയറക്ടർ
പിന്നാക്കവിഭാഗ വികസന വകുപ്പ്, കോഴിക്കോട്

# വഴിവെട്ടുന്നവൻ

ഒരുവഴിയും
വഴിയായല്ല ഭൂമിയിൽ
പ്രത്യക്ഷപ്പെട്ടത്.
ഓരോ വഴിക്കും
ഓരോ വഴിവെട്ടുകഥകൾ
തുറക്കപ്പെട്ട ഓരോവഴിയും
അടക്കപ്പെടാനുള്ളതും കൂടിയാണ്
പുതുവഴികൾ തേടുമ്പോൾ
ആദ്യം ഭ്രാന്തൻ
പിന്നെ അഭിവന്ദ്യൻ, വിശുദ്ധൻ,
പ്രവാചകൻ
ഒടുവിൽ പ്രപഞ്ചനാഥൻ
ഓരോ വഴിയിലും ഓരോ പ്രപഞ്ചനാഥൻ
എല്ലാ വഴികളും
തുടങ്ങുന്നതെവിടെയാണ്
പ്രപഞ്ചനാഥാ?
വഴികൾ അവസാനിക്കുന്നില്ല
അതിനാൽ തുടക്കവുമില്ലെന്ന് നാഥൻ.





# ദേശീയ ആരോഗ്യ രംഗം തകർച്ചയിലേക്കോ?



**ഡോ.ആർ.രാജേഷ്**
സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം

കോവിഡ് 19 ഇന്ത്യയുടെ ആരോഗ്യ രംഗത്തിന്റെ നേർചിത്രമാണ് തുറന്നുകാണിക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ആരോഗ്യ സംവിധാനത്തിന്റെ യഥാർത്ഥ സ്ഥിതിയാണ് കോവിഡിലൂടെ പുറത്തുവരുന്നത്. വിവിധങ്ങളായ സംസ്ഥാനങ്ങൾ, വ്യത്യസ്തമായ ഭരണ നേതൃത്വങ്ങൾ, സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ചികിത്സ – രോഗ പ്രതിരോധ മേഖലയിൽ എവിടെയെത്തി നിൽക്കുന്നു എന്ന് വിലയിരുത്തുവാൻ നമുക്ക് കഴിയും.

ദേശീയ തലത്തിൽ ഒരു ഏകീകൃതമായ ആരോഗ്യനയം ഉണ്ടെങ്കിലും അത് ഏകീകൃതമായി നടപ്പിലാക്കുന്നതിന് ഇന്ത്യയിലാകെ കഴിഞ്ഞിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്താൻ കഴിയുന്ന സമയമാണിത്. നമ്മുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ വെറും 1.5% മാത്രമേ ഇപ്പോഴും ആരോഗ്യ രംഗത്തിന് മാറ്റിവെയ്ക്കപ്പെട്ടിട്ടുള്ളൂ എന്നതാണ് യാഥാർഥ്യം.

അടിസ്ഥാന സൗകര്യ വികസനം, രോഗനിർണയത്തിൽ പുത്തൻ സാങ്കേതികവിദ്യകളുടെ വിന്യാസം, മനുഷ്യവിഭവശേഷി വർധിപ്പിക്കൽ, ആധുനിക ചികിത്സാ സംവിധാനം എന്നിവ ദേശീയതലത്തിൽ വേണ്ടവിധത്തിൽ ഏകോപിപ്പിക്കാൻ കഴിയാതെ പോയതാണ് ഇന്ത്യ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം.

കേരളം പഞ്ചാബ് തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ വിവിധ ദേശീയ ആരോഗ്യ പദ്ധതികളും രോഗനിർമ്മാർജന പരിപാടികളും ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമുകളും നല്ലരീതിയിൽ നടപ്പിലാക്കിയപ്പോൾ ബിഹാറിലും യുപിയിലും അടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ ബഹുദൂരം പിന്നിലാണ്. ഇത്തരം ദേശീയ ആരോഗ്യ പദ്ധതികൾ ഒരുപോലെ നടപ്പിൽ വരുത്തുവാൻ കഴിയാത്തത് നമ്മുടെ ആരോഗ്യ നയത്തിൻറെ ഒരു പ്രധാന ന്യൂനതയായി കരുതാം.

ഉയർന്ന സാക്ഷരതയും സാമൂഹിക ബോധവും മെച്ചപ്പെട്ട സ്വകാര്യ ചികിത്സാ സംവിധാനങ്ങളും ജനകീയ പങ്കാളിത്തം എന്നിവയൊക്കെയാണ് കേരളംപോലുള്ള സംസ്ഥാനങ്ങൾക്ക് ഒരു പരിധിവരെ മെച്ചപ്പെട്ടു നിൽക്കാൻ കഴിഞ്ഞത്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനങ്ങൾക്ക് സ്വന്തമായി നിലപാടെടുക്കാൻ കഴിഞ്ഞത് ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ നയപരമായ തീരുമാനത്തിന്റെ ഭാഗമായിട്ടാണ്. സംസ്ഥാനങ്ങൾക്ക് ആരോഗ്യ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കാനും സ്വതന്ത്രമായ അധികാരം നൽകിയത് ഒൻപതാം പദ്ധതിയുടെ ഭാഗമായിട്ടാണ്.

2005 ലെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യവും(NRHM) 2013ലെ ദേശീയ നഗര ആരോഗ്യ ദൗത്യവും(NUHM) അടിസ്ഥാനപരമായി ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏക രൂപമായി കൊണ്ടുപോകുന്നതിനും വേണ്ടിയായിരുന്നു.

നമ്മുടെ പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതും ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും താൽക്കാലികമായി നിയമിക്കാൻ കഴിഞ്ഞതും നേട്ടമായി തന്നെ കാണണം. താൽക്കാലിക നിയമനം ആയിരുന്നില്ല യഥാർത്ഥത്തിൽ വേണ്ടത്. പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിരുന്നു. എന്നാൽ ഈ നേട്ടം വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പരിപൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ?

മാതൃശിശു സംരക്ഷണവും സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങളും ജീവിതശൈലി രോഗ ചികിത്സയും ഒക്കെ ചഢങ്ങ ലൂടെ ലക്ഷ്യമിട്ടവയായിരുന്നു. ഈ ലക്ഷ്യങ്ങൾ ഒക്കെ പൂർണ്ണാർത്ഥത്തിൽ സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ? 2017ൽ NRHM ഉം NUHM ഉം സംയോജിപ്പിച്ച് ദേശീയ ആരോഗ്യ ദൗത്യം (NHM) ആയി മാറിക്കഴിഞ്ഞു. ബജറ്റ് വിഹിതത്തിന്റെ നല്ലൊരു ഭാഗം ഇതിനായാണ് മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളത്.

എന്നാൽ നരേന്ദ്ര മോദി സർക്കാർ ആരോഗ്യമേഖലയിൽ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിൽ തികഞ്ഞ പിശുക്കാണ് കുറെ വർഷങ്ങളായി പുലർത്തിപ്പോരുന്നത്. ബജറ്റ് തുക പൂർണ്ണമായി വിനിയോഗിക്കുന്ന അപൂർവ്വം ചില വകുപ്പുകളിൽ ഒന്നാണ് ആരോഗ്യവകുപ്പ്. ഇതിനിടയിലാണ് 2018 ൽ കേന്ദ്രസർക്കാർ 'ആയുഷ്മാൻഭാരത്'"എന്ന പദ്ധതി പ്രഖ്യാപിച്ചത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സബ് സെൻററുകളും  വെൽനസ്സ് സെൻററുകൾ ആക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2020 ആദ്യപാദത്തിൽ ഏകദേശം 1500 ലക്ഷം കുടുംബങ്ങൾക്ക് ആയുഷ്മാൻ ഭാരത് ഇൻഷുറൻസ് സംരക്ഷണം നൽകുകയും ചെയ്തതായി പറയപ്പെടുന്നു. എന്നാൽ ഇൻഷുറൻസ് പാക്കേജിനെ കുറിച്ച് വ്യാപകമായ ആക്ഷേപമാണ് സ്വകാര്യ ആശുപത്രികളും ഡോക്ടർമാരും ഉന്നയിക്കുന്നത്.


**പ്രതിരോധവകുപ്പ് പോലെ പരമപ്രധാന മേഖലയായി ആരോഗ്യമേഖലയെ കേന്ദ്രസർക്കാർ കാണേണ്ടിയിരിക്കുന്നു. അതിനുള്ള ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടണ്ടിയിരിക്കുന്നു. ബജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയും, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് കൂടുതൽ പണം അനുവദിച്ചും ആരോഗ്യമേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്.**

കോവിഡ്19 ന്റെ വരവ് ലോകരാജ്യങ്ങളുടെ അടക്കം ആരോഗ്യമേഖലയുടെയും ചികിത്സയുടെയും പ്രതിരോധത്തിന്റെയും ശക്തി നമുക്ക് ബോധ്യപ്പെട്ടു കഴിഞ്ഞു. ലോകാരോഗ്യ സംഘടന വിഭാവനം ചെയ്യുന്നതുപോലെ സാർവത്രിക ആരോഗ്യം എന്ന ലക്ഷ്യം സാധിതമാകണമെങ്കിൽ നയപരമായ പൊളിച്ചെഴുത്ത് ആരോഗ്യമേഖലയിൽ അനിവാര്യമാണ്. തദ്ദേശ സ്ഥാപനങ്ങളെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉണ്ടെങ്കിൽ മാത്രമേ പ്രതിരോധപ്രവർത്തനങ്ങൾ പൂർണ്ണമായി വിജയിക്കുകയുള്ളൂ.

രാജ്യത്തെ ആരോഗ്യ ഗവേഷണ മേഖലയിൽ സുപ്രധാന പങ്കുവഹിക്കുന്ന ICMR-ന്റെ പ്രവർത്തനമേഖല വിപുലീകരിക്കുക എന്നതാണ് ഇത്തരുണത്തിൽ നമുക്ക് ഏറെ പ്രാധാന്യം നൽകേണ്ടത്. 138 കോടി ജനങ്ങൾ വസിക്കുന്ന ഇന്ത്യയിൽ കോവിഡ് വളരെയധികം ആളുകളെ ബാധിക്കുകയും മരണസംഖ്യ ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രതിരോധവകുപ്പ്പോലെ പരമപ്രധാന മേഖലയായി ആരോഗ്യമേഖലയെ കേന്ദ്രസർക്കാർ കാണേണ്ടിയിരിക്കുന്നു. അതിനുള്ള ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ബജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയും, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് കൂടുതൽ പണം അനുവദിച്ചും ആരോഗ്യമേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ ചർച്ചകൾ തന്നെ നടത്തുന്നതായി കാണുന്നില്ല. വ്യക്തമായ പദ്ധതികളോ രൂപരേഖയോ ഇന്ന് സർക്കാരിന് മുന്നിൽ ഇല്ല. സംസ്ഥാന സർക്കാരുകൾ അവരുടെ കൈവശമുള്ള എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തി തീരുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. ഇനി കേന്ദ്ര സർക്കാരിൻറെ നിർലോഭമായ സഹായം ഇല്ലെങ്കിൽ സംസ്ഥാന സർക്കാരുകൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കാഴ്ചക്കാരുടെ റോളിലേക്ക് പിൻവലിയേണ്ടി വരും. ഏതായാലും വരുന്ന മൂന്ന് മാസങ്ങൾ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അതി സങ്കീർണവും നിർണായകവുമാണ്.

●

# ജീവിത നിപുണതകൾ
## (LIFE SKILLS)




ജീവിതത്തിൽ സ്വസ്ഥതയും സമാധാനവും സംതൃപ്തിയും ആഗ്രഹിക്കാത്തവരായി ആരെങ്കിലും ഉണ്ടോ? ഇല്ല അല്ലെ? എന്നാൽ സ്വസ്ഥതയും സമാധാനവും സംതൃപ്തിയും നാം ആഗ്രഹിക്കുന്ന പോലെ ജീവിതത്തിൽ നമുക്ക് ലഭിക്കാറുണ്ടോ? ഇല്ല തന്നെ. എങ്കിൽ ഇവ ലഭിക്കാൻ എന്താണ് മാർഗ്ഗം? ചിലർ കരുതുന്നു സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥ കൈവരിച്ചാൽ മതി എന്ന്. മികച്ച വിദ്യാഭ്യാസവും അത് വഴി മികച്ച ജോലിയും നേടിയെടുത്താൽ സമൂഹത്തിൽ ഉന്നത പദവിയിലെത്തി ചേരാമെന്നും അതുവഴി സ്വസ്ഥത, സമാധാനം, സംതൃപ്തി എന്നിവ നേടാമെന്നും കരുതുന്നു മറ്റു ചിലർ. എന്നാൽ നല്ല സാമ്പത്തികശേഷി ഉള്ളവരും ഉന്നത വിദ്യാഭ്യാസയോഗ്യത ഉള്ളവരും മനസികപിരിമുറുക്കത്തിലൂടെ കടന്നു പോയി ഒടുവിൽ ജീവിതം തന്നെ ഇല്ലാതാക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്. കഫെ കോഫി ഉടമ വി.ജി. സിദ്ധാർഥ, അകാലത്തിൽ പൊലിഞ്ഞ ഇന്ത്യൻ സിനിമ നടൻ സുശാന്ത് സിംഗ് രാജ്പുത്, ദുബായിൽ മരണമടഞ്ഞ മലയാളി വ്യവസായി ജോയ് അറയ്ക്കൽ തുടങ്ങിയവർ ഈ ഗണത്തിൽപ്പെട്ട ചിലർ മാത്രം. മുതിർന്നവർ മാത്രമല്ല, കുട്ടികളും ഇത്തരത്തിൽ ജീവിതത്തിൽ നിന്നും ഒളിച്ചോടുന്നതിന് ഉദാഹരണങ്ങൾ നിരവധിയാണ്. അരമണിക്കൂർ മാത്രമുള്ള ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാത്തതിന് ആത്മഹത്യ ചെയ്ത മലപ്പുറത്തെ ഒൻപതാം ക്ലാസ്സുകാരിയും മറ്റേതോ കാരണത്താൽ ആത്മഹത്യ ചെയ്ത കൊല്ലത്തെ ആറാം ക്ലാസ്സുകാരിയും ഹോസ്റ്റൽ മുറിയിൽ ആത്മഹത്യ ചെയ്ത ചെന്നൈ ഐ. ഐ. ടിയിൽ ഒന്നാം വർഷ എം.എ വിദ്യാർഥിയായിരുന്ന മലയാളിയായ പത്തൊൻപതുകാരിയും സാദാ ബൈക്ക് ഉണ്ടായിട്ടും ഒന്നര ലക്ഷത്തോളം വിലയുള്ള ബൈക്ക് വാങ്ങി കൊടുക്കാത്തതിന് വാടക വീട്ടിൽ ആത്മഹത്യ ചെയ്ത തിരുവന്തപുരത്തുകാരനും അവരിൽ ചിലർ മാത്രം. കൂട്ട ആത്മഹത്യ ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണവും കൂടി വരുന്നു. പതിനേഴ് വയസ്സുള്ള പെൺകുട്ടിയും അച്ഛനും അമ്മയും അടങ്ങിയ കോട്ടയത്തെ വെള്ളൂരിലുള്ള കുടുംബവും, പത്തു വയസ്സുള്ള മകനും അച്ഛനും അമ്മയും അടങ്ങിയ തിരുവനന്തപുരത്തുള്ള കഴക്കൂട്ടത്തെ കുടുംബവും ഏതാനും ഉദാഹരണങ്ങൾ മാത്രം. ജീവിതത്തിലെ വിവിധ സാഹചര്യങ്ങളെ ബുദ്ധിപരമായി തരണം ചെയ്യാൻ പറ്റാതെ വരുമ്പോൾ ആണ് ഇത്തരം മാർഗ്ഗങ്ങളിലേക്ക് പലരും കടക്കുന്നത്. ഇങ്ങനെ ജീവിതം അവസാനിപ്പിക്കുന്നവരേക്കാൾ വളരെയധികം പേരാണ് കടുത്ത മാനസിക സമ്മർദ്ദത്തിലൂടെ കടന്നു പോകുന്നത്. ഒരു മനോരോഗവിദഗ്ദ്ധന് മനസ്സിലാക്കാൻ പറ്റാത്തത്ര ചെറിയ തരത്തിലുള്ള വിഷാദരോഗം / മാനസികസമ്മർദ്ദം മുതിർന്നവരിൽ അറുപതുമുതൽ എഴുപതു ശതമാനം പേർക്കും ഉണ്ട്. വേണ്ടത്ര ശ്രദ്ധ

**കൂട്ടുകാരില്ലാതെ വീട്ടിൽ ഒറ്റയ്ക്ക് കഴിയേണ്ടി വരിക തുടങ്ങി പല കാരണങ്ങൾ കൊണ്ട് കുട്ടികൾക്ക് മുതിർന്നവരേക്കാൾ മാനസികസമ്മർദ്ദം വളരെ കൂടുതലാണ്. ഇങ്ങനെ മനസികസമ്മർദ്ദത്തിലൂടെ കടന്നു പോകുന്നവരുവരുടെ ജീവിതം ദുരിതപൂർണ്ണവും പലപ്പോഴും ദുരന്തപൂർണവും ആയിരിക്കും.**



**വിശ്വദാസ് വി.**
സെക്രട്ടറിയേറ്റ് – ക്ഷണിതാവ്

രക്ഷിതാക്കളിൽ നിന്ന് ലഭിക്കാത്ത അവസ്ഥ, പഠന ഭാരം, രക്ഷിതാക്കളിൽ നിന്നുള്ള അനാവശ്യ സമ്മർദ്ദം, കൂട്ടുകാരില്ലാതെ വീട്ടിൽ ഒറ്റയ്ക്ക് കഴിയേണ്ടി വരിക തുടങ്ങി പല കാരണങ്ങൾ കൊണ്ട് കുട്ടികൾക്ക് മുതിർന്നവരേക്കാൾ മാനസികസമ്മർദ്ദം വളരെ കൂടുതലാണ്. ഇങ്ങനെ മനസികസമ്മർദ്ദത്തിലൂടെ കടന്നു പോകുന്നവരുവരുടെ ജീവിതം ദുരിതപൂർണ്ണവും പലപ്പോഴും ദുരന്തപൂർണവും ആയിരിക്കും.

എന്താണിതിനൊരു പ്രതിവിധി? ഉയർന്ന സാമ്പത്തികസ്ഥിതി കൈവരിയ്ക്കലോ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ കൈവരിയ്ക്കലോ നേടലോ ഒന്നുമല്ല വേണ്ടത്.മറിച്ച് ജീവിതത്തിലെ പുതുമയുള്ള/പ്രയാസമേറിയ ഒരു സാഹചര്യത്തെ ഫലപ്രദമായി / ബുദ്ധിപരമായി കൈകാര്യം ചെയ്യാൻ /തരണം ചെയ്യാൻ ചില കഴിവുകൾ നാം ഓരോരുത്തരും ആർജിക്കുകയാണ് വേണ്ടത്. ഈ കഴിവുകളെ ജീവിതനിപുണതകൾ (Life Skills) എന്ന് പറയുന്നു.

### ജീവിതനിപുണതകൾ – വർഗ്ഗീകരണം

ഉദ്ദേശലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി ജീവിതനിപുണതകളെ മൂന്നായി തരാം തിരിക്കാം.

I. പൊതുനിപുണതകൾ (Core Life Skills)

II. പ്രശ്നാധിഷ്ഠിത നിപുണതകൾ (Problem Specific Skills)

III. മേഖലാവൈദഗ്ധ്യ നിപുണതകൾ (Area Specific Skills)

## I. പൊതുനിപുണതകൾ

(Core Life Skills)

ഏതൊരു വ്യക്തിയുടെയും പൊതുവായ വികസനത്തിന്റെ കാതലായി കരുതുന്നതും ലോകാരോഗ്യ സംഘടന അംഗീകരിച്ചതുമായ പത്ത് നിപുണതകളെയാണ് പൊതുനിപുണതകൾ (Core Life Skills) എന്ന് പറയുന്നത്. ഈ പത്ത് പൊതുനിപുണതകളെ അവയുടെ പ്രയോജനത്തെ അടിസ്ഥാനമാക്കി അഞ്ച് ഗ്രൂപ്പായി തരം തിരിക്കാം.

**a) മാതൃനിപുണതകൾ (Mother Skills)**

അവനവനേയും മറ്റുള്ളവരേയും അറിയുന്നതിനും അതുവഴി ജീവിതത്തിലെ വിവിധ അവസരങ്ങളെ കൈകാര്യം ചെയ്യുന്നതിനും വേണ്ട നിപുണതകളെ മാതൃനിപുണതകൾ (Mother Skills) എന്നു പറയുന്നു. ഏറ്റവും പ്രധാനപ്പെട്ടതും ഒരാൾ ആദ്യം ആർജിച്ചെടുക്കേണ്ടതുമായ നിപുണതകളാണിത് . അതുകൊണ്ടാണ് ഈ നിപുണതകളെ മാതൃനിപുണതകൾ എന്ന് പറയുന്നത്.

സ്വയാവബോധവും (Self Awareness) തന്മയീഭാവവും (Empathy) ആണ് പ്രധാനപ്പെട്ട മാതൃനിപുണതകൾ.

**b) നിലനിൽപ്പിനായുള്ള നിപുണതകൾ (Survaival Skills)**

നിത്യജീവിതത്തിൽ നല്ല വ്യക്തിബന്ധങ്ങൾ ഉണ്ടാക്കി എടുക്കുന്നതിനും മറ്റുള്ളവരോട് നല്ലരീതിയിൽ ആശയവിനിമയം നടത്തുന്നതിനും വേണ്ട ശേഷികളാണ് നിലനിൽപ്പിനായുള്ള നിപുണതകൾ (Survaival Skills).

ആശയവിനിമയ ശേഷി (Communication Skill), വ്യക്ത്യാന്തരബന്ധ വികസന ശേഷി (Interpersonal Relationship Skill) എന്നിവയാണ് പ്രധാനപ്പെട്ട നിലനിൽപ്പിനായുള്ള നിപുണതകൾ.

**c) ചിന്താല്മക നിപുണതകൾ (Thinking Skills)**

ശരിയായി ചിന്തിക്കാതെയും ആലോചിക്കാതെയും എടുക്കുന്ന പല തീരുമാനങ്ങളും ജീവിതത്തിൽ പിന്നീട് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണമാകാറുണ്ട്. ശരിയായ രീതിയിലുള്ള ചിന്ത സമാധാനപൂർണമായ ജീവിതത്തിന് അത്യാവശ്യമാണ് . നമ്മുടെ ചിന്തയുമായി ബന്ധപ്പെട്ട് നേടിയെടുക്കേണ്ട /വികസിപ്പിച്ചെടുക്കേണ്ട നിപുണതകളാണ് ചിന്താത്മക നിപുണതകൾ (Thinking Skills).

**യുക്തിയുക്തമായ ചിന്ത (Critical Thinking),** ക്രീയാത്മക ചിന്ത/ സർഗ്ഗാത്മക ചിന്ത (Creative Thinking) എന്നിവയാണ് പ്രധാനപ്പെട്ട ചിന്താത്മക നിപുണതകൾ.

**d) നീക്കുപോക്കുകൾക്കു വേണ്ട നിപുണതകൾ (Negotiating Skills)**

മറ്റുള്ളവർ കൂടി അംഗീകരിക്കുന്ന തരത്തിൽ തീരുമാനങ്ങൾ എടുക്കുവാൻ വേണ്ട നിപുണതകളെ നീക്കുപോക്കുകൾക്കു വേണ്ട നിപുണതകൾ എന്നു പറയുന്നു.

പ്രശ്നപരിഹാരത്തിനുള്ള നിപുണത (Problem Solving Skill), തീരുമാനമെടുക്കാനുള്ള നിപുണത (Decision Making Skill) എന്നിവ ഈ ഗണത്തിൽ

പെടുന്നു.

**e) മാനസിക പൊരുത്തപ്പെടുന്നതിനു വേണ്ട നിപുണതകൾ (Coping Skills)**

മനസ്സിനുണ്ടാകുന്ന അസ്വസ്ഥകൾ പരിധിവിട്ട് പോകാതെ അവയെ നിയന്ത്രിച്ച് നിത്യജീവിതത്തെ ബാധിക്കാതെ നോക്കുന്നതിന് വേണ്ട നിപുണതകളാണ് മാനസിക പൊരുത്തത്തിനു വേണ്ട നിപുണതകൾ (Coping Skills).

വൈകാരികമായുള്ള പൊരുത്തപ്പെടൽ (Coping with emotions), മാനസിക പിരിമുറുക്കവുമായി പൊരുത്തപ്പെടൽ (Coping with Stress) എന്നിവയാണ് മാനസിക പൊരുത്തത്തിനുവേണ്ട നിപുണതകൾ.

## II. പ്രശ്നാധിഷ്ഠിത നിപുണതകൾ

(Problem Specific Skills)

പൊതു നിപുണതകൾ (Core Life Skills) ഒരു വ്യക്തിയുടെ പൊതുവായ വികസനത്തിനാണ് ഉപയോഗിക്കുന്നത്. എന്നാൽ ഒരു വ്യക്തിയുടെ ഒരു പ്രത്യേക പ്രശ്നനിവാരണത്തിനായി ഉപയോഗിക്കുന്ന നിപുണതകളാണ് പ്രശ്നാധിഷ്ഠിത നിപുണതകൾ (Problem Specific Skills). ഏതാണോ പരിഹരിക്കേണ്ട പ്രശ്നം ആ പ്രശ്നപരിഹാരത്തിന് ആവശ്യമായ നിപുണതകൾ പൊതുനിപുണതകളിൽ (Core Life Skills) നിന്നും കണ്ടെത്തി പ്രശ്നം പരിഹരിക്കുകയാണ് ഇവിടെ ചെയ്യുന്നത്. കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത, അകാരണമായ പേടി, കാര്യങ്ങൾ തുറന്നുപറയാനുള്ള ധൈര്യക്കുറവ് തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രശ്നാധിഷ്ഠിത നിപുണതകൾ നേടിയെടുക്കുന്നതിലൂടെ കഴിയും.



## III. മേഖല വൈദഗ്ധ്യ നിപുണതകൾ

(Area Specific Skills)

പൊതുനിപുണതകൾ (Core Life Skills) ഒരു വ്യക്തിയുടെ പൊതുവികസനത്തിനും പ്രശ്നാധിഷ്ഠിത നിപുണതകൾ (Problem Specific Skills) ഒരു പ്രത്യേക പ്രശ്നപരിഹാരത്തിനുമായാണ് ഉപയോഗിക്കുന്നത്. എന്നാൽ ഒരു പ്രത്യേക പ്രവർത്തനമേഖലയിൽ വൈദഗ്ധ്യം നേടിയെടുക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന നിപുണതകളാണ് മേഖല വൈദഗ്ധ്യ നിപുണതകൾ (Area Specific Skills). പ്രശ്നാധിഷ്ഠിത നിപുണതകളുടെ കാര്യത്തിലെന്ന പോലെ ഇവിടെയും പൊതുനിപുണതകളിലുള്ള (Core Life Skills) വ്യത്യസ്ത നിപുണതകളെ ആവശ്യാനുസരണം കൂട്ടിച്ചേർത്ത് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഓരോ പ്രവർത്തന മേഖലയ്ക്കും വേണ്ട കഴിവുകൾ നേടിയെടുക്കുന്നതിന് മേഖലാവൈദഗ്ധ്യ നിപുണതകൾ അതാതു മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഏറെ സഹായിക്കും. കൃത്യനിഷ്ട പാലിക്കാനും സമയക്രമം ചിട്ടപ്പെടുത്താനുമുള്ള ശേഷി, ശരിയായ തൊഴിൽ മേഖലകൾ നേടുന്നതിനുള്ള ശേഷി, പഠനരീതി മെച്ചപ്പെടുത്തുന്നതിനുള്ള ശേഷി തുടങ്ങി വിവിധ ശേഷികൾ നേടിയെടുക്കുന്നതിന് മേഖല വൈദഗ്ധ്യ നിപുണതകൾ സഹായിക്കുന്നു. ●

# ജീവിതനൈപുണി വിദ്യാഭ്യാസം
# (LIFE SKILL EDUCATION)

ലോകം മാറുന്നതിനനുസരിച്ചു നാം നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും മാറിക്കൊണ്ടിരിക്കും. ഇരുപത്തഞ്ചോ മുപ്പതോ വർഷങ്ങൾക്ക് മുൻപ് ഒരാൾ / ഒരു കുട്ടി നേരിടേണ്ടി വരുന്ന പ്രശ്നങ്ങളല്ല ഇന്നത്തെ ഒരാൾ / ഒരു കുട്ടി നേരിടേണ്ടി വരുന്നത്. മാത്രമല്ല കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേക്ക് മാറിയതിന്റെ ഭാഗമായി നാമറിയാതെ നമ്മൾ ആർജിച്ചിരുന്ന ജീവിതനിപുണതകൾ പലതും നമുക്ക് നഷ്ടമായിരിക്കുന്നു. ഇത്തരുണത്തിൽ ജീവിതവിജയത്തിനും ജീവിതത്തിൽ സമാധാനം നേടിയെടുക്കുന്നതിനും ജീവിതനിപുണതകൾ പ്രത്യേകമായി നേടിയെടുക്കേണ്ടി വരുന്നു. ഇവിടെയാണ് ജീവിത നിപുണത വിദ്യാഭ്യാസത്തിന്റെ (LIFE SKILL EDUCATION) പ്രസക്തി. ജീവിത നിപുണതകൾ വളർത്തിയെടുത്ത് ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ ഫലപ്രദമായും ബുദ്ധിപരമായും കൈകാര്യം ചെയ്യാൻ ജീവിത നിപുണത വിദ്യാഭ്യാസം ഓരോ വ്യക്തിക്കും വേണ്ട പ്രാപ്തി നൽകുന്നു. ഇതുവഴി സ്വസ്ഥതയും സമാധാനവും സംതൃപ്തിയും നിറഞ്ഞ ഒരു ജീവിതം ഉറപ്പാക്കാം.

കഥ



അജയഗോപാൽ ജെ.എസ്.

# ഒഴിക്കിനൊപ്പം



ബെഡ് കോഫിയും പത്രവായനയും ഒന്നിച്ചാണ്. വർഷങ്ങളായുള്ള ശീലം ഒഴിവാക്കുക പ്രയാസം. രാവിലെയുള്ള നടത്തം കഴിഞ്ഞു വരുമ്പോ പത്രം വന്നിരിക്കും. പത്രമില്ലാത്ത ദിവസം ആകെ ഒരു മുഷിച്ചിലാണ്. ഒന്നിനും ഒരുത്സാവും കാണില്ല. പെൻഷൻ പറ്റിയ ശേഷം വീട്ടുകാർ തയാറാക്കിയ ചാർട്ട് പ്രകാരമാണ് ജീവിത ചക്രം ചലിക്കുന്നത്. മുമ്പ് അങ്ങനെ ആയിരുന്നില്ല. ശബ്ദവും വെളിച്ചവും അയാളുടെ വിരൽതുമ്പിലായിരുന്നു. ഇപ്പോ പല്ലു കൊഴിഞ്ഞ സിംഹമോ പുലിയോ മറ്റോ പോലെ ആയി. ഒരുതരത്തിൽ അതാ നല്ലതെന്ന് തോന്നാറുമുണ്ട്. കീ കൊടുത്ത് ചലിക്കുന്ന പാവ. തൊഴിലിലെ മിച്ചം ഷുഗറും പ്രഷറും, മെച്ചം യാത്രാ വഴിയിൽ തിരിച്ചറിയുന്ന ചിലരുടെ സ്നേഹത്തോടെയുള്ള കുശലഭാഷണങ്ങൾ.

വളരെ സുഗമമായി ഓടിക്കൊണ്ടിരുന്ന ജീവിത കാല ചക്രത്തിന് പൊടുന്നനെ കാറ്റ് പിടിച്ചപോലെ മാറ്റം വന്നത് ഉൾക്കൊള്ളാനാവതെ ടയർ പഞ്ചറായത് പോലെ. പുറത്തിറങ്ങാൻ പാടില്ല. അമ്പലത്തിൽ പോകാൻ പാടില്ല. ഒരുതരത്തിൽ പറഞ്ഞാൽ നിരോധനാജ്ഞ പ്രഖ്യാപിച്ച പോലെ. ആൾക്കൂട്ടം ഇല്ല, സ്കൂൾ, കോളേജ്, ആഫീസുകൾ എല്ലാം അടച്ചിട്ടു പരീക്ഷകൾ മാറ്റിവച്ചു. ആകെ ഒരു യുദ്ധ സമാനമായ അന്തരീക്ഷം ഒരു തരം അരക്ഷിതാവസ്ഥ എല്ലാവരെയും ബാധിച്ചിരിക്കുന്നു.

ഈ വിശാലമായ ലോകത്തെ നിമിഷാർദ്ധം കൊണ്ട് നിശ്ചലമാക്കിയത് ദൃഷ്ടിഗോചരമല്ലാത്ത ഒരു വൈറസ് ആണെന്നത് ലോക മഹാത്ഭുതങ്ങളിൽ ഒന്നായി മാറി. പ്രപഞ്ച ശക്തികളെ നിഷ്പ്രഭമാക്കി, ആരോഗ്യ പ്രവർത്തകരെ ഞെട്ടിപ്പിച്ച് അവൻ താണ്ടവമാടുന്നു. ഒരു ദൈവത്തിനും രക്ഷിക്കാൻ കഴിയാത്ത, വൈദ്യശാസ്ത്രം പോലും പകച്ചുനിൽക്കുന്ന സാഹചര്യം. പത്രങ്ങളിലും മീഡിയകളിലും ഇരുപത്തിനാലു മണിക്കൂറും ചർച്ചയോട് ചർച്ച. ഗവൺമെന്റുകൾ പഠിച്ച പണി എല്ലാം നോക്കിയിട്ടും കീഴടക്കാൻ കഴിയാത്ത വിധം വൈറസിന്റെ വ്യാപനം തുടർന്നുകൊണ്ടിരിക്കുന്നു. സർക്കാറുകൾക്കെതിരെ ജനരോക്ഷം ആളിക്കത്തുന്നു. തെരുവിൽ പ്രതിഷേധങ്ങൾ ഉയരുന്നു. പോലീസും പട്ടാളവും ജനങ്ങളെ നേരിടുന്നു.

പണ്ട്, പഠിക്കുന്ന കാലത്ത് അന്യഗ്രഹജീവികൾ പറക്കും തളികയിൽ വന്ന് ലോകത്തെ കീഴ്പ്പെടുത്തുന്ന നോവലുകൾ വായിച്ചിട്ടുണ്ട്.

നാം കണ്ടിട്ടില്ലാത്ത രൂപവും ഭാവവും ഉള്ള ശൂന്യാകാശ ജീവികൾ നിമിഷ നേരം കൊണ്ട് മൊത്തം തവിടുപൊടിയാക്കി മറയുന്ന അത്ഭുത സംഭവങ്ങൾ ഭാവനയിൽ കോർത്തെടുത്ത് നിറം പിടിപ്പിച്ച് പൊടിപ്പും തൊങ്ങലും കൊണ്ട് അലങ്കരിച്ച് വായനക്കാരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്താൻ മിടുക്കരായ എഴുത്തുകാർ ധാരാളം ഉണ്ടായിട്ടുണ്ട്. സാഹിത്യ നഭസ്സിൽ ഇപ്പോഴും അത്തരം ഭ്രാന്തൻ ചിന്തകൾക്ക് നല്ല മാർക്കറ്റ് ഉണ്ട്. വൈദ്യശാസ്ത്രഫിക്ഷനുകളിലും ഇത്തരം ഭാവനകളിലൂടെ മെനഞ്ഞെടുക്കുന്നവ കാണാം.

അടച്ചിടലും നിയന്ത്രണങ്ങളും ഉണ്ടായിട്ടും ഇല്ലാതാക്കാൻ കഴിയാത്ത വണ്ണം ലോകം മുഴുവൻ കൈപ്പിടിയിലൊതുക്കി അവൻ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു. ലോക ശാസ്ത്രമേഖല ഒന്നടങ്കം വൈറസിനെ പ്രതിരോധിക്കാനുള്ള മരുന്നിന്റെ ഗവേഷണത്തിൽ മുഴുകി ഇരിക്കുന്നു. ശാസ്ത്രജ്ഞരും ഗവേഷണ കുതുകികളും ലബോറട്ടറികളിൽ ജീവിതം ഉഴിഞ്ഞിട്ടിരിക്കുന്നു. ഗവൺമെന്റുകളും മറ്റ് ഏജൻസികളും മറ്റെല്ലാം മാറ്റി വച്ച് ഗവേഷകർക്ക് സർവ പിന്തുണയും നൽകുന്നതിൽ ശ്രദ്ധിക്കുന്നു.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിരമിച്ച ശേഷം സ്വസ്ഥമായി മറ്റൊരു ജീവിതം തുടങ്ങിയിട്ട് അധികം ആയിട്ടില്ല. സർക്കാരിൽ നിന്നും സഹായം ആവശ്യപ്പെട്ടപ്പോൾ സഹകരിക്കുന്നതിൽ തികച്ചും സന്തോഷവാനായിരുന്നു അയാൾ. ലോകം മുഴുവൻ അറിയപ്പെടുന്ന ശാസ്ത്രജ്ഞൻ, രാജ്യത്ത് വൈറസുകൾക്കെതിരെ പൊരുതുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സ്രഷ്ടാവ്. വിദേശ യൂണിവേഴ്സിറ്റികളിലെ വിസിറ്റിങ് പ്രൊഫസർ. ഇതൊക്കെയാണെങ്കിലും ഒരു സാധാരണക്കാരൻ. ശിഷ്ടകാലം ഭഗവത് പാദങ്ങളിൽ സർവവും അർപ്പിച്ച് ആത്മ നിർവൃതി പൂകാൻ ആഗ്രഹിച്ചാണ് അയാൾ ആ ഗ്രാമത്തിലെ സ്വന്തം തറവാട്ടിൽ കൂടണഞ്ഞത്.

ഒരു സംഘം വിദേശീയരും സ്വദേശീയരുമായ ഗവേഷകർക്കൊപ്പം അയാളും കൂടി. വൈറസിന്റെ ജനിതക ഘടകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഓരോ രാജ്യത്തും വ്യത്യസ്തമാണെന്ന നിഗമനത്തിലൂന്നിയായിരുന്നു അവരുടെ അന്വേഷണം നീങ്ങിക്കൊണ്ടിരുന്നത്. ലോക പ്രശസ്ത ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്കൊപ്പം അയാളുടെ നേതൃത്വത്തിലുള്ള ഗവേഷക സംഘവും ഒരേ മനസ്സോടെ പ്രവർത്തിച്ചതിന്റെ ഫലമായി അവസാനം വൈറസിനെ പ്രതിരോധിക്കാനുള്ള വാക്സിന്റെ കണ്ടുപിടിത്തത്തിന്റെ അവസാന ഘട്ടത്തിൽ അവരെത്തിച്ചേർന്നു.

പക്ഷേ, മനുഷ്യരിൽ ഇത് പരീക്ഷിക്കുക എന്ന വെല്ലുവിളി ഏറ്റെടുക്കാൻ പൂർണ്ണ സമ്മതനായ ഒരു രോഗിയെ കണ്ടെത്തുന്ന കാര്യത്തിൽ മാത്രം അവർക്ക് വിജയിക്കാനായില്ല. ജീവിതത്തിന്റെ ഒരുപാട് വെല്ലുവിളികൾ ഏറ്റെടുത്തിട്ടുള്ള അയാൾക്ക്, ശത്രുവിന്റെ നിറതോക്കിന് മുന്നിൽ മാറുവിരിച്ചുനിൽക്കുന്ന ദേശസ്നേഹിയായ പട്ടാളക്കാരെപോലെ, തന്റെ ജീവൻ തന്നെ പരീക്ഷണശാല ആക്കാൻ അയാൾ തീരുമാനിച്ചു. ആ മഹാമാരിയായ വൈറസിനെ തന്റെ ശരീരത്തിലേയ്ക്ക് കുത്തിവയ്ക്കാൻ അയാൾ തന്റെ മനസ്സിനെ ഒരുക്കിയെടുത്തു. സഹപ്രവർത്തകർ എതിർത്തെങ്കിലും തന്റെ നിലപാടിൽ ഉറച്ച് നിന്ന് സ്വയം ഒരു ഗിനിപന്നിയായി അയാൾ മാറി. കൃത്യം ഏഴ് ദിവസം കഴിഞ്ഞപ്പോൾ അയാളിൽ രോഗലക്ഷണങ്ങൾ കണ്ടുതുങ്ങി. അവർ കണ്ടെത്തിയ വാക്സിൻ അയാളിൽ കുത്തിവച്ചു.



ഈ ജീവൻമരണ പോരാട്ടത്തിൽ താൻ പരാജയപ്പെട്ടാൽ അത് വലിയ കാര്യമാക്കരുതെന്നും, പരീക്ഷണവും ഗവേഷണവും തുടരണമെന്നും ഒരുവിധം അയാൾ പറഞ്ഞുനിർത്തി. അബോധാവസ്ഥയിലേയ്ക്ക് മറഞ്ഞു. തോൽവിയെ വിജയത്തിലേയ്ക്കുള്ള ചവിട്ടുപടിയായി മാത്രം എന്നും കണ്ടിട്ടുള്ള ആ മഹാൻ തന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങൾ താണ്ടുകയായിരുന്നു.

എന്നാൽ പൊടുന്നനെ കൈവിട്ടുപോകുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. പ്രത്യേകം തയ്യാറാക്കിയ ഇന്റൻസീവ് കെയർയൂണിറ്റിൽ പ്രവേശിപ്പിച്ച അയാൾ വെന്റിലേറ്ററിന്റെ സഹായത്തോടെ ജീവൻ നിലനിർത്താൻ പാടുപെടുന്ന തന്റെ സഹപ്രവർത്തകരെ വിലക്കി. ഈ ജീവൻമരണ പോരാട്ടത്തിൽ താൻ പരാജയപ്പെട്ടാൽ അത് വലിയ കാര്യമാക്കരുതെന്നും, പരീക്ഷണവും ഗവേഷണവും തുടരണമെന്നും ഒരുവിധം അയാൾ പറഞ്ഞുനിർത്തി. അബോധാവസ്ഥയിലേയ്ക്ക് മറഞ്ഞു. തോൽവിയെ വിജയത്തിലേയ്ക്കുള്ള ചവിട്ടുപടിയായി മാത്രം എന്നും കണ്ടിട്ടുള്ള ആ മഹാൻ തന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങൾ താണ്ടുകയായിരുന്നു.

സർക്കാരും ഗവേഷക സമൂഹവും ഉത്കണ്ഠയോടെ കാത്തിരുന്ന ആ നിമിഷങ്ങളിൽ എപ്പോഴോ അയാൾ സ്വയം ശ്വസിച്ചുതുടങ്ങി. ഹൃദയതാളം ക്രമമായി. ശരീരം മരുന്നിനോട് അനുകൂലമായി പ്രതികരിച്ചുതുടങ്ങിയെന്ന് മനസ്സിലായപ്പോൾ വെന്റിലേറ്റർ എടുത്ത് മാറ്റി. മൂന്ന് ദിവസം മിഴി തുറന്ന് കാത്തിരുന്ന് ശുശ്രൂഷിച്ച തന്റെ സഹപ്രവർത്തകരെ നോക്കി പുഞ്ചിരിച്ചുകൊണ്ട് കൈവീശി എല്ലാവർക്കും അഭിവാദ്യം അർപ്പിച്ചു.

ഒഴിക്കിനൊപ്പമല്ല, ചിലപ്പോൾ ഒഴുക്കിനെതിരെയും നീന്തേണ്ടിവരും. ജീവൻരക്ഷക്കായെന്ന സന്ദേശം ആണ് ആ മഹാൻ നൽകിയതെന്ന് പറഞ്ഞുകൊണ്ട് അന്നത്തെ ക്ലാസ് അധ്യാപകൻ അവസാനിപ്പിക്കുമ്പോഴേക്കും പിരീഡ് കഴിഞ്ഞെന്ന അറിയിപ്പുമായി സ്കൂളിലെ ബെൽ ശബ്ദം മുഴങ്ങി.

●



# ഭാരതത്തിന്റെ നാലതിരുകൾ കാക്കുന്ന ദുർഗയാണ് ഇന്ദിരാ പ്രിയദർശിനി



**എ.ആർ. ജിതേന്ദ്രൻ**
സംസ്ഥാന സെക്രട്ടറിയേറ്റ്
ക്ഷണിതാവ്

നമ്മുടെ മുൻപ്രധാനമന്ത്രി പ്രിയങ്കരിയായ ഇന്ദിരാ പ്രിയദർശിനിയെ പറ്റി ഇപ്പോഴത്തെ പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ രാഷ്ട്രീയ ഗുരുനാഥൻ എന്ന് വിളിക്കുന്ന നമ്മുടെ മുൻ പ്രധാനമന്ത്രിയായ അടൽ ബിഹാരി വാജ്പേയ് പറഞ്ഞ വാക്കുകളാണ് ഈ ലേഖനത്തിന്റെ തലവാചകമായി കൊടുത്തിരിക്കുന്നത്. ഇന്ദിരാഗാന്ധി എന്ന വ്യക്തിത്വത്തെ നമ്മൾ വിലയിരുത്തിയാൽ ഏറ്റവും അനുയോജ്യമായ വിലയിരുത്തൽ.

ഹിന്ദുമത വിശ്വാസപ്രകാരം ദുർഗക്ക് നിരവധി ഭാവങ്ങളുണ്ട്. സ്നേഹത്തിന്റേത്, സമാധാനത്തിന്റേത്, ആശ്വാസത്തിന്റേത്, പ്രതികാരത്തിന്റേത്. അങ്ങനെ പോകുന്നു ആ ഭാവങ്ങൾ.. ഇന്ദിരാജിക്ക് ഇതിന്റെ എല്ലാ മുഖവുമുണ്ടായിരുന്നതായി കാണാം. സ്നേഹമസൃണയായിരുന്ന ഒരു അമ്മയായിരുന്നു അവർ. ചേരിചേരാ പ്രസ്ഥാനത്തിൻരെ അധിപകൂടിയായിരുന്ന അവർ സമാധാന സന്ദേശത്തിന്റെ പ്രവാചകയായിരുന്നു. ഗരീബീ ഹാവോ എന്ന മുദ്രാവാക്യം വഴി രാജ്യത്തിന്റെ പട്ടിണി നീക്കാൻ അഹോരാത്രം യജ്ഞിച്ച അവർ പാവങ്ങൾക്ക് ആശ്വാസത്തിന്റെ നിറദീപമായിരുന്നു. രാജ്യത്തിന്റെ ശത്രുക്കളോട് അവർ എന്നും പ്രതികാരദുർഗയുമായിരുന്നു.

ആധുനിക ഇന്ത്യ കണ്ട ഏറ്റവും ധീരയായ വനിത ആരാണെന്ന് ചോദിച്ചാൽ ആർക്കായാലും ഒറ്റ മറുപടിയേ കാണൂ... ഇന്ദിരാഗാന്ധി. 1917 നവംബർ 19ന് അലഹാബാദിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും കമലാ നെഹ്റുവിന്റെയും ഏക മകളായി ജനിച്ച ഇന്ദിരാപ്രിയദർശിനി.

ഇന്ദിരാഗാന്ധിയുടെ ജനനത്തിന് മുമ്പിൽ സ്വാതന്ത്ര്യ സമരകാലത്ത് ഇന്ത്യകണ്ട ഏറ്റവും ധീരയായ വനിത ആരെന്ന് ചോദിച്ചാൽ സ്വാഭാവിക മറുപടി ഒന്നേയുണ്ടാവൂ. സംശയമൊന്നുമില്ല ഝാൻസിറാണി. 1828ലെ ഒരു നവംബർ 19ന് നലിവൽ ഉത്തർപ്രദേശിലെ ഝാൻസിയിൽ ജനിച്ച മണികർണിക.

ഇന്ത്യയുടെ ജൂവൻ ഓഫ് ആർക്ക് എന്നറിയപ്പെടുന്ന 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിലെ മുന്നണി പോരാളിയായ ത്ധാൻസിറാണി. ചരിത്രകുതുകികളായ ആരേയും അതഭുതപ്പെടുത്തുന്ന സാമ്യതയാണ് ഇവർ രണ്ടുപേരും ഒരേ ദിവസമാണ് ജനിച്ചതെന്നുള്ളതും സ്വന്തം രാജ്യത്തിന്റെ സംരക്ഷണത്തിന് ജീവൻ നൽകിയും പോരാടി എന്നുള്ളതും...

വർത്തമാനകാലത്ത് ഇന്ത്യയുടെ അയൽരാജ്യമായ, ചരിച്ചുകൊണ്ട് ചതിക്കുന്ന സ്വഭാവം കൂടപ്പിറപ്പായി എടുത്ത ചൈന ഇന്ത്യക്കെതിരെ അനാവശ്യമായ അതിർത്തി പ്രശ്നം കുത്തിപ്പൊക്കി കൊണ്ടിരിക്കുന്ന കാഴ്ച നാം കാണുകയാണ്. ചൈനയുടെ ചരിത്രത്തിലേക്ക് നാം തിരിഞ്ഞുനോക്കിയാൽ കാണുന്ന കാഴ്ചയാണ് അവർ എന്നൊക്കെ പ്രശ്നങ്ങളിൽ കുരുങ്ങുന്ന അവസ്ഥ വന്നാലും ഇന്ത്യക്കെതിരെ അതിർത്തി പ്രശ്നം ഉയർത്തി വിട്ട് ആ നാട്ടിലെ പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടും എന്നത്. നാൽപത്തി അഞ്ച് വർഷമായി ഇല്ലാതിരുന്ന സൈനിക വീരമൃത്യു ഇപ്പോൾ എങ്ങനെ ഉണ്ടായി എന്ന് ചോദിച്ചാലും നാം എത്തിപ്പെടുക ഇതേ ഉത്തരത്തിലാണ്.

കൊറോണ വൈറസ് ലോകത്തെ മാരകമായി കൊന്നൊടുക്കുമ്പോൾ നാം ഓർക്കണം. രോഗം ബാധിച്ച ആദ്യരോഗിയെ തന്നെ തിരിച്ചറിയുമ്പോൾ വൈറസിന്റെ രൂപവും ഭാവവും ശ്രദ്ധയിൽപെട്ടയുടനെ അത് ലോകത്തിന്റെയും ലോകാരോഗ്യസംഘടനയുടെയും ശ്രദ്ധയിൽ മുൻകൈ എടുത്തിരുന്നുവെങ്കിൽ ലോകം ഇന്ന് ഈ മുൾമുനയിൽ നിൽക്കേണ്ടിവരില്ലായിരുന്നു. ലക്ഷങ്ങൾ ചത്തൊടുങ്ങേണ്ടിവരില്ലായിരുന്നു എന്ന് കാണുമ്പോഴാണ് അതിന്റെ മുഖ്യ സൂത്രധാരനായ ചൈനക്കെതിരെ ലോകജനത ഒറ്റക്കെട്ടായി വിരൽ ചൂണ്ടുന്നതിന്റെ സത്യം നാം മനസ്സിലാക്കുന്നത്. എത്ര ക്രൂരമായ നിസംഗഭാവമാണ് ചൈന കാണിച്ചത്. ലോകജനതയുടെ ശ്രദ്ധ തങ്ങൾക്കെതിരാവുകയാണെന്ന് മനസ്സിലാക്കിയ ഭരണാധികാരികളാണ് ഈ സമയത്ത് ജനശ്രദ്ധ തിരിക്കാൻ അതിർത്തി പ്രശ്നം ഉയർത്തുന്നതും നാൽപത്തി അഞ്ച് വർഷത്തിന് ശേഷം അവിടെ സൈനികരക്തം വീഴ്ത്താൻ കാരണമായെന്നും കാണുമ്പോഴാണ് എത്ര നികൃഷ്ടജീവികളാണ് ഈ ചൈന എന്നു നാം മനസ്സിലാക്കേണ്ടത്.

സാമ്രാജ്യത്വ അധിനിവേശത്തിനെതിരെ പൊരുതുകയാണ് ചൈന എന്ന് ഇവിടുത്തെ ചങ്കിലെ ചൈനക്കാർ പാണന്മാർ പാടുന്നപോലെ പാടികൊണ്ടിരിക്കുമ്പോൾ ചൈനാഭക്തിമൂത്ത് തിമിരം ബാധിച്ച ഇവർ ചൈന ഇന്ന് ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യത്വ ശക്തിയാവാനുള്ള മത്സരത്തിലാണ് എന്ന് അറിയുന്നില്ല എന്നതാണ് വാസ്തവം. അധികാര കേന്ദ്രീകരണം വഴി നാട്ടിലെ പൗരന്മാരെ നിശ്സബ്ദവാന്മാരാക്കി ഭരണകൂട ഭീകരത ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച് (1989 ജൂൺ 4 ലെ ടിയാമെൻ സ്ക്വയർ സംഭവം നാം മറക്കരുത്) മുന്നേറുന്ന ചൈന, ഭാവിയിലെ വ്യാപാര പോരാട്ടത്തിൽ കോവിഡാനന്തര ഇന്ത്യയിലേക്ക് ചൈനയിലെ പല കമ്പനികളും കടന്നുവരും എന്ന് മനസ്സിലാക്കിയപ്പോൾ ഇന്ത്യയിൽ എന്നും പ്രശ്നങ്ങളാണ് എന്ന് അവരെ ബോധ്യപ്പെടുത്തി അവരെ മാറ്റി നിർത്താനുള്ള സ്ഥിരം കുത്സിത പ്രവർത്തിയുടെ ഭാഗമാണ് ഇത് ഈ തർക്കം എന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

ആദ്യം പാക്കിസ്ഥാനെ ഒളിഞ്ഞും തെളിഞ്ഞും സഹായിച്ച് ഇന്ത്യയിൽ സ്ഥിരം പ്രശ്നങ്ങൾ ഉണ്ടാക്കാൻ അവർ ശ്രമിച്ചു. ഹർകതുൽ ഉൽ അൻസാർ എന്ന പാക്ക് തീവ്രവാദി സംഘടന (നിരോധിച്ചപ്പോൾ പേര് മാറ്റി ജെയ്ഷേ മുഹമ്മദ്) ഇന്ത്യയിൽ പാർലമെന്റ് ആക്രമണം, മുംബൈ ആക്രമണം, പത്താൻകോട്ട് ഭീകരാക്രമണം തുടങ്ങി പലപ്രശ്നങ്ങളും സൃഷ്ടിച്ച് നിരപരാധികളായ നിരവധിപേരെ കൊന്നൊടുക്കിയതിനെ ലോകരാഷ്ട്രങ്ങൾ ഒന്നടങ്കം അപലപിച്ചപ്പോൾ അതിനെതിരെ കമാന്ന് ഒരക്ഷരം ഈ ചങ്കിലെ ചൈന പറഞ്ഞില്ല എന്നത് ആരാധകർ അറിഞ്ഞാലും അറിഞ്ഞതായി നടിക്കില്ലയെങ്കിലും നാം അത് ഓർക്കേണ്ടത് അനിവാര്യമാണ്. ഈ ശ്രമത്തിൽനിന്ന് അവർ ഒരടി പിന്നോട്ട് വച്ചത് ഇന്ത്യയിൽ ഭീകരാക്രണം തുടർന്നാൽ പിന്നീട് പാക്കിസ്ഥാന്റെ ചിത്രം ഭൂമുഖത്ത് തന്നെ ഇല്ലാതായി പോകുമോ എന്ന് കരുതിയാണോ എന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യക്കെതിരെ നടന്ന ഭീകരാക്രണത്തെ യു.എൻ സെക്യൂരിറ്റി കൗൺസിലിലെ അഞ്ച് സ്ഥിരാംഗങ്ങളിൽ നാല് പേരും അപലപിച്ചപ്പോൾ അവിടെ വീറ്റോ ഉപയോഗിച്ചത് ഇതേ ചങ്കിലെ ചൈനയാണ് എന്ന് നാം ഓർക്കണം.

ഇന്ത്യയുടെ സാമന്തരാജ്യമായ നേപ്പാളിലെ പുതിയ കമ്മ്യൂണിസ്റ്റ് ഭരണകൂടം ചൈനയുടെ ചൊൽപ്പടിയിലാരിക്കുമെന്ന് പറയാതെ തന്നെ നമുക്ക് അറിയാമല്ലോ. ഇന്ത്യയുടെ ഔദാര്യം കൊണ്ട് മാത്രം ജീവിച്ച നേപ്പാൾ ഇപ്പോൾ ഇന്ത്യക്കെതിരെ പ്രകോപനമായി വരുമ്പോൾ നാം ഓർക്കേണ്ടത് രാമായണത്തിൽ ഒരിക്കൽ ബാലിയോട് തോറ്റ സുഗ്രീവൻ രണ്ടാംവട്ടവും വന്ന് വെല്ലുവിളിക്കുമ്പോൾ ഭാര്യ താര പറയുന്ന വാചകമാണ്. നിങ്ങളോട് തോറ്റോടിയ സുഗ്രീവൻ വീണ്ടും വന്ന് വെല്ലിവിളിക്കുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ ആരുടേയോ സഹായമുണ്ടെന്ന് ഉറപ്പാണ് എന്നാണ്. ഇവിടെയും അത് തന്നെ, കമ്യൂണിസ്റ്റ് നേപ്പാൾ വെറും ബിനാമി. യഥാർത്ഥ ശത്രു അവസരം പാർത്ത് ഒളിച്ചിരിപ്പാണ്.

ഈ സമയത്താണ് ഞാൻ എഴുതിയ തലവാചകത്തിന്റെ പ്രസക്തി കടന്നുവരുന്നത്. ഇന്ദിരാ പ്രിയദർശിനി എന്ന അഭിനവ ദുർഗയുടെ പ്രസക്തി. ഇന്ത്യവിഭജനത്തിന് ശേഷം കിഴക്കൻ പാക്കിസ്ഥാൻ പ്രദേശത്തെ അംഗീകരിച്ചിരുന്നില്ല. ജനങ്ങൾ എല്ലാവിധത്തിലും രണ്ടാം തരം പൗരന്മാരായിരുന്നു. ഉറുദു സംസാരിക്കുന്ന മറ്റ് പ്രദേശത്തുള്ളവർ ബംഗാളി മാതൃഭാഷയാക്കിയ ഇവരെ അംഗീകരിച്ചിരുന്നില്ല. ആഭ്യന്തര യുദ്ധം ശക്തിപ്പെട്ടുകൊണ്ടിരിക്കേ ഇന്ത്യയിലേക്ക് അഭയാർത്ഥി പ്രവാഹം ശക്തിപ്പെടുകയും ഇന്ത്യൻ സൈന്യം ഇടപെടുകയും ബംഗ്ലാദേശ് എന്ന രാഷ്ട്രത്തിന്റെ പിറവിക്ക് കാരണമായി എന്നതും ചരിത്രസത്യം.

പാക്കിസ്ഥാനെ രക്ഷിക്കാൻ അമേരിക്കയുടെ ഏഴാം കപ്പൽപ്പട എന്ന വജ്രായുധം വരുമെന്ന് മനസ്സിലാക്കിയ ഇന്ത്യയിലെ ഉരുക്ക് വനിത അമേരിക്കയുടെ മുഖത്ത് നോക്കി പറഞ്ഞു. ഏഴാം കപ്പൽപ്പടയൊക്കെ വരുന്നത് കൊള്ളാം. പക്ഷേ എന്റെ രാജ്യത്തിന്റെ അതിർത്തി ലംഘിച്ചാൽ ഏഴാം കപ്പൽപ്പടയിൽ തിരിച്ചുപോകാൻ ഒരു കപ്പൽപോലും കാണില്ല. ശേഷം ചരിത്രം. ഒരുലക്ഷത്തോളം പാക്ക്ഭടന്മാർ ഇന്ത്യൻ പിടിയിൽ.. യുദ്ധത്തിൽതോറ്റ് മാപ്പ്പറഞ്ഞ് പാക്കിസ്ഥാൻ തിരിച്ചുപോയി. ഇന്നും നമുക്കാവശ്യം ഈ മനക്കരുത്താണ്. ചൈന എന്ന ചതി മാത്രം സ്വഭാവമാക്കിയവരേ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്താനുള്ള മനക്കരുത്ത്.

പ്രിയങ്കരിയായ പ്രിയദർശിനിയുടെ രക്തസാക്ഷിത്വത്തിന് ശേഷം ചേർന്ന കേരളത്തിലെ ഗസറ്റഡ് ജീവനക്കാരുടെ ഏക സംഘടനയായിരുന്നു കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി

യോഗത്തിൽ പ്രിയങ്കരിയായ പ്രിയദർശിനിയെ അനുസ്മരിച്ച് ഒരു പ്രമേയം പോലും പാസാക്കാൻ തയ്യാറാവാതിരുന്ന അന്നത്തെ ഇടതുപക്ഷമനസ്സുള്ള സംഘടനാ നേതാക്കലുടെ തീരുമാനത്തിൽ പ്രതിഷേധിച്ച് പ്രസ്തുത യോഗത്തിൽനിന്ന് ഇറങ്ങി വന്ന അഭിമാനികളായ ജനാധിപത്യബോധമുള്ള പ്രവർത്തകർ രൂപം കൊടുത്തതാണ് നമ്മുടെ സംഘടന എന്നത് ഇന്ദിരാജിയുടെ കരുത്തുറ്റ സ്മരണകൾ നെഞ്ചിലേറ്റിയ പ്രസ്ഥാനമാണ് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ എന്നതിന് ദൃഷ്ടാന്തമാണ്. ഒരു എളിയ പ്രവർത്തകനായി ഈ സംഘടനയിലേക്ക് കടന്ന് വന്നപ്പോൾ എന്റെ മനസ്സിൽ നൊമ്പരമായി കടന്ന് വന്നത് 35 വർഷങ്ങൾക്ക് മുമ്പ് 1984 ഒക്ടോബർ 31ന് ഞാൻ കണ്ണൂർ എസ് എൻ കോളേജിലെ പ്രീഡിഗ്രി വിദ്യാർത്ഥിയായി രാവിലെ പതിനൊന്ന് മണിക്ക് കെമിസ്ട്രി ലാബിൽ പരീക്ഷണങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരിടിത്തീയായി എന്റെ ചെവിയിൽ പെയ്തിറങ്ങിയ ആ ദുരന്ത വാർത്തയായിരുന്നു.

ഇന്ദിരാ പ്രിയദർശിനി വധിക്കപ്പെട്ടു, ഇന്ത്യയുടെ പ്രധാനമന്ത്രിയായ, രാഷ്ട്രശിൽപി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പൊന്നോമനപുത്രി, രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്നേഹപരിലാളനങ്ങൾ ആവോളം നുകർന്ന് കൊണ്ട് വളർന്ന പ്രിയദർശിനി, കുട്ടിക്കാലത്ത് വാനര സേന എന്ന പേരിൽ കുട്ടിപ്പട ഉണ്ടാക്കി സ്വാതന്ത്ര്യസമര പോരാളികൾക്ക് തങ്ങളാലാവും വിധം ആവേശം പകർന്ന ഇന്ദിരാഗാന്ധി.

പാക്കിസ്ഥാൻ പ്രസിഡന്റ് അയൂബ്ഖാനുമായി സമാധാന കരാറിൽ ഒപ്പിടാൻ താഷ്കെന്റിൽ പോയ പ്രധാന മന്ത്രി ലാൽബഹദൂർശാസ്ത്രി അവിടെവെച്ച് ആകസ്മികമായി മരണപ്പെട്ടപ്പോൾ തികച്ചും ആകസ്മികമായി ഇന്ത്യയുടെ പ്രധാനമന്ത്രി കസേരയിൽ എത്തപ്പെട്ട ഇന്ദിര. സ്വന്തം പാർട്ടിയിലെ വലത്പക്ഷ ചിന്താഗതികളെ വെല്ലുവിളിച്ച് സോഷ്യലിസത്തോട് എന്നും ആഭിമുഖ്യം പുലർത്തിയിരുന്ന ഇന്ദിര നടപ്പാക്കിയ പ്രിവിപേഴ്സ് നിർത്തിലാക്കൽ, ലോകത്തെതന്നെ ഞെട്ടിച്ച ബാങ്ക് ദേശസാൽക്കരണം, പാക്കിസ്ഥാനിലെ ആഭ്യന്തര പ്രശ്നം രൂക്ഷമായപ്പോൾ ഇന്ത്യയിലേക്കുള്ള അഭയാർത്ഥികളുടെ ഒഴുക്ക് രൂക്ഷമായപ്പോൾ, പാക്കിസ്ഥാന് അനുകൂലമായി പ്രശ്നത്തിലിടപെടാൻ ശ്രമിച്ച അമേരിക്കയെ സധൈര്യം വെല്ലുവിളിച്ച് അതിനെ നേരിട്ട് ബംഗ്ലാദേശിന്റെ പിറവിക്ക് തന്നെ കാരണമായ ഇന്ത്യയുടെ ഉരുക്ക് വനിത.

ഇന്ത്യാവിരുദ്ധ ശക്തികളുടെ കയ്യിലെ കളിപ്പാവയായി ഇന്ത്യയിലെ ആഭ്യന്തര പ്രശ്നം സൃഷ്ടിക്കാൻ സൈന്യത്തോട് പോലും കലാപത്തിനിറങ്ങാൻ ആവശ്യപ്പെട്ട് പ്രതിപക്ഷം രാജ്യത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കാൻ ശ്രമിച്ചപ്പോൾ മറ്റെന്തിനേക്കാളും ഏറെ സ്വന്തം രാജ്യത്തെ സ്നേഹിച്ച രാജ്യത്തിന്റെ ആ വീരപുത്രി ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാൻ നിർബന്ധിതമായതും അവർ ഭരിച്ചിരുന്നപ്പോഴെടുത്ത അതിശക്തമായ തീരുമാനങ്ങൾ കാരണം ഇന്ദിരാഗാന്ധി മന്ത്രിസഭയിലെ ഏക പുരുഷൻ എന്നുവരെ വിശേഷിപ്പിക്കുവാൻ കാരണമായതും ഇന്ദിരയോടുള്ള ആദരിവന് എന്നും കാരണമായിരുന്നു.

ഖലിസ്ഥാൻ എന്ന പേരിൽ പ്രത്യേക സിഖ് രാഷ്ട്രം എന്ന മുദ്രാവാക്യം മുഴക്കി പാക്കിസ്ഥാൻ പിന്തുണയോടെ വഴിതെറ്റി പോയ കുറച്ച് സിഖ് സഹോദരന്മാർ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കുമെതിരേ തെരുവിലിറങ്ങിയപ്പോൾ പരിപാവനമായ സുവർണക്ഷേത്രം ആയുധപ്പുരയാക്കിയപ്പോൾ, രാജ്യത്തിന്റെ അഖണ്ഡതയെ സ്വന്തം ജീവനക്കാളേറെ സ്നേഹിച്ച ഇന്ദിര സുവർണ ക്ഷേത്രത്തിൽനിന്നും തീവ്രവാദികളെ തുരത്താൻ ഓപ്പറേഷൻ ബ്ലൂസ്റ്റാർ എന്ന പേരിൽ സൈനിക നടപടിക്ക് നിർബന്ധിതയാവുകയുണ്ടായി.

സൈനിക നടപടിയിൽ ചില സിഖ് മതസ്ഥർക്ക് കടുത്ത വേദന സൃഷ്ടിച്ചിട്ടുണ്ടെന്നും അതുകൊണ്ട് തന്നെ സ്വന്തം സുരക്ഷാവലയത്തിൽനിന്നും സിഖ് മതസ്ഥരെ ഒഴിവാക്കണമെന്നും രഹസ്യാന്വേഷണ വിഭാഗം ഇന്ദിരാജിയെ അറിയിച്ചിരുന്നു. എന്നാൽ സൈനിക നടപടികളിൽ മുറിവേറ്റ സിഖ് സമൂഹത്തിൽപെട്ടവരെ സുരക്ഷാസേനയിൽനിന്നുംമാറ്റിയാൽ അവരിൽ അവിശ്വാസവും അകൽച്ചയും കൂടുക മാത്രമേ ചെയ്യുകയുള്ളൂവെന്നും രാജ്യത്തിന്റെ അഖണ്ഡതക്ക് അത് വിഘാതമാവുകയെ ഉള്ളൂവെന്നും ഉറപ്പിച്ച ഇന്ദിര അതിനെ നഖശിഖാന്തം എതിർക്കുകയാണുണ്ടായത്.

കൊല്ലപ്പെടുന്നതിന് തൊട്ട് തലേ ദിവസം ഒഡീഷയിലെ ഭുവനേശ്വറിൽ മരണം മുന്നിൽ കണ്ട് അറം പറ്റുന്നതുപോലെ ഇന്ദിര പറയുകയുണ്ടായി. രാഷ്ട്രപിതാവിനെ പോലെ രാജ്യസേവനത്തിനിടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും വേണ്ടി എന്റെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാൽ എനിക്ക് അഭിമാനമേയുള്ളൂ. എന്റെ ഓരോ തുള്ളി ചോരയും രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും വേണ്ടി കാരണമായാൽ അതിൽ ഞാൻ അങ്ങേയറ്റം അഭിമാനിക്കുകയേ ഉള്ളൂ.

രഹസ്യാന്വേഷണ വിഭാഗം പറഞ്ഞ കാര്യങ്ങൾ അക്ഷരാർഥത്തിൽ ശരിവെക്കുന്നതിനാണ് പിറ്റേന്ന് ലോകം സാക്ഷിയായത്. സഫ്ദർ ജംഗ് റോഡിലെ സ്വന്തം വസതിയിൽ വച്ച് രാവിലെ തന്റെ അതീവ സുരക്ഷാവലയത്തിൽ ഉൾപ്പെടുന്ന സിഖ് സമുദായത്തിൽപെടുന്ന ബിയാന്ത് സിങ്, സത്വന്ത്സിങ് എന്നിവരുടെ തോക്കിൻ കുഴലിലെ തീയുണ്ടകൾ പിളർന്നത് ഇന്ദിരാഗാന്ധി എന്ന ഇന്ത്യയുടെ ഉരുക്ക് വനിതയുടെ നെഞ്ചകമാണെങ്കിലും അതിന്റെ അനുരണനങ്ങൾ കേവലം ഡൽഹിയിലോ ഇന്ത്യയിലോ അല്ല ലോകം മുഴുവൻ ആയിരുന്നു.

നാഥുറാം വിനായക് ഗോഡ്സെ എന്ന ഹിന്ദു മതഭ്രാന്തന്റെ വെടിയുണ്ടക്കിരയായി മഹാത്മജി അന്ത്യശ്വാസം വലിക്കുമ്പോൾ ആ നാവിൽ നിന്നുയർന്നത് ഹേ റാം എന്ന വിളിയായിരുന്നുവെങ്കിൽ ഷേക്സ്പീരിയൻ നാടകമായ ജൂലിയസ് സീസറിലെ തന്റെ ഉറ്റ മിത്രമായ ബ്രൂട്ടസിന്റെ കയ്യാൽ വധിക്കപ്പെടുമ്പോൾ ജൂലിയസ് സീസർ ചോദിച്ച വിശ്വ പ്രസിദ്ധമായ ബ്രൂട്ടസേ നീയും എന്ന വിളിയേ ഓർമിപ്പിക്കും വിധം ബിയാന്ത് നീയോ എന്നായിരിക്കും ഇന്ദിരാജിയുടെ നാവിൻതുമ്പത്തിൽനിന്നും അവസാനമായി വന്നിട്ടുണ്ടാവുന്ന വാക്ക് എന്നതിൽ ഒരു സംശയവുമില്ല.

ഇന്ദിരാഗാന്ധിയുടെ മരണശേഷം ബിബിസി ആയിരം കൊല്ലങ്ങൾക്കിടെ ജീവിച്ച ഏറ്റവും കരുത്തുറ്റതും ജനഹൃദയങ്ങളെ വശീകരിച്ചതുമായ വനിതയെ തെരഞ്ഞെടുക്കാൻ വോട്ടെടുപ്പ് നടത്തിയപ്പോൾ ഒന്നാമതെത്തിയത് ഇന്ദിരാഗാന്ധിയായിരുന്നു എന്നത് തന്നെ അവർ ജനമനസ്സിൽ എത്ര ആഴത്തിലാണ് ജീവിച്ചിത് എന്നതിന് തെളിവാണ്. എലിസബത്ത് റാണി, മേരിക്യൂറി, മദർതെരേസ, മാർഗരറ്റ് താച്ചർ എന്നിവരൊക്കെ പിന്തള്ളിയത് ഈ നേട്ടം എന്നത് കൂടെ പരിഗണിക്കുമ്പോഴാണ് ആ നേട്ടത്തിന്റെ വലിപ്പം മനസ്സിലാവുക.

പ്രിയങ്കരിയായ പ്രിയദർശിനിക്ക് ആദരാഞ്ജലികൾ...

## ജീവനക്കാർ ആർത്തിപ്പണ്ടാരങ്ങളോ?

# കോവിഡിന്റെ മറവിൽ ജീവനക്കാരുടെ ആനുകൂല്യ ങ്ങൾ നിഷേധിക്കപ്പെടുന്നു



**എസ്.ബിനോജ്**
ജില്ലാ പ്രസിഡന്റ്, കോട്ടയം



കോവിഡിന്റെ മറവിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിച്ചതിനെതിരെ സമരംനടത്തിയ സർക്കാർ ജീവനക്കാരെയും, അധ്യാപകരെയും, ആർത്തിപ്പണ്ടാരങ്ങളെന്നും, കാട്ടാളക്കൂട്ടങ്ങളെന്നും വിളിച്ചാക്ഷേപിക്കുമ്പോഴും ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്തിട്ടും ഭരണവിലാസം സംഘടനകൾക്ക് മിണ്ടാട്ടമില്ല. ജീവനക്കാരുടെ അഭിപ്രായമാരായാതെ ഒരുമാസത്തെ ശമ്പളം തന്ന് സാലറിചലഞ്ചിൽ പങ്കെടുക്കണമെന്ന ആവശ്യമാണ് സംഘടനാനേതാക്കളെ ഒറ്റയ്ക്കുവിളിച്ച് മുഖ്യമന്ത്രി മുന്നോട്ടുവെച്ചത്. പിന്നീട് സാലറിചലഞ്ചിൽ പങ്കെടുത്തില്ലെങ്കിൽ ശമ്പളം കട്ടുചെയ്യും എന്നുപറഞ്ഞ് വിരട്ടിനോക്കിയതിനുശേഷം സാലറിചലഞ്ച് തന്നെ വേണ്ടെന്നുവെച്ചു. രണ്ടുദിവസം കഴിഞ്ഞപ്പോൾ ആറുദിവസത്തെ ശമ്പളം വീതം 5 തവണയായി ഒരു മാസത്തെ ശമ്പളം പിടിച്ചുവെയ്ക്കാൻ ഉത്തരവിറക്കിയപ്പോഴാണ് ജീവനക്കാർ കോടതിയിൽ പോയി അനുകൂല ഉത്തരവ് സമ്പാദിച്ചത്. അതിനുശേഷമാണ് ഓർഡിനൻസിലൂടെ 5 തവണയായി ഒരുമാസത്തെ ശമ്പളം പിടിക്കാൻ സർക്കാർ ഉത്തരവിറക്കിയത്. ജീവനക്കാർ കോടതിയിൽ പോയപ്പോൾ ആറുമാസത്തിനുശേഷം പിടിച്ചെടുത്ത തുക ജീവനക്കാർക്ക് തിരികെനൽകുമെന്ന് പറഞ്ഞിരിക്കുകയാണ്.

കോവിഡിന്റെ മറവിൽ ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന മൂന്ന് ഗഡു ഡി.എ മരവിപ്പിച്ചിരിക്കുകയാണ്. വരാനിരിക്കുന്ന മൂന്ന് ഗഡു ഡി.എ മരവിപ്പിച്ച കേന്ദ്രത്തെ കുറ്റംപറയുന്ന സർക്കാർ 2019-ന് ശേഷം ക്ഷാമബത്തയേ നൽകിയിട്ടില്ല. അതായത് 1/2019-ലെ 5% 7/2019 ലെ 3% 1/2020 ലെ 4% ഉൾപ്പെടെ 12% ഡി.എ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുണ്ട്. ഇതിൽ 8% ഡി.എ യും സർക്കാരിന്റെ ഭാഷയിലെ

പിന്തിരിപ്പൻമാരായ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെല്ലാം ജീവനക്കാർക്ക് നൽകിക്കഴിഞ്ഞതാണ്. കേന്ദ്രം നൽകിയ ഡി.എ നൽകണം എന്ന് പറയാതെ ഇനിയും വരാൻപോകുന്ന ഡി.എ മരവിപ്പിച്ചതിനെതിരെ സമരംനടത്തുന്ന ഭരണവിലാസംസംഘടനകളുടെ ഇരട്ടത്താപ്പ് ജീവനക്കാർ വിലയിരുത്തട്ടെ.

കോവിഡിന്റെ മറവിൽ ജീവനക്കാരുടെ ലീവ് സറണ്ടർ മരവിപ്പിച്ചിരിക്കുകയാണ്. സംസ്ഥാന ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ ഏറ്റവും സെൻസിറ്റീവ് എന്ന് വിശേഷിപ്പിക്കാവുന്ന ഇനമാണ് ലീവ് സറണ്ടർ. മുമ്പ് ഫെബ്രുവരി മാസത്തിലായിരുന്നു എല്ലാ ജീവനക്കാരും ആർജ്ജിതാവധി സറണ്ടർ ചെയ്തിരുന്നത്. കാരണം 28 ദിവസം ലീവ് നൽകിയാൽ ഫെബ്രുവരിയിൽ ഒരു മാസത്തെ ശമ്പളം ലഭിക്കുമായിരുന്നു. 30 ദിവസമായി മാസം കണക്കാക്കാനുള്ള തീരുമാനം പിന്നീട് ഉണ്ടായതോടെ ആ ആനുകൂല്യവും ജീവനക്കാർക്ക് നഷ്ടപ്പെട്ടു. ഇപ്പോൾ ഏപ്രിൽ മാസത്തിലാണ് ഭൂരിപക്ഷം ജീവനക്കാരും ലീവ് സറണ്ടർ ചെയ്യുന്നത്. ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന ലീവ് സറണ്ടർ ആനുകൂല്യം സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്. മുൻ സർക്കാരുകളുടെ കാലത്ത് സാമ്പത്തിക ബുദ്ധിമുട്ടിനെ തുടർന്ന് സറണ്ടർ താൽക്കാലികമായി തടഞ്ഞുവെക്കാൻ ശ്രമം നടന്നപ്പോഴൊക്കെ പണിമുടക്ക് ഉൾപ്പെടെയുള്ള രൂക്ഷമായ സമരങ്ങൾക്ക് സർവീസ് സംഘടനകൾ നേതൃത്വം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ഭരിക്കുന്നത് രാഷ്ട്രീയ യജമാനന്മാർ ആയതുകൊണ്ട് ഇടതുസർവീസ് സംഘടനകളെ സമരരംഗത്ത് കാണാനില്ല. അവർ അങ്ങനെയാണ്. ഇടതുഭരണകാലത്ത് എന്ത് ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടാലും സമരങ്ങൾക്ക് മൊറട്ടോറിയമാണ്.

ജീവനക്കാർക്ക് 7/2019 മുതൽ ലഭ്യമാകേണ്ട ശമ്പളപരിഷ്കരണം ലഭ്യമാക്കാനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. ഭരണമൊഴിയുന്നതിന് മുമ്പെങ്കിലും നൽകാതെ കണ്ടില്ലെന്നുനടിച്ച് പോകാനാണോ ഭാവമെന്നറിയേണ്ടിയിരിക്കുന്നു. കഴിഞ്ഞ ശമ്പളപരിഷ്കരണത്തിൽ ജീവനക്കാർ ഏറ്റവും പ്രതീക്ഷയോടെ കണ്ടിരുന്ന ആരോഗ്യഇൻഷുറൻസ് പദ്ധതി (മെഡിസെപ്പ്) എങ്ങുമെത്തിയിട്ടില്ല. റിലയൻസ് എന്ന കോർപ്പറേറ്റ് ഭീമന് ആരോഗ്യഇൻഷുറൻസ് തീറെഴുതിക്കൊടുക്കുവാനുള്ള തീരുമാനം പ്രതിപക്ഷസംഘടനകളുടെ ശക്തമായ സമരത്തെത്തുടർന്ന് പിൻവലിക്കേണ്ടിവന്നു. ഭരണവിലാസം സംഘടനകൾക്ക് ഇതിലും പ്രതിഷേധമില്ല. തൊഴിലാളിസ്നേഹം നടിക്കുന്ന ഈ സർക്കാർ അധികാരത്തിലെത്തിയ അന്നുമുതൽ ഭീഷണിയുടെ സ്വരത്തിലൂടെ, ധാർഷ്ട്യവും ധിക്കാരവും കലർന്ന ഉത്തരവിലൂടെ ജീവനക്കാരെയും അധ്യാപകരെയും വെല്ലുവിളിക്കുകയായിരുന്നു. അത് ട്രാൻസ്ഫർ ചലഞ്ചിലൂടെ, തുടങ്ങി ഓണാഘോഷ വെല്ലുവിളികളിലൂടെ, അത്തപ്പൂക്കള നിഷേധത്തിലൂടെ, പെരുമാറ്റച്ചട്ടം 60 എ പരിഷ്കരിച്ച മര്യാദ ഉത്തരവിലൂടെ, സംഘടനാപ്രവർത്തന സ്വാതന്ത്ര്യം നിഷേധിച്ചതിലൂടെ, ഭവനവായ്പാപദ്ധതി നിർത്തൽ ചെയ്തതിലൂടെ, മെഡിക്കൽ റീഇംപേഴ്സ്മെന്റും പലിശരഹിത വായ്പയും വേണ്ടെന്നുവയ്ക്കുന്നതിലൂടെ, അഭിപ്രായ ആവിഷ്കാരസ്വാതന്ത്ര്യ നിഷേധവും സസ്പെൻഷനും നൽകുന്നതിലൂടെ, ട്രിബ്യൂണൽ വിധികൾക്ക് പുല്ലുവില കൽപ്പിക്കുന്നതിലൂടെ, അശാസ്ത്രീയമായി വകുപ്പുകൾ കൂട്ടിച്ചേർക്കുന്ന ചലഞ്ചിലൂടെ, മോട്ടോർവാഹന വകുപ്പിൽ പുറംകരാർ ജോലിക്ക് സർക്കാർ ഉത്തരവ് നൽകുന്നതിലൂടെ, സർവ്വേവകുപ്പ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിലൂടെ, വനിതാമതിലിനായി വനിതാജീവനക്കാരെ ആട്ടിയിറക്കിയതിലൂടെ, ബന്ധുനിയമനം നടത്തി വെല്ലുവിളിക്കുന്നതിലൂടെ, കുടിശ്ശിക 3 ഗഡു ഡി.എ നൽകാത്തതിലൂടെ, ഇൻഷുറൻസ് സർക്കാർ വിഹിതം ഒഴിവാക്കിയതിലൂടെ, പേ റിവിഷൻ അരിയർ പണമായി നൽകുന്നത് നിഷേധിച്ചതിലൂടെ, അനോമലി സെൽ പിരിച്ചുവിട്ടതിലൂടെ, സി.സി.എ നിർത്തലാക്കാൻ സർക്കുലർ അയച്ചതിലൂടെ, സാലറിചലഞ്ച് എന്ന വെല്ലുവിളിയിലൂടെ, എൻ.പി.എസ് പിൻവലിക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞിട്ട് അത് ചെയ്യാത്തതിലൂടെ, കേന്ദ്രം നടപ്പിലാക്കിയിട്ടും ഡി.സി.ആർ.ജി. എൻ.പി.എസ്. കാർക്ക് നടപ്പിലാക്കാത്തതിലൂടെ, എ.ൻ.പി.എസ്. കാരുടെ ആശ്രിതനിയമനം അട്ടിമറിച്ചതിലൂടെ, ട്രഷറി അലവൻസ് നിർത്തൽ ചെയ്തതിലൂടെ, സിവിൽസപ്ലൈസ് വകുപ്പിൽ ഉത്തരവായ 101 തസ്തികകൾ വേണ്ടെന്നുവച്ചതിലൂടെ, ആക്സിഡന്റ് ക്ലെയിം ഇൻഷുറൻസിന്റെ അഷ്വേർഡ് തുക വർദ്ധിപ്പിക്കാതെ പ്രീമിയം വർദ്ധിപ്പിച്ചതിലൂടെ, ഇറിഗേഷൻ വകുപ്പിലെ 1192 തസ്തികകൾ വെട്ടിക്കുറച്ചതിലൂടെ, തുറമുഖവകുപ്പ് നിർത്തലാക്കി മാരിടൈം ബോർഡ് സ്ഥാപിച്ചതിലൂടെ, ഡി.എ കാൽക്കുലേഷനിൽ ഹയർ റൗണ്ടിംഗിന് പകരം ലോവർ റൗണ്ടിംഗ് നടത്താനുള്ള നീക്കത്തിലൂടെ, വിസമ്മതപത്രം പുറപ്പെടുവിച്ച് ജീവനക്കാരെ അപമാനിച്ചതിലൂടെ, 3/2017 എന്ന സ്വന്തം ഉത്തരവ് തന്നെ ലംഘിക്കുന്നതിലൂടെ, സ്പാർക്കിനെ മെല്ലെ പോകുവാൻ അനുവദിച്ച് ശമ്പളവും ആനുകൂല്യങ്ങളും താമസിക്കുന്നതിലൂടെ ജീവനക്കാരേയും അദ്ധ്യാപകരേയും വെല്ലുവിളിക്കുകയാണ്. ഇങ്ങനെ ജീവനക്കാരെ വെല്ലുവിളിച്ചിട്ട് വീണ്ടുംവീണ്ടും പറയുകയാണ് ജീവനക്കാർ ആർത്തിപ്പണ്ടാരങ്ങൾ എന്ന്. ഇത്തരം ദുർദിനങ്ങൾ മുമ്പ് ഒരു സർക്കാരിന്റെ കാലഘട്ടത്തിലും ജീവനക്കാർക്ക് അനുഭവിക്കേണ്ടിവന്നിട്ടില്ല.

തങ്ങളുടെ ജീവൻ പണയം വെച്ച് കോവിഡ് 19 എന്ന മഹാമാരിയുമായി മുഖാമുഖം പോരാടുന്ന ആരോഗ്യവകുപ്പ് ജീവനക്കാർ, ലോക്ഡൗൺ കുറ്റമറ്റതാക്കാൻ പൊള്ളുന്ന വെയിലിൽ ടാറിട്ട റോഡിലെ കനൽ ചൂടിൽ നിന്നും അത്യദ്ധ്വാനം ചെയ്യുന്ന പോലീസുകാർ, ആരോരുമില്ലാത്തവർക്ക് ഭക്ഷണമുണ്ടാക്കിക്കൊടുക്കുവാൻ കമ്മ്യൂണിറ്റി കിച്ചണുമായിബന്ധപ്പെട്ട് ഓടിനടന്ന പണിയെടുക്കുന്ന തദ്ദേശഭരണ, റവന്യൂജീവനക്കാർ, ഏത് സാഹസികപ്രവർത്തിക്കും തയ്യാറായി നിൽക്കുന്ന അഗ്നിശമന സേനാംഗങ്ങൾ, വ്യാജവാറ്റിനെതിരെ പോരാടുന്ന എക്സൈസ് ഉദ്യോഗസ്ഥർ, ക്വോറന്റയിൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന അധ്യാപകർ, അനദ്ധ്യാപകർ ഇവർ എങ്ങനെ ആർത്തിപണ്ടാരങ്ങളാകും. കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങളിൽ കേരളത്തെ ലോകത്തിന് മാതൃകയാക്കിയത് ഇവരല്ലേ? കോവിഡ് പ്രതിരോധത്തിൽ ജീവനക്കാർ കേരളസർക്കാരിന്റെ മുഖമല്ലേ? ഇനിയെങ്കിലും ജീവനക്കാരെ ജനങ്ങളിൽ നിന്നും അകറ്റാൻവേണ്ടി ബോധപൂർവ്വം നടത്തുന്ന ഇത്തരം പ്രസ്താവനകൾ ഒഴിവാക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കണം.

●



**സജിത്ത് മതിലകത്ത്**
അസിസ്റ്റൻറ് എൻജിനീയർ
പൊതുമരാമത്ത് വകുപ്പ്
റോഡ് വിഭാഗം, എറണാകുളം

# കനൽ



വനിതാ ജയിലിലെ പതിനാലാം നമ്പർ സെല്ലിലെ ഇരുമ്പഴികളിൽ മുഖം ചേർത്ത് പുറത്തെ ഇരുട്ടിലേക്ക് നിസംഗമായി മിഴികൾ പായിച്ച് ഇരിക്കുകയാണ് ഹേമ. ഉള്ളിലെ വിങ്ങലുകൾ തികട്ടി വന്നപ്പോൾ കണ്ണീർ ചാലുകൾ കമ്പിയഴികളിലൂടെ ഒലിച്ചിറങ്ങി..... മനസ്സ് ശൂന്യമാണ്. പക്ഷേ എന്തിനെന്നറിയാതെ മനസ്സിലെ തികട്ടുലുകൾ തൊണ്ടയിൽ വേദന പകരുന്ന ഒരു പിടുത്തമായി അവ ശേഷിക്കുന്നു. തമ്പുരാട്ടിക്ക് ഉറങ്ങാറായില്ലേ..... വാർഡൻ ത്രേസ്യാമ്മയുടെ പുരുഷഘനശബ്ദംഅവളിൽ ഭയത്തിന്റെ ഒലികളൊന്നും നൽകിയില്ലങ്കിലും, സെല്ലിന്റെ മൂലയിൽപഴകി ദ്രവിക്കാറായ പാ വിരിച്ച് ഉറങ്ങാനെന്ന വ്യാജേന കിടന്നു..

പകൽ മുഴുവൻ ജോലി ചെയ്ത് തളർന്നാലും നിദ്രാ സുഖം തന്നെ ആശ്ലേഷിക്കാറേ ഇല്ല രാവുകളിലെല്ലാം. പുലർച്ചക്ക് മുമ്പുള്ള ഏതാനും യാമങ്ങളിൽ മെല്ലെ മിഴികളൊന്ന് കൂമ്പി വരുമ്പോഴേക്കും എഴുന്നേൽക്കാനുള്ള നീണ്ട സൈറൺ മുഴങ്ങിയിട്ടുണ്ടാവും. പിന്നെ പകലിനോടൊരു മൽപ്പിടത്തമാണ്..

അനിയൻ ശരത്തിനെ കാണണം എന്നതിയായ ആഗ്രഹം തികട്ടിയപ്പോൾ ഒരു കത്തെഴുതി...

ഹൃദയം നുറുങ്ങുന്ന വേദനകൾ സമ്മാനിച്ച അവന്റെ കൈപ്പടയിലെ കറുത്ത അക്ഷരങ്ങൾ നെഞ്ചിൽ എട്ടുകാലികളെ പോലെ ഭയാസക്തി നിറച്ചു. നെഞ്ചിൽ ആഴത്തിൽ ദംഷ്ട്രകൾ കുത്തിയിറക്കും പോൽ തീവ്ര വേദന പകർന്നു. കൊലയാളിയും മോഷ്ടാവും ആയ സഹോദരി അവനപമാനമാണ്, ജീവിതത്തിൽ ഒരിക്കലും കാണാൻ ആഗ്രഹിക്കാത്ത ഒരു മുഖമായി നിങ്ങളുടെ മുഖം മാറിയെന്നുമൊക്കെയുള്ള

അവന്റെ വരികൾ...

എന്തിനേക്കാളും നിങ്ങൾ എന്ന സംബോധന ഹേമയെ കുറച്ചൊന്നുമല്ല കുത്തി നോവിച്ചത്.. എത്ര പെട്ടന്നാണ് ബന്ധങ്ങൾ ചിലർക്ക് ബന്ധനങ്ങളും അവമതിയും ഉണ്ടാക്കുന്നത്

അവൾ ബ്ലൗസിന്റെ വലത് കൈ കൊണ്ട് ഒഴുകി പടർന്ന കണ്ണ് നീർ തുടച്ചു തിരിഞ്ഞ് കിടന്ന് മുറിയിലെ ഇരുട്ടിലേക്ക് സ്വയം ലയിക്കാൻ ശ്രമിച്ചു. ജിവിതം ഇരുളിലകപ്പെട്ടവർക്ക് അന്ധകാരം ഭയം സമ്മാനിക്കാറില്ലല്ലോ

ഉയർന്ന് വന്ന നെടുവീർപ്പുക്കൾക്കിടയിൽ അടിച്ചമർത്താൻ പല വുരുശ്രമിച്ചിട്ടും, ഓർമ്മകൾ ഒരു വിപ്ലവക്കാരിയെ പോലെ വർദ്ധിത വീര്യത്തോടെ മുകൾത്തട്ടിലേക്ക് മുഷ്ടികൾ പായിക്കുന്നു

താൻ പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴായിരുന്നു അച്ഛന്റെയും അമ്മയുടെയും അകാല മൃത്യു. ഒരു തീർത്ഥാടന സംഘത്തിന്റെ ബസ് കൊക്കയിലേക്ക് മറിഞ്ഞ് മരണപെട്ട 42 പേരിൽ, രണ്ട് പേർ അവരായിരുന്നു. ഭൂമിയിലെ ജീവിതത്തിൽ നിന്നും മോക്ഷം നേടി ആവരങ്ങ് പോയപ്പോൾ, ഒറ്റപ്പെട്ട് അനാഥരായത് താനും അനിയനും. സമ്പാദ്യം ഒന്നും കരുതി വെക്കുന്ന പ്രകൃതമായിരുന്നില്ല അച്ഛന്റേത്. സഹായിക്കാൻ ബന്ധുക്കളോ ഉടയവരോ ഇല്ല. എഴാം ക്ലാസ്സിൽ പഠിക്കുന്ന അനിയനുമായി, ആ ചെറിയ ഓടിട്ട വീട്ടിൽ ജീവിതം എങ്ങിനെ മുന്നോട്ട് കൊണ്ട് പോകുമെന്നറിയാതെ പതറിപോയി.അയൽക്കാരുടെ സഹതാപ കാരുണ്യവും നിലച്ചപ്പോൾ ഹേമ പഠനം നിർത്തി അന്നം തേടി പണിക്കിറങ്ങി.. വീടുകളിൽ അടുക്കള പണി ചെയ്തും, കല്യാണ വീടുകളിൽ സഹായിയായും അവൾ അനിയനെ വളർത്തി, പഠിപ്പിച്ചു.പഠനത്തിൽ മിടുക്കിയായ അവളെ തേടി പ്രിയപ്പെട്ട അദ്ധ്യാപകർ പലവുരു എത്തിയെങ്കിലും അവൾ അവരിൽ നിന്നെല്ലാം ഓടിയൊളിച്ചു. അനിയന് വേണ്ടി മാത്രമായിരുന്നു അവളുടെ ജീവിതം..

നീയിങ്ങിനെ കാളയെ പോലെ പണിയെടുത്ത് നടക്കാതെ, നിനക്ക് വേണ്ടിയും എന്തേലും കരുതണം ഹേമേ.... അയലത്തെ ശാരദാമ്മയുടെ വാക്കുക്കളെ അവൾ മന്ദസ്മിതത്തോടെ അവഗണിച്ചു... അവൻ ഒരു കരപറ്റട്ടെ ചേച്ചി ആദ്യം....

ശാരദാമ്മയുടെ സഹായത്താലാണ് ടൗണിലുള്ള കറി മസാല ഫാക്ടറിയിൽ പാക്കിംഗ് തൊഴിലാളിയായി ജോലി ലഭിച്ചത്. അനിയൻ ഇപ്പോൾ ഡിഗ്രി വിദ്യാർത്ഥിയാണ്. പണത്തിന് ആവശ്യമുള്ള സമയവും. പാക്കിംഗ് ജോലി കഴിഞ്ഞാൽ അവൾ ആദ്യ ബസിൽതന്നെ തിരിക്കും. വീടിനടുത്തുള്ള ഗൾഫുകാരി മാലിനിയുടെ വീട്ടിൽ അടുക്കള ജോലിയിൽ സഹായിക്കാൻ. അതും തിടുക്കത്തിൽ കഴിച്ച് അവൾ വീട്ടിലേക്കോടും. ക്ലാസ് കഴിഞ്ഞ് വിശന്ന് എത്തുന്ന അനിയന്റെ വിശപ്പ് മാറ്റാൻ

ഫാക്ടറി ഉടമയുടെ ഇളയ മകൻ സുബിൻ ആളത്ര മാന്യനല്ലന്ന് കൂടെയുള്ളവർ പറഞ്ഞത് മനസ്സിൽ വെച്ച് കൊണ്ട് തന്നെയാണ്, അയാൾ മേൽനോട്ടത്തിന് എത്തുമ്പോഴൊക്കെ ഇടപഴകയിരുന്നത്.. അയാളുടെ നോട്ടവും ദ്വയാർത്ഥ പദങ്ങളും കണ്ടില്ലന്ന് നടിച്ചു. പൈസക്ക് ആവശ്യമുള്ള സമയമാണ്, വേറെ എവിടെയും കൈ നീട്ടാൻ ഒരിടമില്ല.അനിയന്റെ പഠിപ്പ് കഴിയും വരെയെങ്കിലും പിടിച്ച് നിന്നേ പറ്റു.

അനിയന് സ്റ്റഡി ടൂർ പോകണമെന്ന ആഗ്രഹം അറിയച്ചപ്പോൾ, ആദ്യം നിസ്സഹായവസ്ഥ വ്യക്തമാക്കിയെങ്കിലും, താൻ മാത്രമല്ലേ അവന് തുണയായുള്ളു എന്ന തിരിച്ചറിവ് അവളെ പ്രതിസന്ധിയിലാക്കി. കുറച്ച് പൈസ അഡ്വാൻസ് വാങ്ങാൻ അവൾ മാനേജർക്ക് അപേക്ഷ കൊടുത്തു

ഹേമയെ, സുബിൻ കേബിനിലേക്ക് വിളിപ്പിച്ചു.കഴിഞ്ഞ തവണ വാങ്ങിയ അഡ്വാൻസ് തുക തിരികെ പിടിച്ച് കഴിഞ്ഞില്ല ഇത് വരെ, അതിന്റെ കൂടെ ഇനിയൊരു അഡ്വാൻസ്...... അയാൾ പുരികമുയർത്തി ഹേമയെ ആപാദചൂഡം വീക്ഷിച്ചു, വഷളൻ ചിരിയെറിഞ്ഞു... ഹേമക്ക് പൈസക്ക് ആവശ്യം ഉണ്ടങ്കിൽ എന്നോട് ചോദിച്ചാ പേരെ, എന്തിനാ ഈ അഡ്വാൻസ് നൂലാമാലകളൊക്കെ, അയാൾ വികാരം മുറ്റുന്ന കണ്ണുകളോടെ അവളെ ഉഴിഞ്ഞ് കൊണ്ട് ചോദിച്ചു...

വേണ്ട സർ, പഴയ കുടിശ്ശിക മുഴുവനും തിരികെ പിടിക്കാത്തത് ഓർത്തില്ല... ക്ഷമിക്കണം.... അവൾ തിരികെ നടന്നു.

മാസവസാന സ്റ്റോക്കിന്റെ പേരിൽ ഹേമയെ ഉൾപ്പെടെ കുറച്ച് പേരെ സന്ധ്യ കഴിഞ്ഞും അന്ന് ഫാക്ടറിയിൽ നിർത്തി. 7.30 നാണ് ലാസ്റ്റ് ബസ്. അത് കഴിഞ്ഞാൽ പിന്നെ ഓട്ടോ പിടിക്കേണ്ടി വരും. കയ്യിൽ അതിനുള്ള പണവും തികയില്ല. അവൾ ധൃതിയിൽ പറഞ്ഞ ജോലികൾ തീർത്ത് ഫാക്ടറിയിൽ നിന്നും ഓട്ടമായിരുന്നു അവസാന ബസും ലക്ഷ്യമാക്കി. ഓടുന്നതിനിടെ പിന്നിൽ നിന്നും കാറിന്റെ ഹോൺ കേട്ട് അവൾ അരികിലേക്ക് ഒതുങ്ങി, ടൗണിലേക്കാണങ്കിൽ കേറിക്കോ... ഞാൻ വിട്ട് തരാം.... സുബിനായിരുന്നു കാറിൽ

ആദ്യം കേറാൻ മടിച്ചെങ്കിലും, കൂടെയുള്ള ഒന്ന് രണ്ട് സ്ത്രീകളെ കാറിനുള്ളിൽ കണ്ടപ്പോൾ അവളും കയറി.കാറിനുള്ളിലുള്ളവർ ഓരോരുത്തരായി പലയിടങ്ങളിൽ ഇറങ്ങി. ഹേമ മാത്രമായി.

ആറാട്ട് കടവിലേക്കല്ലേ.. ഞാനും.... ആ വഴിക്കാ... കൊണ്ട് വിടാം...... സുബിന്റെ വാക്കുകളിലെ കപടത തിരിച്ചറിയാഞ്ഞിട്ടല്ല, അസമയത്തെ നിവർത്തികേട് കൊണ്ട് അതിനുള്ളിൽ അകപ്പെട്ടു പോയി. വിജനമായ ഒരിടത്ത് കാർ നിർത്തി ആയാൾ തന്റെ ഇംഗിതം നടപ്പിലാക്കാൻ ശ്രമിച്ചു. വീടുകളിലും, പുരയിടങ്ങളിലും പണിയെടുത്ത് ഉറച്ച ഹേമയുടെ ശരീരത്തെ വരുതിയിലാക്കാൻ അയാൾ വിഫല ശ്രമം നടത്തി കൊണ്ടിരുന്നു. അവൾ സർവ്വശക്തിയുമെടുത്ത് അയാളെ പുറകിലോട്ട് തള്ളി. അയാൾ ചെന്ന് വീണത് പകുതി ഒടിഞ്ഞ് കൂർത്ത് നിന്ന മര കുറ്റിയിലായിരുന്നു. വയർ തുളഞ്ഞ് കമ്പ് പുറത്തേക്ക് വന്നു. പിടിവലിയിൽ അയാളുടെ മാല ഹേമയുടെ കയ്യിൽ അകപെട്ടു. വശീകരിച്ച് വിജനമായ സ്ഥലത്തേക്ക് കൊണ്ട് പോയി, മോഷണ ശ്രമത്തിനിടെ, അയാളെ അപായപ്പെടുത്തിയതിന് അവൾ കുറ്റവാളിയായി. പൈസക്ക് ആവശ്യമുണ്ടായിരുന്നു എന്നതിന് മാനേജർക്കുള്ള അപേക്ഷയും ഒപ്പം കാറിൽ കയറിയ സ്ത്രീകളുടെ സാക്ഷിമൊഴികളും, സാഹചര്യ തെളിവുകളും അവൾക്ക് പ്രതികൂലമായി. കൂടെപിറപ്പിനും, നാട്ടുകാർക്കും താൻ കള്ളിയും ദുർനടപ്പുക്കാരിയുമായി.. നെഞ്ച് പൊട്ടുമാറ് സത്യം വിളിച്ച് പറയാൻ ശ്രമിച്ചെങ്കിലും, വിശ്വാസിച്ചതേയില്ല ആരും. അരുമ മകന്റെ മരണത്തിൽ നൊന്ത്, സൽപേരിന് കളങ്കമേൽക്കാതിരിക്കാൻ ഫാക്ടറി ഉടമ പണം വാരി വിതറിയ കേസ് നടത്തിപ്പിനൊടുവിൽ താൻ ജയിലിലെ ഇരുമ്പഴിക്കുള്ളിലായി. കൂടെപിറപ്പിന് താൻ അപമാനവും, അവന്

പേരുദോഷം വരത്തിയവളുമായി

വർഷങ്ങൾ ഓടി മറഞ്ഞ് കൊണ്ടിരുന്നു. ഹേമ തടവറയുമായി ഇഴുകിയൊഴുകി. അയൽക്കാരിയായ ശാരദാമ്മ മാത്രം ഇടക്കിടെ കാണാനെത്തി. ശരത്തിന് മെച്ചപ്പെട്ട ഉദ്യോഗം കരസ്ഥമായതും, ഗൃഹസ്ഥനായതും ശാരദാമ്മ പറഞ്ഞാണ് അറിഞ്ഞത്... കണ്ണിൽ നിന്നും പൊടിഞ്ഞ നീർക്കണം സന്തോഷത്തിന്റേതാണോ, അതോ അവഗണന പകർന്ന വേദനയുടെ നെരിപ്പോടിന്റെ ബാക്കി പാത്രമാണോ എന്നവൾക്ക് വേർതിരിചെടുക്കാനാകാത്ത വിധം മരവിച്ചിരുന്നു ഇതിനകം തന്നെ മനസ്സ് ഹേമയുടെ ദുരവസ്ഥയിൽ മനം നൊന്ത് വിങ്ങുന്ന, അയൽക്കാരി ശാരദാമ്മ ബന്ധങ്ങൾക്ക് പുതിയ നിർവ്വചനം വരച്ച് കാട്ടി.

വാഹനാപകടത്തിൽ ഭാര്യയും മകനും നഷ്ടമായ IPS ഓഫീസറായ സാജൻ, ജയിലിലെ അന്തേവാസികളെ മുഖ്യധാരയിലേക്ക് ഉയർത്താനും, തുടർ പഠനത്തിന് സഹായിക്കാനും, മാനസിക ആര്യോഗം മെച്ചപ്പെടുത്തുക ഉൾപെടെയുള്ള പഠന ക്ലാസുകളുമായി ജയിലിലെ സ്ഥിരം സന്ദർശകനും മികച്ച സാമൂഹിക പ്രവർത്തകനുമാണ്. അദ്ധേഹത്തിന്റെ നിരന്തര പ്രയത്നത്താലാണ് ഹേമ ഉൾപെടെയുള്ളവർ തുടർപഠനം തുടങ്ങിയത്. ജീവിതത്തോട് ആദ്യം തോന്നിയ മടുപ്പും വിരക്തിയും പതുക്കെ പതുക്കെ അവളിൽ നിന്നും മായാൻ തുടങ്ങിഅവളുടെ നിഷ്കളങ്കതയും, സത്യസന്ധതയും, അടക്കവും ഒതുക്കവും സാജന് അവളോട് ഒരു പ്രത്യാകമമത തോന്നാൻ കാരണമായി. എപ്പോഴോ മനസ്സ് തുറന്നപ്പോൾ അവളോട് സഹതാപവും അതിലുപരി ദു:ഖവും തോന്നി. എന്തോ ഒരു അടുപ്പം അവളോട് തോന്നി തുടങ്ങി അയാൾക്ക്.

എപ്പോഴോ നിജസ്ഥിതിയറിഞ്ഞ് ശരത്ത് ഒരു നാൾ ഭാര്യയോടും കുഞ്ഞിനോടും കൂടി ഹേമയെ കാണാനെത്തി.കുറ്റബോധത്താൽ വിങ്ങിയ അയാൾ ,മുഖത്തേക്ക് നോക്കാനാവാതെ പതറുന്നത് കണ്ടപ്പോൾ, അവൾ തന്നെയാണ് അനിയനെ ആശ്വാസിപ്പിച്ചത്. ഇതന്റെ വിധി, ഞാനത് സ്വയം ഏറ്റ് വാങ്ങി കഴിഞ്ഞു, ആരോടും പരാതിയുമില്ല. തീച്ചൂളയിൽ അകപ്പെട്ടവർക്ക് വെയിൽ ചൂട് ഏൽക്കാറേയില്ല. വീട്ടിലേക്ക് കൂട്ടുവനായി പരോളിന് ശ്രമിക്കാനുള്ള അവരുടെ ശ്രമത്തെ അവൾ തടഞ്ഞു. ഞാനിനി അങ്ങോട്ടേക്കില്ല.. എത്ര കഴുകി തുടച്ചാലും ജയിൽ പുള്ളി എന്നും അങ്ങിനെ തന്നെയാണ് സമൂഹത്തിന്. മാന്യതയുടെ മുഖംമൂടിയണിഞ്ഞവർക്ക് കരുവായി മാറാനും എന്നെ പോലുള്ളവർ വേണമല്ലോ. വളർന്ന് വരുന്നനിങ്ങളുടെ കുഞ്ഞിന്റെ ഭാവിയെ ബാധിക്കുത്, ഈ ജയിൽപുള്ളി നിമിത്തം ഇനി ഒരാൾക്കും സൽപേര് നഷ്ടപ്പെടരുത്. അവർ പറഞ്ഞപ്പോൾ ഹേമയുടെ കണ്ണ് നിറഞ്ഞില്ല പക്ഷേ മനം നിറഞ്ഞു സന്തോഷം കൊണ്ട്. ലോകത്തിലെ ഏതെങ്കിലും ഒരു കോണിൽ തന്നെ ഓർക്കുന്ന ഒരു മനമുണ്ടല്ലോ എന്ന ചിന്ത പകരുന്നത് തീവ്രമായൊരു ഉൾപുളകം തന്നെയാണ്

സാജന്റെ പ്രേരണയും അവളുടെ ആശാന്ത പരിശ്രമവും, ബിരുദങ്ങൾ ഒരോന്നായി കൈ പിടിയിൽ ഒതുങ്ങി.വിജയങ്ങളിൽ പൊലിമ കൂട്ടീ ഒരു റാങ്ക് കൂടി കരസ്ഥമാക്കിയതോടെ ജയിലിനകത്തും പത്രമാധ്യമങ്ങളിലൂടെ പുറത്തും അവൾ സമ്മതയായി.

ജയിലിൽ നിന്നിറങ്ങി എങ്ങോട്ട് പോകണമെന്നറിയാതെ കുറച്ച് നേരം പകച്ചു നിന്നു.. ഏതെങ്കിലും അഗതി മന്ദിരത്തിൽ തൽക്കാലം ആശ്രയം ചോദിക്കാം, എന്ന ചിന്തയോടെ അവൾ മെല്ലേ നടന്നു..

ഏതിരെ വന്ന് നിർത്തിയ കാറിൽ നിന്നും ഇറങ്ങിയ സാജനെ കണ്ട അവൾ ഭവ്യതയോടെ ഒതുങ്ങി നിന്നു. എങ്ങോട്ടെന്ന ചോദ്യത്തിന് തീരുമാനിച്ചില്ല സർ എന്ന മറുപടിയിൽ വാക്കുകൾ ഒതുക്കി. മുഖവുരയൊന്നും കൂടാതെ സാജൻ പറഞ്ഞു, ഞാനും തനിച്ചാണ് എന്നോടപ്പം ചേരുന്നോ:.... പെട്ടന്നുള്ള ആ ചോദ്യം ആദ്യം അവളെ അങ്കലാപ്പാക്കിയെങ്കിലും സമചിത്തതയോടെ മറുപടി പറഞ്ഞു...

വേണ്ട സർ,.... ഇത്തരം ഒരു കാരുണ്യത്തിന് ഞാൻ അർഹയല്ല, സാറിന്റെ സൽപേരിനും, ജോലിയിലെ മാന്യതക്കും ഈ ജയിൽപുള്ളി ഒരു ഇടിവായിരിക്കും...

ഇത് കാരുണ്യമല്ല എന്റെ ആഗ്രഹം മാത്രമാണ്.,, തന്നെ എനിക്ക് പൂർണ്ണമായും മനസ്സിലാകും. ഫലം കാംക്ഷിക്കാതെ കടമകൾ നിർവ്വഹിച്ച്, സർവ്വം സഹയായ നിന്നോളം ഒരു ഔന്യത്യവും എന്നിലോ മറ്റുള്ളവരിലോ ഞാൻ കാണുന്നില്ല. സമൂഹത്തെ എനിക്ക് ഭയമില്ല, തെറ്റ് ചെയ്യാത്തിടത്തോളം ഹേമയും ഇനി തല താഴ്ത്തി നിൽക്കേണ്ടതില്ല..

അവരുടെ ഒത്തുചേരൽ ദേശീയ മാധ്യമങ്ങൾ വരെ



ഉയർത്തി കാട്ടി


സാജന്റെ ജീവിത പങ്കാളിയായതിന് ശേഷം അദ്ദേഹത്തിന്റെ സ്നേഹവും പിന്തുണയും നിമിത്തം ജനങ്ങളെ സേവിക്കുക എന്ന ലക്ഷ്യത്തോടെ അവൾ സർക്കാർ ജോലിക്കായി ശ്രമിച്ച് കൊണ്ടിരുന്നു. സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് താങ്ങാവാനുള്ള അവളുടെ ശ്രമങ്ങൾ ഫലം കണ്ടു. സബ് ഇൻസ്പെകൂർ പോസ്റ്റിലേക്ക് തിരഞ്ഞെടുക്കപെട്ട ആദ്യത്തെ ജയിൽ മോചിതയായി സ്ത്രീയായി അവൾ ചരിത്രം എഴുതി. ഭർത്താവിന്റെ കീഴിൽ ജോലി ചെയ്യാനുള്ള അസുലഭ ഭാഗ്യവും അവൾക്ക് കൈവന്നു. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ വാങ്ങി സദസ്സിന് നേരെ കൈകൂപ്പിയപ്പോൾ, സാജൻ വേദിയിലെ മുൻ നിരയിലിരുന്നു തിരികെ അഭിവാദ്യം ചെയ്തു.. നിറഞ്ഞ ചിരിയോടെ.,,,.

അവളും മനസ്സിന്റെ അടിതട്ടിൽ നിറഞ്ഞു ചിരിച്ചു കൊണ്ട് മെല്ലെ സാജന്റെ വാമഭാഗത്തായി ഇരിപ്പുറപ്പിച്ചു. അവർ പരസ്പരം നോക്കി സ്നേഹത്തിന്റെ തിരയിളക്കം മാത്രം ഇരുവരുടെ കണ്ണുകളിൽ.....

കാലം ഇങ്ങിനെയാണ് സൂര്യന്റെ വലിയ പ്രകാശത്തോടപ്പം ചലിച്ച് കൊണ്ടേ ഇരിക്കും, ചില ജീവിതങ്ങളും.... കയത്തിൽ മുങ്ങി ശ്വാസം കിട്ടാതെ പിടയുമ്പോഴാവും സ്നേഹസ്പർശവുമായി ഒരു കരുത്തുറ്റ കൈ താങ്ങായി മാറുന്നത്...

●

# Career planning Amidst covid-19



PT Abraham
Career Counsellor

COVID 19 has presented numerous challenges for every country, making it difficult for economies to survive and strive, but they have also ushered an era of opportunities for new-age to sprout and shape the upcoming decades. The global recession, induced by COVID-19, will fundamentally change the way humanity works, and socialises, for years to come. The COVID-19 crisis will be a catalyst to unprecedented changes in every economy and will be forced to reform and restructure in order to transform into the new realities i.e.,Work from Home Culture:

Thinking of the selection of good career is quite relevant at this time. While stuck in Covid-19 lock down, parents and students can utilize the time to decide on the right career option. Proper guidance will help to make the correct choice of stream. Career planning has always been a problem in India with most parents pushing their children to go for an engineering or medical career. **Studies say that majority of Indian students selected their class 11 stream without even understanding what career options can be availed from each stream, or which is most suited to them.** The choice affects students whome are unhappy about the courses they opted for, or professionals are unhappy with their current job profiles, or in life as well. However, since schools and colleges all over India are closed due to the Covid-19 pandemic, this is a great time to sit down and do some serious career planning after looking up all the necessary information.





## Career Guidance at this time?

Any form of guidance and counselling is important in shaping the personality and basic orientation. All good things when initiated early turn out to be successful over a period of time. Skill gap and unemployment issues, followed by the Coronavirus pandemic has resulted in upheavals in the job industry. Hence, the need for Career guidance to assist the child in moulding their future through counselling therapy is extremely important. Career counselling is highly important during covid pandemic.

## Career planning during lockdown

Career guidance and counselling can provide a good basis for broader education in life. Counselling services and career guidance for students are among the top school educational services and there is no secret that the best guidance and counselling services in school shall develop, assess and improve educational programs. The transi-

tion from childhood to adulthood is a difficult one, even for the most balanced child. Hence, the role of guidance and counselling in Effective Teaching and Learning in Schools for Child Future Success is imperative.

Over the last year, the Indian education system has not only seen brought up a revolutionary change in the career guidance and counselling, but also risen a scope for all those aspiring to become a career counsellor looking for job security. But, Skill is one shortfall in the Indian education system. **A lot of graduates in all streams are not equipped with the right skills needed for an industry job.** So, career planning becomes very important while choosing a course that imparts industry-ready skills. One should bare in mind that selection of career depends on one's interest and aptitude with the choice of profession and the employment opportunities. Only very capable and skilled persons are likely to get jobs.

## Horizon opened.. some new opportunities?

The post COVID-19-phase will witness exponential growth in Occupancy. Every company or industry and sectors are well-poised to leverage opportunities, faster than the others, to create larger employment opportunities during this period.

Increased use of smartphones and higher internet penetration will propel this market to grow in to strong double-digits. Governments across the globe will continue to take initiatives to promote digital payments and cloud computing.

Healthcare comprising of hospitals, medical equipments, diagnostics, pharmaceuticals, medical tourism and telemedicine are poised for tremendous growth.

Video, music and gaming, with 5G support, industry will witness stratospheric growth. Subscription services will become more promising with the possibilities of having customized and targeted advertising options and ad-free content.

By the end of March 2020 the epidemic had spread to over 185 countries and resulted in the closure of over 90% of all schools, colleges and universities impacting close to 1.38 billion students. Traditional teaching standard will become a thing of the past. The impact will be seen from pre-school to higher education, offering flexibility of learning to students, and flexibility of teaching to teachers. The cost of education will become cheaper and accessible to a larger section of the society.

Insurance will become relevant and important as the society will become more conscious about health, natural calamities, epidemics, and need for social security. Insurance companies will be seen as service providers, as opposed to entities that issue insurance policies. Individuals will realize the societal value, and importance, of insurance against unexpected events for health, bankruptcy, retire-



ment, and overall protection for their homes and families.

Increased efforts to promote self-sufficiency will lead to expansion between regions and territories. Hyper-Local expansion with a stronger emergence of e-commerce players across multiple categories will play a pivotal role.

The future of logistics will be paved with high technology adoption and transportation additions would reduce cost, time and waste.

Robotics will move at a very fast pace, and industries will benefit from its application in fields which are currently considered non-practical. Progressive industries and organizations will test and validate the implementation of robotics for public and personal uses. This will result in the expansion at a large-scale level – from security with the usage of drones, to manufacturing plants for precision activities, and in medical science for risk aversion.

## What teachers / parents do during lockdown...

Try and get to make a schedule that is as normal as a regular day.

Use the time provided by lockdown to discuss with your child the career opportunities. Both parents and teachers have a crucial role to play to make students understand about their career options. Teachers should stay in touch with students to drive away any sense of boredom during lockdown. They can use the conferencing tools available now to share inputs with students.

* Continue to share material by mail and plan assignments as usual.
* A talk on career-planning will help.
* Mock interviews will be a good exercise.
* Conduct career selection tests based on academic capability, aptitude, personality and interests.

Continue networking while practising physical distancing. Activate your professional networks. Gather letters of recommendations from your friends, family, and colleagues. Update your LinkedIn profile, website(s), and other social media platforms. Then,

1. Short list professions
2. Identify courses that need to be taken up for this profession
3. Identify colleges that provide these courses
4. Gather entrance and eligibility details for these courses
5. Study material for these courses
6. Take up online study material
7. Take professional career counselling help.

Parents can use the lockdown time usefully to research online and shortlist career options. Parental pressure has been the biggest influencer in a child seeking a particular profession. Need to look out for work-from-home career opportunities, since this unprecedented lockdown is now giving rise to a necessity to work from home. Students also need to plan for work-from-home job options. The virtual workplace is possible only when the IT ecosystem is very well established. While connectivity is a prerequisite, other requirements like security, virtual conference rooms, and chat rooms are a must. It also takes a culture of self-discipline to make remote working possible. Online learning could become a major trend as schools and colleges have taken up online classes during the Covid-19 lockdown. On the other hand, there will always be jobs that require physical presence and remote working is not possible. Manufacturing will always need a presence on the shop floor.

Remote working, however, will not need any specific training. Once a student picks a profession, the job will dictate whether remote work is possible or not.

Every kind of job option is not suitable for work-from-home options - students need to keep that in mind considering the difficult times we are in now.

The Coronavirus pandemic raging the world is putting a serious strain on jobs that cannot be done from home as various countries have initiated lockdown procedures to contain the spread of Covid-19.

Kerala Higher secondary Education department has credibly undertook its responsibility through dual functioning as Career guidance and Counselling to its Stakeholders-students, parents, teachers, administrators and student service personnels, for the last three decades. To say, privilege is given me to associate with the programme of Career Guidance and Adolescent Counselling Cell. Covid 19 not prevented but changed functioning through webinars in career guidance and adolescent counselling , and "Oppam",the 24X7 online counselling programme to stress release to the lockdown students.

## THIRUVANANTHAPURAM






തിരുവനന്തപുരം ജില്ലാ കമ്മിറ്റി നടത്തിയ സാമൂഹ്യ പ്രതിബദ്ധതാ പരിപാടി ശ്രീ M വിൻസൻറ് MLA, ശ്രീ V S ശിവകുമാർ MLA എന്നിവർ ഉദ്ഘാടനം ചെയ്യുന്നു.



കെമിക്കൽ എക്സാമിനർ മേധാവി നടത്തിയ കരാർ നിയമനങ്ങൾക്ക് എതിരെ KGOU തിരുവനന്തപുരം ജില്ലാ കമ്മിറ്റി നടത്തിയ പ്രതിഷേധം.




മെഡിക്കൽ ഇൻഷുറൻസ് പദ്ധതി വികലമായി നടപ്പിലാക്കുന്നതിനെതിരെ കെജിഒയു സെക്രട്ടറിയറ്റ് മാർച്ച്.

## KOLLAM




കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന സാമൂഹ്യ പ്രതിബദ്ധത പദ്ധതി പ്രകാരം മൂന്ന് ടെലിവിഷനുകൾ ബഹു കൊല്ലം DCC പ്രസിഡണ്ട് അഡ്വ: ബിന്ദു കൃഷ്ണ വിതരണം ചെയ്തു. കുരീപ്പുഴ കലാരഞ്ജിനി വായനശാല, പനയം ഹരിജൻ കോളനി, തഴവ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലാണ് വിതരണം ചെയ്തത്.




കൊല്ലം ജില്ല കമ്മിറ്റി നടത്തിയ ഭരണഘടനയും ജനാധിപത്യമൂല്യങ്ങളും സെമിനാർ ഡിസിസി വൈസ് പ്രസിഡന്റ് സൂരജ് രവി ഉദ്ഘാടനം ചെയ്യുന്നു.

## PATHANAMTHITTA





പത്തനംതിട്ട ജില്ലയുടെ ഭവന നിർമ്മാണ പദ്ധതി തറക്കല്ലിടലും താക്കോൽദാനവും.

## ALAPPUZHA




മെഡിസെപ് വികലമായി നടപ്പിലാക്കുന്നതിനെതിരെ ആലപ്പുഴ ജില്ലാ കമ്മിറ്റി നടത്തിയ പ്രതിഷേധ കൂട്ടായ്മ.



ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആറാട്ടുപുഴ യിൽ ഓൺലൈൻ പഠനത്തിന് ടിവി വിതരണം ഗ്രാമപ ഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എസ്. അജിത ഉദ്ഘാടനം ചെയ്തു.

## KOTTAYAM



കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ കോട്ടയം ജില്ലാ കമ്മിറ്റി സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ആവശ്യ വസ്തുക്കളും പച്ചക്കറിയും മാസ്കും അടങ്ങുന്ന കിറ്റുകളു ടെ വിതരണോൽഘാടനം നാഗമ്പടത്തു ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ നിർവഹിക്കുന്നു. മോൻസി പി അലക്സാണ്ടർ, ബി ഗോപകുമാർ, ജില്ലാ പ്രസിഡന്റ് എസ്.ബിനോജ്, ധനലക്ഷ്മി എന്നിവർ സമീപം.



സർവീസിൽ നിന്നും റിട്ടയർ ചെയ്യുന്ന കേരള ഗസറ്റഡ് ഓഫീ സേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടറിയും കോട്ടയം ഡെപ്യൂട്ടി കളക്ടറുമായ മോൻസി പി അലക്സാണ്ടറെ കെ ജി ഒ യു കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തി ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആദരിക്കുന്നു. മുൻസി പ്പൽ ചെയർമാൻ സോനാ, ബി ഗോപകുമാർ, ജില്ലാ പ്ര സിഡന്റ് എസ്.ബിനോജ്, ധനലക്ഷ്മി എന്നിവർ സമീപം.

## IDUKKI



34-ാം ഇടുക്കി ജില്ലാ സമ്മേളനം അഡ്വ. ഡീൻ കുര്യാക്കോസ് എം.പി. ഉദ്ഘാടനം ചെയ്യുന്നു.



ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ ഇടുക്കി ജില്ലാ കമ്മിറ്റി നൽകുന്ന ടിവി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാജേശ്വരി രാജനിൽ നിന്നും മലവർഗ്ഗ മഹാജന സംഘം സെക്രട്ടറി ശ്രീ. സജി ഏറ്റുവാങ്ങുന്നു.

## ERANAKULAM



കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ എറണാകുളം ജില്ലാ കമ്മിറ്റിയും കാനഡ ലണ്ടൻ കളിക്കൂട്ടം കൾച്ചറൽ ക്ലബ്ബും ചേർന്നു നടത്തിയ താരാട്ട് പദ്ധതി രണ്ടാംഘട്ടം പ്രളയ ദുരന്തത്തിൽ പെട്ട എറണാകുളം ജില്ലയിലെ ചാലാക്ക ഗവൺമെൻറ് സ്കൂൾ ലൈബ്രറി പുനരുദ്ധാരണം ബഹു. മുൻ കേന്ദ്രമന്ത്രി പ്രൊഫസർ കെ വി തോമസ് ഉദ്ഘാടനം ചെയ്തു.




കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ എറണാകുളം ജില്ലാ കമ്മിറ്റി കോവിഡ് 19 മൂലം ദുരിതമനുഭവിക്കുന്നവർക്കായി നടത്തുന്ന ഭക്ഷ്യ കിറ്റ് വിതരണം. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ജയൻ കിറ്റുകൾ ഏറ്റുവാങ്ങുന്നു.

## THRISSUR




കെ.ജി.ഒ.യു. തൃശൂർ ജില്ലാ കമ്മിറ്റി പ്രതിഷേധ സമരം.



തൃശ്ശൂർ മെഡിക്കൽ കോളേജിലെ കോവിഡ് വാർഡിലെ രോഗികൾക്ക് KGOU ടിവി നൽകി.

## PALAKKAD



മെഡിസെപ്പ് ധർണ്ണ: മുഖ്യപ്രഭാഷണം കെ.സി. സുബ്രഹ്മണ്യൻ സംസ്ഥാന വൈസ് പ്രസിഡന്റ്.



അമ്പംകുന്ന് കാഞ്ഞിരംചെട്ടിപള്ളിയാൽ അങ്കണവാടികൾക്ക് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ ജില്ലാ കമ്മറ്റി ടെലിവിഷൻ സെറ്റുകൾ കൈമാറുന്നു.

## MALAPPURAM




മെഡിസെപ് വികലമായി നടപ്പിലാക്കുന്നതിനെതിരെ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സിവിൽ സ്റ്റേഷനിൽ നടന്ന പ്രതിഷേധ പ്രകടനം.




ഇന്ത്യൻ ഭരണഘടനയും ജനാധിപത്യമൂല്യങ്ങളും സെമിനാർ മുൻ ഊർജ്ജവകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു.

## KOZHIKODE



കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് കെജിഒയു ജില്ലാ കമ്മിറ്റി മുഖാവരണങ്ങൾ നൽകി. ആദ്യഘട്ടത്തിൽ രണ്ടായിരം ട്രിപ്പിൾ ലെയർ മാസ്കുകൾ ജില്ലാ പ്രസിഡന്റ് യു.എസ്. ജിജിത്ത് കോഴിക്കോട് ജില്ലാ കലക്ടർക്ക് കൈമാറി.



കെജിഒയു ജില്ലാ കമ്മിറ്റിയുടെ കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സിറ്റി പോലീസ് കമ്മീഷണർ എ.വി. ജോർജിന് ജില്ലാ പ്രസിഡന്റ് ഡോ. യു.എസ്. ജിജിത്ത് മാസ്കുകൾ കൈമാറുന്നു. ജില്ലാ സെക്രട്ടി കെ.പി. രാജൻ, വൈസ് പ്രസിഡന്റ് അസ്മതുല്ല ഖാൻ, എം.കെ. ഗോപാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

## WAYANAD



കോണിച്ചിറ: കെജിഒയു ജില്ലാകമ്മിറ്റി പൂതാടി പഞ്ചായത്തിലെ പാടിയമ്പം കോളിനി വിദ്യാർഥികൾക്കായി ടിവിയും ഡിഷും വാർഷിക വരിസംഖ്യയും നൽകി. ജില്ലാ പ്രസിഡന്റ് ബെൻസി ജോസഫ് ടിവി കൈമാറി. പി.എം. സുധാകരൻ സംസാരിച്ചു.



സുൽത്താൻ ബത്തേരി: മുനിസിപ്പാലിറ്റിയിലെ കല്ലുവയൽ അംഗൻവാടിയിൽ കെജിഒയു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി ടെലിവിഷൻ സമ്മാനിച്ചു. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. വിതരണം നിർവ്വഹിച്ചു.

## KANNUR



കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ സാമൂഹ്യക്ഷേമ പദ്ധതിയായ സ്പർശത്തിന്റെ ഭാഗമായി കോവിഡ് 19 കാലഘട്ടത്തിൽ ജീവൻ രക്ഷാ മരുന്ന് വിതരണം ഡി.സി.സി പ്രസിഡണ്ട് ശ്രീ. സതീശൻ പാച്ചേനിയുടെ സാന്നിദ്ധ്യത്തിൽ ബഹു. കണ്ണൂർ എം.പി ശ്രീ. കെ.സുധാകരൻ നിർവഹിക്കുന്നു.



കോവിഡ് ദുരിത നിവാരണത്തിന്റെ ഭാഗമായി തലശ്ശേരി മേഖലയിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കായി ഭക്ഷ്യ കിറ്റ് വിതരണത്തിനുള്ള കെ.ജി.ഒ.യു നൽകുന്ന സഹായധനം ജില്ലാ പ്രസിഡണ്ട് ശ്രീ സി. ഉണ്ണികൃഷ്ണൻ തലശ്ശേരി നഗരസഭയിലെ കോൺഗ്രസ്സ് കൗൺസിലറായ ശ്രീമതി എ.വി. ശൈലജയ്ക്ക് കൈമാറുന്നു.

## KASARAGODE



കാസർകോട്: കെജിഒയു പതാകദിനം ആചരിച്ചു. പ്രസിഡന്റ് ഡോ. പി.എം. ജോസഫ് പതാകഉയർത്തി. ജില്ലാസെക്രട്ടറി ബി.മൈലാനായ്ക്, പി.കെ. മുരളീകൃഷ്ണൻ, ഡോ. ടിറ്റോ ജോസഫ്, ബിജു വൈദ്യൻ, ജയപ്രകാശ്, സുമതി എന്നിവർ സംസാരിച്ചു.



KGOU കാസറഗോഡ് ജില്ലയിൽ ഭക്ഷ്യധാന്യ - പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു. വിതരണം KGOU സംസ്ഥാന വൈസ്പ്രസിഡന്റ് ശ്രീ വി എം ശ്രീകാന്ത് ഉദ്ഘാടനം ചെയ്തു.

GOVERNMENT OF KERALA

## ധനകാര്യ (ലോൺസ്) വകുപ്പ്

## പരിപത്രം

നം. 34/2020/ധന                                    തീയതി,തിരുവനന്തപുരം,12/06/2020

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പൂർവ്വകാലാനുമതി നൽകുന്ന കേസുകളിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച് .

സൂചന:- സർക്കുലർ നം:24623/ജി2/2012/ആ.കു.വ തീയതി 11.07.2012.

സർക്കാർ ജീവനക്കാർക്ക് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവാകുന്ന തുക ടി വകുപ്പ് പരിശോധിച്ച് പ്രതിപൂരണം ചെയ്ത് നൽകി വരുന്നുണ്ട്. എന്നാൽ സൂചന പ്രകാരം സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പൂർവ്വകാലാനുമതി നൽകുന്ന കേസുകളിൽ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ആയത് പരിഗണിച്ച് വന്നിരുന്നു. എന്നാൽ നിലവിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ ചികിത്സാ തുക പ്രതിപൂരണം ചെയ്തു നൽകുന്നത് പരിഗണനാർഹമല്ല.

**യമുന.വി**
ധനകാര്യ അഡീഷണൽ സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകൾക്കും, സെക്ഷനിലേക്കും
നിയമവകുപ്പിലേക്ക്
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
രജിസ്ട്രാർ, ബഹു. കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കേരള/എം.ജി/കൊച്ചി/കോഴിക്കോട്/കണ്ണൂർ

GCPT. 4/2098/2019/1,00,000/S-18.






















# SILVAN
## — TILES GALLERY —

VALANCHERY, PUTHANATHANI
EDAVANNA, PATTAMBI, PALAKKAD & ALUVA
+91 907 237 9999, 9605 900 777

KOHLER | QUTONE | TOTO | Kriztle | Kerovit | Kajaria | AGL | NITCO | CERA | JOHNSON
FRANKE | FABER | Restile | Simpolo | asarva | RACY | Aris | CENTURY | GEBERIT | GRESTEK

**TILES, MARBLES, GRANITES, SANITARY WARES, CP FITTINGS**

Kajaria *Prima*

INDIA'S NO. 1 TILE COMPANY



new your dream home with us

MARBLE GALLERY

**Ootty Road, CHANDAKUNNU, NILAMBUR**

Ph: 04931 - 226151, 04931 - 226154. E-mail: newmarblegallery@gmail.com




Lamit®

**Corporate Office:** VBC Tower, Rajeev Gandhi Bypass Road, Manjeri, Malappuram Dt., Kerala - 676 121
**0483-2968470** | +91 **8594 000 111**
www.lamitgroup.com